# വിജയിക്കുന്ന വിഭാഗം

*മുഹമ്മദ് അനസ് ജീലാനി കോട്ടക്കൽ*

*സത്യമാർഗ്ഗം പബ്ലിക്കേഷൻസ്*

*ശാഹ് ജീലാനി അസോസിയേഷൻ*

*ജീലാനി ശരീഫ്, കിഴക്കേദേശം, ആലുവ, എറണാകുളം*

# Vijayikkunna Vibagam

(malayalam)

By,Muhammed Anas Jeelani Kottakkal

Published by:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Typing&Layout:

Shah Shareef Jeelani

Cover

Husain K.M. Kasargode

Printing:

4prints offset press, manjeri

Price:

Rs: 60

Copy right:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Ernakulam,683102

# ഗ്രന്ഥകാരൻ

പേര് :മുഹമ്മദ് അനസ് പി

ജനനം :31.01.1993

പിതാവ് :കുഞ്ഞിമരക്കാർ പി

മാതാവ് :കുഞ്ഞീമ

പഠനം :പ്രാഥമിക പഠനത്തിനു ശേഷം ഉന്നത മത-ഭൗതിക കലാലയമായ മഞ്ചേരി അൽമദീന എജ്യുലാന്റിൽ ചേർന്നു. ഇപ്പോൾ അൽ മദീന എജ്യുലാന്റ് വിദ്യാർത്ഥിയാണ്, കാലിക്കറ്റ് സർവ്വകലാശാല ബിരുദ വിദ്യാർത്ഥിയാണ്.

ബൈഅത്ത് :2011 ഒക്ടോബർ 5 ബുധനാഴ്ച, ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി മഹാനവർകളുമായി ബൈഅത്ത് ചെയ്തു.

സഹോദരങ്ങൾ :മുഹമ്മദ് അശ്ഫാഖ്, ഫാത്തിമ തസ്നിയ

വിലാസം :മുഹമ്മദ് അനസ് പി
പാങ്ങാട്ടിൽ ഹൗസ്
പറപ്പൂർ പി.ഒ
കോട്ടക്കൽ, മലപ്പുറം-676503

Contact No : 9946133266

# ആമുഖം

ലോകത്തുള്ള സൃഷ്ടി ജാലങ്ങളിൽ ഉന്നതർ മനുഷ്യനാണെന്ന കാര്യത്തിൽ സംശയമോ സന്ദേഹമോ ഇല്ല. മനുഷ്യനെ ഉന്നതനാക്കിയത് അവന്റെ ശക്തിയോ സൗന്ദര്യമോ അല്ല. മറിച്ച് അവന്റെ ബുദ്ധിശക്തിയും ചിന്താശേഷിയുമാണ്. കാരണം ശക്തിയിലും സൗന്ദര്യത്തിലും അവനെക്കാൾ മികവ് നിൽക്കുന്ന ചേതനവും അചേതനവുമായ പല വസ്തുക്കളും ഈ ലോകത്തുണ്ട്. ബുദ്ധിയും ചിന്തയും ഉള്ളതുകൊണ്ട് തന്നെ അവൻ വിജയിക്കുവാനും ഔന്നത്യങ്ങൾ കീഴടക്കുവാനും ആഗ്രഹിക്കുന്നു. അതിനുവേണ്ട തന്ത്രങ്ങൾ മെനയുന്നു, അദ്ധ്വാനിക്കുന്നു. കൃഷി ചെയ്ത് ജീവിക്കുന്ന വ്യക്തി തന്റെ കൃഷി അഭിവൃദ്ധിപ്പെടാനും വിജയം കൈവരിക്കുവാനും ആഗ്രഹിക്കുന്നു. അതായത് ഒരു വ്യക്തിയും പരാജിതനാവാൻ ആഗ്രഹിക്കുന്നില്ല. പരാജയത്തിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങളിൽ നിരന്തരം മുഴുകുന്നവർ പോലും വിജയം മാത്രമാണ് ആഗ്രഹിക്കുന്നത്.

അപ്രകാരം മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവർ ആ ജീവിതത്തിൽ വിജയം വരിക്കുവാൻ ആഗ്രഹിക്കുന്നു. അതിന് വേണ്ടി ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നു. ഓരോ മാതാനുയായികളും തങ്ങൾ വിശ്വസിക്കുന്ന ആദർശമാണ് സത്യമെന്നും അതാണ് ശാശ്വത വിജയത്തിന് നിദാനമെന്നും അവകാ

ശപ്പെടുന്നു. ക്രിസ്തുമതം വിശ്വസിക്കുന്നവർ ഇരുലോക വിജയത്തിനും സഹായകമാകുന്ന മതം ക്രസ്തു മതമാണെന്ന് വിശ്വസിക്കുന്നു. സിക്ക്മത വിശ്വാസികൾ തങ്ങളുടെ മതമാണ് സത്യമെന്ന് വിശ്വസിക്കുന്നു, പ്രചരിപ്പിക്കുന്നു. ഹൈന്ദവ വിശ്വാസികൾ തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളാണ് മനുഷ്യന്റെ ശാശ്വത വിജയത്തിലേക്ക് നയിക്കുക എന്ന് പഠിപ്പിക്കുന്നു, പ്രചരിപ്പിക്കുന്നു. ഇവിടെയാണ് നിഷ്പക്ഷമതികളായ ആളുകൾ ചിന്തിക്കുവാൻ പ്രേരിതരാവുന്നത്.

ചുരുക്കത്തിൽ ഓരോ ദർശനങ്ങളും തങ്ങളുടെ വക്താക്കളാണ് സത്യത്തിന്റെയാളുകൾ എന്ന് വാദിക്കുമ്പോൾ നിഷ്പക്ഷമതികളും നിഷ്കളങ്കരുമായ സാധാരണക്കാർ ഈ ദർശനങ്ങളിൽ, ഈ പ്രസ്ഥാനങ്ങളിൽ ഏതിനെ അനുവാധനം ചെയ്യണമെന്നറിയാതെ ആശയകുഴപ്പത്തിലാകുന്നു.

ഇത്തരമൊരു ഘട്ടത്തിൽ ഈ കൃതി നിഷ്പക്ഷമതികളായ വായനക്കാർക്ക് വഴികാട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതൊരു സൽപ്രവർത്തനമായി സ്വീകരിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

# ഇസ്‌ലാം

1400 വർഷങ്ങൾക്ക് മുമ്പ് പ്രവാചകൻ മുഹമ്മദ്(സ)യിലൂടെ പൂർത്തീകരിക്കപ്പെട്ട മതമാണ് ഇസ്‌ലാം. മനുഷ്യരാശിക്കാകമാനം നിയോഗിക്കപ്പെട്ട ദൈവദൂതരാണ് സയ്യിദുനാ മുഹമ്മദ് (സ). ലോക ജനത സൃഷ്ടാവിനെ മറന്ന് മഹാപാപങ്ങളിൽ മുഴുകിപ്പോകുമ്പോൾ സൃഷ്ടാവായ അല്ലാഹു തന്റെ അടിമകളെ നേർവഴിയിൽ നയിക്കുന്നതിനുവേണ്ടി, തെരഞ്ഞെടുക്കപ്പെട്ട ഉത്തമ ദൂതന്മാരെ നിയോഗിക്കുന്നു. ഇപ്രകാരം പല നാടുകളിലേക്കും സമുദായങ്ങളിലേക്കും വഴികാട്ടികളും പരിഷ്കർത്താക്കളുമായി പ്രത്യേക ദൂതന്മാർ അയക്കപ്പെട്ടിട്ടുണ്ട്. അവസാനമായി ലോകത്താകെ പാപങ്ങളും ദുഷ്കൃത്യങ്ങളും നിറഞ്ഞ്, സകല വൃത്തികേടുകളും ജീവിത ചര്യയായി സ്വീകരിക്കപ്പെട്ടപ്പോൾ ലോകമാകെ സമുദ്ധരിക്കുന്നതിനുള്ള ദൈവദൂതനായി, അന്ത്യ പ്രവാചകനായി, അല്ലാഹു തആല സയ്യിദുനാ മുഹമ്മദ് മുസ്ത്വഫ(സ)യെ നിയോഗിച്ചയച്ചു.

ലോക ജനതക്കായി തിരുനബി(സ) സുവ്യക്തമായ മാതൃകാ ജീവിതം നയിച്ചു കാണിച്ചു. മനുഷ്യന്റെ കൈകടത്തുലുകൾക്ക് വിധേയമാകാത്തതും, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അ

തിജയിക്കാൻ കരുത്തുള്ളതുമായ സമ്പൂർണ്ണ സത്യവേദം (വിശുദ്ധ ഖുർആൻ) തിരുമേനി(സ)യിലൂടെ അല്ലാഹു ഇറക്കി.

പരിശുദ്ധ ഇസ്‌ലാം മാനവലോകത്തോട് വിളിച്ചു പറയുന്നത് ഇസ്‌ലാം മാത്രമാണ് സത്യം എന്ന വസ്തുതയാണ്. ഇതര മതങ്ങളെപ്പോലെയുള്ള ഒരു അവകാശവാദമല്ല ഇത്. മറിച്ച് യുക്തിഭദ്രമായ ഒട്ടനേകം തെളിവുകളെ മുൻനിർത്തിയാണ് അക്കാര്യം പ്രഖ്യാപിച്ചത്.

പരിശുദ്ധ ഖുർആനിൽ പറയുന്നത് ഇങ്ങനെയാണ്: إن الدين عند الله الاسلام അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യയോഗ്യമായ മതം ഇസ്‌ലാം മാത്രമാണ്. ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തി ഇസ്‌ലാം അവസാനിപ്പിച്ചില്ല. ചിന്താശേഷിയുള്ള മനുഷ്യന് മനസ്സിലാകുന്ന വിധത്തിൽ ധാരളം ദൃഷ്ടാന്തങ്ങളിലേക്ക് അത് സൂചന നൽകി. നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ഇസ്‌ലാം അവതരിപ്പിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ബോധ്യപ്പെടുന്ന രീതിയിൽ നിരവധി വസ്തുതകളിലേക്ക് ഖുർആൻ വെളിച്ചം വീശുന്നു. അതുലുപരി ഇതെല്ലാം ദൈവികമാണെന്ന് സംശയങ്ങൾക്ക് ഇടനൽകാതെ അത് പ്രഖ്യാപിക്കുന്നു. ആ വസ്തുത അംഗീകരിക്കാത്തവരെ വിശുദ്ധ ഖുർആൻ വെല്ലുവിളിക്കുകയും ചെയ്യുന്നു.

وإن كنتم في ريب مما نزلنا على عبدنا فأتوا بسورة من مثله وادعوا شهداءكم من دون الله إن كنتم صادقين (البقرة -32)

'നമ്മുടെ ദാസന് നാം ഇറക്കിക്കൊടുത്ത ഈ ഗ്രന്ഥത്തെ കുറിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിന് സമാനമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരിൻ. അതിനായി അല്ലാഹു ഒഴിച്ചുള്ള നിങ്ങളുടെ സഹായികളെയും നിങ്ങൾ വിളിച്ച് കൊള്ളുവിൻ. നിങ്ങൾ സത്യവാന്മാരാണെങ്കിൽ.'

പ്രസ്തുത വചനത്തിലൂടെ ഇസ്‌ലാമിന്റെ ആധികാരികത ചിന്താശേഷിയുള്ള ഏതൊരാൾക്കും ബോദ്ധ്യമാകും. ഈ ഖുർആനിക വചനം ഇന്നും ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. പല പ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തിച്ചെങ്കിലും അവക്കൊന്നും തന്നെ ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. അത്തരം പ്രസ്ഥാനങ്ങളെല്ലാം തങ്ങളുടെ ആശയമാണ് സത്യമെന്ന് സ്ഥാപിക്കുവാൻ ഇതര പ്രസ്ഥാനങ്ങളെ കടന്നാക്രമിച്ചിരുന്നു. അതിന്റെ ഭാഗമായി ഇസ്‌ലാമിലെ ചില ആശയങ്ങൾ ഉപയോഗിച്ച് സമൂഹത്തിൽ തെറ്റായ ധാരണ പരത്തുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ ഇസ്‌ലാമിന്റെ ആധികാരിക ഗ്രന്ഥമായ ഖുർആനിന്റെ ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ ഒരു പ്രസ്ഥാനവും, ഒരു വ്യക്തിയും മുന്നോട്ട്  വന്നില്ലെന്നത് പ്രസ്താവ യോഗ്യമാണ്. ഇക്കാരണങ്ങൾ കൊണ്ട് തന്നെ ഇസ്‌ലാം സത്യമതമാണെന്ന് കാര്യങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കുന്ന ഏതൊരാൾക്കും ബോദ്ധ്യമാവും. അതായത് ഇസ്‌ലാം മാത്രമാണ് വിജയത്തിലേക്കുള്ള മാർഗ്ഗമെന്നും മറ്റു പ്രസ്ഥാനങ്ങൾ മിഥ്യയാണെന്നും സുവ്യക്തമായി ബോദ്ധ്യപ്പെടും.

ഇസ്‌ലാം സമ്പൂർണ്ണമായ മതമാണ്. ഇരു ലോകത്തും വിജയിക്കുവാനുള്ള മാർഗ്ഗങ്ങൾ ഇസ്‌ലാം സവിസ്തരം പ്രതിപാദിക്കുന്നു. ഇതര മതങ്ങളിൽ നിന്നും, ദർശനങ്ങളിൽ നിന്നും വിഭിന്നമായി ഇസ്‌ലാം മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട നിഖില മേഖലകളെ കുറിച്ചും വ്യക്തമായി പരാമർശിക്കുന്നു. ഭൗതികമായ ലക്ഷ്യങ്ങൾ മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന ആധുനിക ചിന്താ പ്രസ്ഥാനത്തിൽ നിന്നും അത് വിഭിന്നമാണ്. ആത്മീയ കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവ്രർത്തിക്കുന്ന സന്യാസി മതത്തിൽ നിന്നും അത് വേർതിരിഞ്ഞു നിൽക്കുന്നു. എന്നാൽ സമ്പൂ ർണ്ണമായ ഈ ദീനിനെ വിശദീകരിക്കുന്നതിൽ അതിന്റെ വാക്താക്കളെന്ന് അവകാശപ്പെടുന്നവർക്ക് പോലും പിഴവ് സംഭവിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷവും തങ്ങൾ പിന്താങ്ങുന്ന ആശയങ്ങളെ സമർത്ഥിക്കുവാൻ ഇസ്‌ലാമിനെ പാർശ്വവൽക്കരിച്ച് വിശദീകരണം നൽകുന്നു. യഥാർത്ഥ വിജയികൾ ആരെന്നറിയാനുള്ള ഈ അന്വേഷണത്തിൽ വിജയ വീഥിയായ ദീനിന്റെ സമ്പൂർണ്ണത മനസ്സിലാക്കൽ അത്യാവശ്യമാണ്. യഥാർത്ഥത്തിൽ എന്താണ് ദീൻ എന്ന് വിവരിക്കുന്ന ‘ഹദീസ് ജിബ്‌രീൽ’ എന്ന പേരിൽ അറിയപ്പെട്ട സുപ്രസിദ്ധ ഹദീസ് ഇങ്ങനെ വായിക്കാം.

عن عمر بن الخطاب رضي الله عنه قال بينما نحن عند رسول الله صلى الله عليه و سلم ذات يوم إذ طلع علينا رجل شديد بياض الثياب شديد سواد الشعر لا يرى عليه أثر السفر ولا يعرفه منا أحد حتى جلس إلى نبي الله صلى الله عليه و سلم وأستند ركبته إلى ركبته ووضع كفيه على فخذيه و قال يا محمد أخبرني عن الإسلام فقال رسول الله صلى الله عليه و سلم الاسلام أن تشهد أن لا إله إلا الله وأن محمدا رسول الله وتقيم الصلاة وتؤتي الزكاة

وتصوم رمضان وتحج البيت ان استطعت إليه سبيلا قال صدقت قال فعجبنا له يسأله ويصدقه قال فأخبرني عن الإيمان قال أن تؤمن بالله وملائكته وكتبه ورسله واليوم الآخر وتؤمن بالقدر خيره وشره قال صدقت قال أخبرني عن الإحسان قال أن تعبد الله كأنك تراه فإن لم تكن تراه فإنه يراك قال فأخبرني عن الساعة قال ما المسئول عنها بأعلم بها من السائل(مسلم)

ഒരു ദിനം ഞങ്ങൾ പ്രവാചക സന്നിധിയിൽ ഇരിക്കുകയാ യിരുന്നു. അന്നേരം കറുകറുത്ത മുടിയുള്ള വെളുത്ത വസ്ത്രധാ രിയായ ഒരു യുവാവ് ആഗതനായി. യാത്രയുടെ യാതൊരു അട യാളവും അദ്ദേഹത്തിൽ കാണപ്പെട്ടില്ല. ഞങ്ങൾക്കാർക്കും അദ്ദേ ഹത്തെ മനസ്സിലാക്കാനുമായില്ല. ആഗതൻ പ്രവാചകന്റെ(സ)യടു ക്കൽവന്ന് തന്റെ മുട്ടുകാൽ പ്രവാചകന്റെ മുട്ട് കാലിനോട് ചേർ ത്ത് വെച്ചു. തന്റെ കൈകൾ തുടകൾക്ക് മുകളിലായും വെച്ചു. അ തിന് ശേഷം ആഗതൻ തിരുമേനി(സ)യോട് ചോദിച്ചു: ‘‘യാ മുഹ മ്മദ്, എന്താണ് ഇസ്ലാമെന്ന് എനിക്ക് പറഞ്ഞു തരിക’’. തിരുമേ നി(സ) പറഞ്ഞു: ‘‘അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹ മ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹി ക്കുക, നിസ്കാരം നില നിർത്തുക, സകാത്ത് കൊടുത്തു വീട്ടുക, റമളാനിൽ നോമ്പനുഷ്ഠിക്കുക, കഴിവുള്ളവൻ ഹജ്ജ് നിർവ്വഹി ക്കുക’’.

ഇത് കേട്ടപ്പോൾ ആഗതൻ പറഞ്ഞു: ‘‘താങ്കൾ സത്യം പറഞ്ഞിരിക്കുന്നു’’. (ഉമർ(റ) പറയുന്നു: ‘‘ആഗതന്റെ ഈ മറുപടി കേട്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. അദ്ദേഹം ചോദിക്കുന്നു; അദ്ദേഹം

തന്നെ അത് സത്യമാക്കുകയും ചെയ്യുന്നു”). വീണ്ടും ആഗതൻ പറഞ്ഞു: “എന്താണ് ഈമാൻ എന്ന് എനിക്ക് പറഞ്ഞ് തരിക”. പ്രവാചകർ(സ) പറഞ്ഞു: “അല്ലാഹുവിലും അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും അന്ത്യനാളിലും, ഖദ്റിലും വിശ്വസിക്കലാണ് ഈമാൻ”. ആഗതൻ പ്രതിവചിച്ചു: “താങ്കൾ സത്യം പറഞ്ഞിരിക്കുന്നു”. ആഗതൻ വീണ്ടും ചോദിച്ചു: “ഇഹ്സാനെക്കുറിച്ച് എനിക്ക് പറഞ്ഞ് തരിക”. തിരുദൂതർ(സ) പറഞ്ഞു: “നീ അല്ലാഹുവിനെ കാണുന്നത് പോലെ അവനെ ആരാധിക്കലാണ് ഇഹ്സാൻ, നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്”. വീണ്ടും ആഗതൻ ചോദിച്ചു: “അന്ത്യനാളിനെ കുറിച്ച് എനിക്ക് പറഞ്ഞ് തരിക”. തിരുമേനി(സ) പറഞ്ഞു: “ചോദിക്കപ്പെട്ടവർ ചോദിച്ചവനേക്കാൾ അറിവുള്ളവനല്ല”.

മേൽ ഉദ്ധരിച്ച തിരുഹദീസിൽ നിന്നും ഇസ്ലാമും ഈമാനും ഇഹ്സാനും സമ്പൂർണ്ണമായി ഉൾക്കൊള്ളുന്നതാണ് പരിശുദ്ധ ദീൻ എന്ന് സുതരാം വ്യക്തമാവുന്നു. ഇസ്ലാം, ഈമാൻ, ഇഹ്സാൻ എന്നിവകളിൽ ഏതെങ്കിലും ഒന്നിനെ മാറ്റി നിർത്തി വിജയം വരിക്കുവാൻ സാധിക്കുകയില്ല എന്നതും അവിതർക്കിതമായ വസ്തുതയായി നിലകൊള്ളുന്നു.

## വിജയികൾ: ഖുർആൻ പറയുന്നത്

പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന ഓരോ വിഭാഗവും തങ്ങളാണ് യഥാർതഥ ദീനിന്റെ വക്താക്കളെന്ന് വാദിക്കുന്നു. വിശുദ്ധ ഖുർആനിനെയും തിരുഹദീസിനെയും അടിസ്ഥാനമാക്കി തങ്ങളുടെ പ്രസ്ഥാനത്തിന്റെ ആധികാരികത ഉറപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതര പ്രസ്ഥാനങ്ങളുടെ പോരായ്മകൾ സമൂഹസമക്ഷം സമർപ്പിക്കുവാൻ ഉത്സാഹം കാണിക്കുന്നു.

ഇത്തരമൊരു സങ്കുചിത സാഹചര്യത്തിൽ ബുദ്ധി പ്രസ്ഥാനങ്ങൾക്ക് പണയം വെക്കാത്ത പൊതുജനങ്ങൾ ഏത് പ്രസ്ഥാനത്തെ അനുധാവനം ചെയ്യണമെന്ന വിഷയത്തിൽ ആശയക്കുഴപ്പത്തിലാകുമെന്നത് തീർച്ചയാണ്. തത്ഫലമായി അവർക്ക് യഥാർത്ഥ വഴി സ്വീകരിക്കുവാൻ കഴിയാതെ പോകുന്നു.

എന്നാൽ പ്രാസ്ഥാനിക പക്ഷപാതിത്വമുള്ളവർ തങ്ങൾ പിന്താങ്ങുന്ന പ്രസ്ഥാനമൊഴികെയുള്ളവർ പറയുന്നതും പ്രചരിപ്പിക്കുന്നതുമായ ആശയങ്ങളഖിലം മിഥ്യയും, മാറ്റിനിർത്തപ്പെടേണ്ടതാണെന്നും വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ ഫലമോ, അവരും സൽപാന്ഥാവിൽനിന്ന് അകലം പാലിച്ചവരായി മാറുന്നു.

ഈ സന്ദർഭത്തിൽ വിശുദ്ധ ഖുർആനിനെയും തിരുഹദീസിനെയും നിഷ്പക്ഷമായി സമീപിക്കലാണ് അഭികാമ്യം.

ഖുർആൻ പലയിടങ്ങളിലായി വിജയികളെകുറിച്ചും അവരുടെ വിജയ കാരണങ്ങളെകുറിച്ചും പ്രതിപാദിക്കുന്നു. വിശുദ്ധ ഖുർആൻ“അവരാണ് വിജയികൾ”എന്ന് സുവ്യക്തമായി പറഞ്ഞ ചില സൂക്തങ്ങളിലൂടെ...

الذين يؤمنون بالغيب ويقيمون الصلاة ومما رزقناهم ينفقون. والَّذِينَ يُؤْمِنُونَ بِمَا أُنزِلَ إِلَيْكَ وَمَا أُنزِلَ مِن قَبْلِكَ وَبِالآخِرَةِ هُمْ يُوقِنُونَ. أولئك على هدى من ربهم وأولئك هم المفلحون

‘അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും നിസ്കാരം മുറപ്രകാരം നിർവ്വഹിക്കുകയും നാം നൽകിയ സമ്പത്തിൽ നിന്ന് ചിലവഴിക്കുകയും നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരാണത്രെ അവർ. അവരുടെ നാഥൻ കാണിച്ച നേർവഴിയാലാകുന്നു അവർ. അവർ തന്നെയാണ് വിജയികൾ.’

واتقوا الله لعلكم تفلحون

‘നിങ്ങൾ തഖ്‌വാ ചെയ്യുക. നിങ്ങൾ വിജയികളാകാൻ വേണ്ടി.’

يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ

‘സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗ്ഗം തേടുകയും, അവന്റെ മാർഗ്ഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്യുക. നിങ്ങൾ വിജയികളാകാൻ വേണ്ടി.’

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنصَابُ وَالأَزْلاَمُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ

വിശ്വസിച്ചവരേ... മദ്യം, ചൂതാട്ടം, വിഗ്രഹങ്ങൾ, പ്രശ്നം വെക്കാനുള്ള ഉപകരണങ്ങൾ ഇവ നിഷിദ്ധവും പിശാചിന്റെ പ്രവൃത്തികളിൽപ്പെട്ടതുമാണ്. അവയെ നിങ്ങൾ വർജ്ജിക്കുക. നിങ്ങൾ വിജയികളാകാൻ വേണ്ടി.

قَدْ أَفْلَحَ الْمُؤْمِنُونَ. الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ. وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ. وَالَّذِينَ هُمْ لِلزَّكَاةِ فَاعِلُونَ. وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ. إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ.

തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരും അനാവശ്യ കാര്യത്തിൽ നിന്ന് തിരിഞ്ഞുകളയുന്നവരും സക്കാത്ത് നിർവ്വഹിക്കുന്നവരുമായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ ഭാര്യമാരുമായോ തങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധം ഒഴികെ തങ്ങളുടെ ഗുഹ്യ അവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമാണവർ. അപ്പോൾ അവർ അക്ഷേപാർഹരല്ല.

قَدْ أَفْلَحَ مَنْ زَكَّاهَا. وَقَدْ خَابَ مَنْ دَسَّاهَا.

തീർച്ചയായും അതിനെ (ആത്മാവിനെ) പരിശുദ്ധമാക്കിയവർ വിജയിച്ചു. അതിനെ കളങ്കപ്പെടുത്തിയവർ തീർച്ചയായും പരാജയപ്പെട്ടു.

ഉപര്യുക്ത സൂക്തങ്ങളിൽ നിന്നും വിജയമാർഗ്ഗം ഏതാണെന്നത് വ്യക്തമാണ്. മൂന്ന് കാര്യങ്ങളാണ് വിജയത്തിന്റെ ഘടകങ്ങളായി ഖുർആൻ പരിചയപ്പെടുത്തുന്നത്. ‘വിശ്വാസം, കർമ്മം, ആത്മാർത്ഥത’ വിശ്വാസത്തെയും കർമ്മത്തെയും കുറ്റമറ്റതാക്കാനുള്ള മാർഗ്ഗമാണ് മൂന്നാമത്തെ ഘടകമായ ആത്മാർത്ഥത. അതായത് ഏതെങ്കിലും ഒരു കർമ്മത്തെ മാറ്റിനിർത്തിയാൽ വിജയം സാധ്യമല്ലെന്ന് ചുരുക്കം. ചുരുക്കത്തിൽ കേവലമായ കർമ്മം കൊണ്ടോ, വിശ്വാസം കൊണ്ടോ വിജയം വരിക്കുവാൻ സാധ്യമല്ല. അതിലുപരി ആത്മാർത്ഥരഹിതമായ പ്രവർത്തനം പരാജയത്തിലേക്കാണ് നയിക്കുക. കർമ്മത്തിൽ ആത്മാർത്ഥതയില്ലാതെ പരാജിതരാവുന്ന നിസ്കാരക്കാരെയും നോമ്പുകാരെയും കുറിച്ച് പരിശുദ്ധ നബി(സ) പറഞ്ഞിട്ടുണ്ട് താനും.

## പരിശുദ്ധ ഇസ്‌ലാമിലെ വിഭാഗീയത

പ്രവാചക വിയോഗാനന്തരം മുസ്‌ലിം സമുദായത്തിലുണ്ടാകുന്ന വിഭാഗീയതയെ കുറിച്ച് പ്രവാചക തിരുമേനി(സ) കാലേക്കൂട്ടി പ്രവചിച്ചിട്ടുണ്ട്. തിരുമേനി(സ)യുടെ വിയോഗം വരെ വിഭാഗീയതയോ, പ്രശ്നങ്ങളോ അഭിപ്രായ വ്യത്യാസങ്ങളോ അപകടകരമായ രീതിയിൽ വളർന്നില്ല. വല്ല പ്രശ്നങ്ങളും ഉടലെടുത്താൽ തന്നെ പ്രവാചക സന്നിധിയിൽ എത്തുന്നതോടെ അത് പരിഹരിക്കപ്പെട്ടിരുന്നു. എന്നാൽ തിരുമേനിയുടെ വിയോഗത്തോടെ പല പ്രശ്നങ്ങളും ഉടലെടുത്തു. തൽഫലമായി മുസ്‌ലിം സമുദായം പല വിഭാഗങ്ങളായി പിരിഞ്ഞു. ഇസ്‌ലാമിന്റെ അടിസ്ഥാനാശയങ്ങൾക്ക് വിരുദ്ധമായ പല പ്രസ്ഥാനങ്ങൾക്കും സമൂഹത്തിൽ വ്യാപകമായ വേരോട്ടം ലഭിച്ചു.

പിളർപ്പിനെകുറിച്ചുള്ള പ്രവാചക തിരുമേനി(സ)യുടെ പ്രസിദ്ധമായ ഹദീസ്.

قال رسول الله صلى الله عليه وسلم : ليأتين على أمتي ما أتى على بني إسرائيل
تفرق بنو إسرائيل على اثنتين وسبعين ملة، وستفترق أمتي على ثلاث وسبعين ملة، تزيد

عليهم ملة، كلهم في النار إلا ملة واحدة، قالوا يا رسول الله من الملة الواحدة التي تنقلب قال: ما أنا عليه وأصحابي

പ്രവാചകൻ(സ)പറഞ്ഞു: എന്റെ സമുദായത്തിന് ബനൂ ഇസ്രാഈൽ സന്തതികൾക്ക് സംഭവിച്ചത് പോലെ സംഭവിക്കും. ബനൂ ഇസ്രാഈൽ സന്തതികൾ 72 വിഭാഗമായി വിഭജിക്കപ്പെട്ടു. എന്റെ സമുദായ 73 വിഭാഗമാവും. വിഭാഗങ്ങളുടെ കാര്യത്തിൽ എന്റെ സമുദായം അവരെ അതിജയിക്കും. അതിൽ നിന്ന് ഒരു വിഭാഗമല്ലാത്തത് മുഴുവൻ നരകത്തിൽ പ്രവേശിക്കും. ഇത് കേട്ട സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ ആരാണ് നരകത്തിൽ നിന്നും മോചിതരാകുന്ന ആ വിഭാഗം'. പ്രവാചകൻ(സ) പറഞ്ഞു: 'ഞാനും എന്റെ അനുയായികളും സഞ്ചരിച്ച വഴിയിൽ സഞ്ചരിക്കുന്നവർ'.

വിശുദ്ധമായ ഈ ഹദീസിൽ നിന്നും വിജയമാർഗ്ഗം പുൽകുന്നവർ ആരാണെന്ന് സുതരാം വ്യക്തമാവുന്നു. 73 വിഭാഗങ്ങളിൽ ما أنا عليه وأصحابي , ഞാനും എന്റെ സച്ചരിതരായ സ്വഹാബാ കിറാമും സഞ്ചരിച്ച വഴി മാത്രമാണ് വിജയമാർഗ്ഗം എന്നു സാരം.

## ഇസ്‌ലാമിലെ അവാന്തര വിഭാഗങ്ങൾ

പ്രവാചകന്റെ പ്രവചനം അന്വർത്ഥമാക്കുന്ന രീതിയിലായിരുന്നു പ്രവാചക വിയോഗാനന്തരം സമുദായത്തിന്റെ അവസ്ഥ. ചെറുതും വലുതുമായ അഭിപ്രായാന്തരങ്ങളുടെ ഫലമായി സമുദായം പല വിഭാഗങ്ങളായി ഭിന്നിക്കപ്പെട്ടു. 73 വിഭാഗമയി തന്റെ സമുദായം ഭിന്നിക്കുമെന്ന പ്രവാചക പ്രവചനം കാലങ്ങൾക്ക് മുമ്പെ സംഭവിച്ചു. പിന്നീടുണ്ടായ വിഭാഗങ്ങളെല്ലാം പഴയ കാലത്ത് ഉദയം ചെയ്ത ഏന്തെങ്കിലും പ്രസ്ഥാനങ്ങളുടെ ആശയങ്ങൾ ഭാഗികമായോ പൂർണ്ണമായോ കടമെടുത്താണ് രംഗപ്രവേശം ചെയ്തത്.

തിരുഹദീസിൽ പറഞ്ഞ 73 വിഭാഗങ്ങളെ പണ്ഡിതന്മാർ കാലങ്ങൾക്ക് മുമ്പ് എണ്ണിയിട്ടുണ്ട്. “ തൽബീസ് ഇബ്‌ലീസിൽ” ഇബ്നു ജൗസി ഇമാം അടിസ്ഥാന പരമായി 6 വിഭാഗങ്ങളെയും അവയുടെ ഉപശാഖകളായി 72 വിഭാഗങ്ങളെയും, തിരു റസൂൽ വിജയിക്കുന്ന വിഭാഗമായി പ്രഖ്യാപിച്ച അഹ്‌ലു സുന്നത്ത് വൽ-ജമാഅത്തിന്റെ ആശയത്തിൽ ഉറച്ച് നിൽക്കുന്ന ഒരു വിഭാഗത്തെയും വ്യക്തമാക്കുന്നു.

സമുദായത്തിലെ പിഴച്ചുപോയ ചില വിഭാഗങ്ങളെ കുറിച്ച് ഒരു ലഘു പരിചയം:

**ഹറൂരിയ്യ**

ഖവാരിജുകൾ എന്നപേരിലാണ് ഇവർ അറിയപ്പെടുന്നത്. യാഥാർത്ഥ ഇമാമിനെ നിഷേധിച്ച് മുഖ്യധാരയിൽ നിന്ന് പുറത്ത് പോയത് കൊണ്ടാണ് ഇവർക്ക് ഈ പേര് സിദ്ധിച്ചത്. അലി(റ) വിന്റെ ഇമാമത്തിനെ അംഗീകരിക്കുവാൻ ഇവർ കൂട്ടാക്കിയില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുവാൻ വേണ്ടി പുറപ്പെട്ട വരാണെന്ന അർത്ഥത്തിലാണ് അവർ സ്വയം ഖവാരിജുകൾ എന്ന് വിശേഷിപ്പിക്കുന്നത്. കൂഫയുടെ സമീപ പ്രദേശമായ ഹർവ്വ രാഅ് എന്നതിലേക്ക് ചേർത്താണ് ഇവരെ ഹറൂരിയ്യ എന്ന് വിളി ക്കുന്നത്. ഇവരാണ് ആദ്യമായി മുഖ്യധാരയിൽ നിന്ന് വിഘടിച്ച് പോയത്. ഇവർ പിന്നീട് പല വിഭാഗങ്ങളായി പിരിഞ്ഞു. അവർ പല നവീന ആശയങ്ങളും സമൂഹത്തിൽ പ്രചരിപ്പിച്ചു.

**പ്രധാന ആശങ്ങൾ**

1. വൻദോഷം ചെയ്തവർ സത്യ നിഷേധികളാണ്.
2. വൻദോഷം ചെയ്തവരെ വധിക്കൽ അനുവദനീയമാണ്.

**ഖദ്‌രിയ്യ**

മനുഷ്യർക്ക് സ്വയമായി പ്രവർത്തി ചെയ്യുവാൻ കഴിയും. അല്ലാഹു ഒന്നും തന്നെ കണക്കാക്കുന്നില്ല. മനുഷ്യരുടെ പ്രവർ

ത്തനത്തിൽ അല്ലാഹുവിന് യാതൊരു സ്വാധീനവും ഇല്ല.. ഇതാണ് ഇവരുടെ പ്രധാന ആശയങ്ങൾ ഇവർ ലോകത്ത് അറിയപ്പെടുന്നത് മുഅ്തസിലുകൾ എന്ന പേരിലാണ്. മഹാനായ ഹസനുൽ ബസ്വരി(റ)വിന്റെ സദസ്സിൽ നിന്ന് വിട്ട് നിന്നത് കൊണ്ടാണ് ഇവർക്ക് ഈ പേര് ലഭിച്ചത്. മുഖ്യധാരയിൽ നിന്ന് മാറി നിന്നത് കൊണ്ടാണ് ഈ പേര് ലഭിച്ചതെന്നും അഭിപ്രായമുണ്ട്.

**ജുഹ്മിയ്യ**

ജുഹ്മ ഇബ്നു സ്വഫ്വാൻ എന്ന വ്യക്തിയിലേക്ക് ചേർത്താണ് ഈ പേര് അവർക്ക് ലഭിച്ചത്. മനുഷ്യർക്ക് പറയാവുന്ന ഒരു വിശേഷണവും അല്ലാഹുവിനെ കുറിച്ച് പറയുവാൻ പാടില്ല. അത്കൊണ്ട് തന്നെ അല്ലാഹു ഇബ്റാഹിം നബി(അ)യെ ഖലീലായി തിരഞ്ഞെടുത്തിട്ടില്ല. മൂസ നബി(അ) അല്ലാഹുവിനോട് സംസാരിച്ചിട്ടില്ല. ഖുർആനിൽ വന്ന ഇത്തരം പ്രയോഗങ്ങൾ ആലങ്കാരികം മാത്രമാണ്.

ജഹ്മ് എന്ന വ്യക്തി തന്റെ ആശയങ്ങൾ ഖുറാസാനിൽ വ്യാപകമായി പ്രചരിപ്പിച്ചു. ധാരാളം ജനങ്ങൾ അവനെ പിന്തുടരുകയും ചെയ്തു. ഇതിനിടെ മുശ്രിക്കീങ്ങളായ ഒരു വിഭാഗവുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് മനസ്സിലാക്കുവാൻ കഴിയാത്ത അറിവുകളെ നിഷേധിക്കുന്ന വിഭാഗമായിരുന്നു അവർ. ജഹ്മിനോട് ചോദിച്ചു: നീ ആരാധിക്കുന്ന ദൈവത്തെ രുചിച്ചോ, മണത്തോ, അറിയുവാൻ സാധിക്കുമോ?

ജുഹ്മ: ഇല്ല

മുശ്‌രിക്കുകൾ: എന്നാൽ അങ്ങനെ ഒരു വസ്തു ഉണ്ടാകാനിടയില്ല. ഇത് കേട്ടപ്പോൾ ജഹ്മിന് തന്റെ ദൈവത്തിൽ സംശയമായി. സംശയം കാരണം 40 ദിവസം ആരാധന കർമ്മങ്ങൾ ഒന്നും തന്നെ ചെയ്തില്ല. അപ്പോഴേക്കും പിശാച് ജഹ്മിന്റെ ബുദ്ധിയിൽ പല കാര്യങ്ങളും ഇട്ട് കൊടുത്തിരുന്നു. 40 ദിവസത്തിന് ശേഷം ജഹ്മ് പുതിയ ഒരു ആശയവുമായി രംഗത്ത് വന്നു. അവൻ പറഞ്ഞു: ദൈവം ഉണ്ട്, പക്ഷെ അവന് വിശേഷണങ്ങൾ ഒന്നും തന്നെ ഇല്ല. ഇത് കൂടാതെ മറ്റു പല വാദങ്ങളും ജഹ്മ് സമൂഹത്തിൽ പരത്തിയിരുന്നു. അവയിൽ ചിലത് ഇങ്ങനെ:

1. ഖുർആൻ സൃഷ്ടിയാണ്
2. ഖബർ ശിക്ഷ, സ്വിറാത്ത് പാലം, മീസാൻ ഇവയെല്ലാം മിഥ്യയാണ്.
3. പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണുവാൻ സാധിക്കുകയില്ല.

**മുർജിഅ**

കർമ്മങ്ങളൊന്നും ഈമാനിൽപ്പെട്ടതെല്ലന്ന ആശയം പ്രചരിപ്പിക്കുക വഴി കർമ്മങ്ങളെ അവഗണിച്ചത് കൊണ്ടാണ് ഇവർക്ക് ഈ പേര് ലഭിച്ചത്. ഇവർ പല വിഭാഗങ്ങളുണ്ട്.

**റാഫിള്**

അലി(റ) വിന്റെ ഇമാമത്തുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ഒരു പ്രസ്ഥാനമാണിത്. ഇവർക്ക് ഈ പേര് ലഭിക്കുവാൻ 2 കാരണങ്ങളാണ് ചരിത്രകാരന്മാർ പറയുന്നത്.

ഇവർ അബൂബക്കർ, ഉമർ(റ) എന്നിവരുടെ ഖിലാഫത്തിനെ നിഷേധിച്ചു.

സൈദ്ഇബ്നു അലിയ്യുഇബ്നു ഹുസൈൻ ഇബ്നു അലിയ്യു ഇബ്നു അബീത്വാലിബ്(റ) ഹിശാമുബ്നു അബ്ദുൽ മലിക്കിന്റെ സന്നിധിയിൽ ചെന്നു. തന്റെ കൂടെ ഒരുപറ്റം സൈനികരും ഉണ്ടായിരുന്നു. ഹിശാമിന്റെ സന്നിധിയിൽ വെച്ച് തന്റെ സൈന്യം അബൂബക്കർ(റ)വിനെ ആക്ഷേപിച്ചു. ഇത് സൈദ്(റ) തടഞ്ഞു. അന്നേരം സൈന്യത്തിലെ ബഹുഭൂരിപക്ഷവും അദ്ദേഹത്തെ ഉപേക്ഷിച്ചു. സൈദ്(റ) അവരോട് ചോദിച്ചു: ‘നിങ്ങൾ എന്നെ ഉപേക്ഷിച്ചുവോ?’

അവർ പറഞ്ഞു: ‘അതെ ഞങ്ങൾ നിന്നെ ഉപേക്ഷിച്ചിരിക്കുന്നു.’ ഇക്കാരണത്താലാണ് അവർക്ക് ഈ പേര് വന്നത് എന്ന് അഭിപ്രായമുണ്ട്. ഇവരുടെ ആശയം ഇങ്ങിനെ സംഗ്രഹിക്കാം.

അലി(റ)വിന്റെ ഖിലാഫത്ത് സംബന്ധിച്ച് പ്രവാചകൻ (സ) വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രവാചകൻ(സ)യുടെ വഫാത്തിനു ശേഷം സ്വഹാബാക്കൾ അലി(റ)വിനെ ഇമാമായി സ്വീകരിക്കാത്തത് കാരണമായി അവർ പിഴച്ചിരിക്കുന്നു. എന്നാൽ സ്വാഭാവികമായും ഇവിടെ ഒരു ചോദ്യം ഉയർന്നുവരാൻ സാധ്യതയുണ്ട്. അതായത് എന്ത്കൊണ്ട് അലി(റ) തനിക്ക് അവകാശപ്പെട്ട

ഖിലാഫത്ത് ചോദിച്ച്  വാങ്ങിയില്ല? ഇതിനുമുണ്ട് മറുപടി. 'ഭക്ത നായ ഒരു ഇമാമിന് ഇത്തരം സാഹചര്യങ്ങളിൽ ഞാൻ ഇമാമല്ല എന്ന് പറയൽ അനുവദനീയമാണ്'. ചുരുക്കത്തിൽ ഇമാമത്തിന്റെ വിഷയത്തിൽ എല്ലാ സ്വഹാബാക്കൾക്കും പിഴച്ചിരിക്കുന്നു എന്നാ ണവരുടെ വാദം.

ഇവരിൽ തന്നെ പല ആശയങ്ങൾ വെച്ച് പുലർത്തുന്ന വരുണ്ട്. അലി(റ)വിന്റെ ഇമാമത്ത് സ്വീകരിക്കാത്തവർ മുഴക്കെ സത്യനിഷേധികളാണെന്ന് പറയുന്ന കാമിലാക്കൾ ഇവരിലെ തീവ്ര നിലപാടുകാരാണ്. അബൂകാമിലിന്റെ അനുയായികളാണ് ഇവർ.

ഇവരെക്കാൾ ഒരുപടി മുന്നിലാണ് ഇബ്നു സബഇന്റെ അനുയായികളായ സബഇയ്യത്ത്. ഇവർ അലി(റ)വിന് ദിവ്യത്വം കൽപ്പിക്കുന്നു.

**ജുബരിയ്യ**

മുഴുവൻ പ്രവർത്തനവും അല്ലാഹുവിൽ നിന്നാണ്; സൃഷ് ടികൾക്ക് അതിൽ യാതൊരു പങ്കുമില്ല. തുടങ്ങിയ ആശയങ്ങൾ വെച്ച് പുലർത്തുന്നവരാണ് യഥാർത്ഥ ജബരിയ്യാക്കൾ. കുറച്ചു കൂടി മൃദുലമായ നിലപാട് സ്വീകരിക്കുന്ന മറ്റൊരു വിഭാഗക്കാ രുടെ അഭിപ്രായത്തിൽ മനുഷ്യന് കഴിവുണ്ട്. പക്ഷെ ആ കഴി വിന് പ്രവർത്തനത്തിൽ സ്വാധീനമില്ല.

# സമൂഹത്തിൽ സ്വാധീനം ചെലുത്തിയ ചില പ്രസ്ഥാനങ്ങൾ

മുസ്‌ലിം സമുദായത്തിൽ ഒരുപാട് വിഭാഗങ്ങൾ ഉടലെടുത്തുവെങ്കിലും അവക്കൊന്നും ശക്തമായി നിലകൊള്ളുവാൻ സാധിച്ചില്ല. വിശ്വാസ ദൃഢതയും ആത്മാർത്ഥതയും ഉള്ള പണ്ഡിതന്മാരുടെ ശക്തമായ ഇടപെടൽ മൂലം ഇവർക്ക് അൽപായുസ്സ് മാത്രമാണ് ഉണ്ടായിരുന്നത്. എങ്കിലും ചില പ്രസ്ഥാനങ്ങൾക്ക് സമൂഹത്തിൽ സ്വാധീനം ചെലുത്താനും ചെറിയ തോതിൽ വളരുവാനും സാധിച്ചിട്ടുണ്ട്. ഇവർ ഇപ്പോഴും ചെറുസംഘങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചിലത് പൂർണമായും ഇസ്‌ലാമിനു പുറത്ത് പോയവരാണ്.

അത്തരം ചില പ്രസ്ഥാനങ്ങളുലൂടെ...

## ബഹായിസം:

സാമ്രാജ്യത്വ ശക്തികളുടെ പുന്തുണയോടെ ഉദയം ചെയ്ത ഒരു പ്രസ്ഥാനമാണ് ബഹായിസം. ആദ്യകാലത്ത് ഇത് ബാബിസം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുന്ന ആ പ്രസ്ഥാനത്തിനു പക്ഷെ ഇസ്‌ലാമുമായി കാര്യമായ ബന്ധമൊന്നുമില്ല. ഇതിന്റെ തലപ്പത്തിലിരിക്കുന്നവർ മുസ്‌ലിം നാമധാരികളായത് കൊണ്ടാണ് ഇതിനെ ഇസ്‌ലാമിലേക്ക് ചേർത്ത് പറയുന്നത്. ഇറാനിലെ ശിയാക്കളിൽപ്പെട്ട ഇസ്നാ അശ്‌രി വിഭാഗത്തിൽ നിന്നാണ് ഈ കക്ഷിയുടെ ആരംഭം. ഇനി വിജ്ഞാനത്തിലേക്കുള്ള കവാടം ഞാനാണെന്ന വാദവുമായാണ് മിർസ അലി മുഹമ്മദ് റിളാ രംഗപ്രവേശം ചെയ്തത്. ഇറാനെ തകർക്കാൻ ലക്ഷ്യമിട്ട റഷ്യയുടെ ചാരൻമാരുടെ പിന്തുണ ഈ പ്രസ്ഥാനത്തിനുണ്ടായിരുന്നു. റഷ്യൻ ചാരൻ കേനിസ്ദ്ഡാർ ഗോർക്കി അലി മുഹമ്മദ് രിളയെ സ്വാധീനിക്കുകയും അത് പിന്നീട് ബാബിസത്തിന്റെ സ്ഥാപനത്തിൽ കലാശിക്കുകയും ചെയ്തു. ഇറാന്റെ മതാടിത്തറ തകർക്കാൻ റഷ്യൻ ചാരന്മാർ ഇദ്ദേഹത്തെ ഉപയോഗപ്പെടുത്തി. 1844 മെയ് 23 ന് താൻ മഹ്ദിയാണെന്ന് വാദിച്ച് രംഗപ്രവേശം ചെയ്തു. പിന്നീട് ഞാൻ ദൈവാവതാരമാണെന്ന് വാദിച്ചു. പണ്ഡിതന്മാരുടെ ധീരമായ ഇടപെടൽ മൂലം അവർക്ക് വളർന്നു പന്തലിക്കാൻ കഴിഞ്ഞില്ല. രഹസ്യ പ്രബോധനം നടത്തിയ ബാബികൾക്കെതിരെ പൊതുജനം പോലും രംഗത്തിറങ്ങി. എന്നിട്ടും പിന്മാറാത്തതിനെ തുടർന്ന്

തബ്‌രീസിലെ മൈതാനിയിൽ വെച്ച് അലിമുഹമ്മദ് രിളയെ വെടി വെച്ച് കൊല്ലുകയായിരുന്നു. 1850 ജൂലൈ 8 നായിരുന്നു അത്.

ഇതിന്റെ പരിഷ്കൃത രൂപമാണ് ബഹായിസം. ഇറാനിലെ "മാസിൻ തറാനിൽ" ജനിച്ച മീർസ ഹുസൈൻ അലി (1817-1892) യാണ് ഇതിന്റെ സ്ഥാപകൻ. ബാബ് മതാനുയായിരുന്ന ഇദ്ദേഹം ഇറാനിനെ ഷാ നാസ്വീറുദ്ധീനെ വധിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ടെഹ്റാനിൽ അറസ്റ്റ് ചെയ്യപ്പെട്ടു. റഷ്യൻ എംബസിയുടെ ഇടപെടൽ കാരണം വധശിക്ഷയിൽ നിന്നു രക്ഷപ്പെട്ട ഇദ്ദേഹം ബാഗ്ദാദിലേക്ക് നാട് കടത്തപ്പെട്ടു. അവിടെയും അരാജകത്വം സൃഷ്ടിക്കാൻ ശ്രമിച്ചപ്പോൾ ഇസ്താംബൂളിലേക്ക് മാറ്റി. ഇസ്താംബൂളിൽ ഇവരുടെ സാന്നിധ്യം ഇഷ്ടപ്പെടാതിരുന്ന ഇറാനിന്റെ അഭ്യർത്ഥന മാനിച്ച് ഉസ്മാനിയ ഭരണകൂടം തലസ്ഥാനത്തുനിന്നു അകലെ സ്ഥിതി ചെയ്യുന്ന അദ്റന (ആഡ്രിയാനോപ്പിൾ) യിലേക്കു മാറ്റി.

ഇതിനിടയിൽ (1863 ഏപ്രിൽ) "ഞാൻ ബഹാഉല്ല" (ദൈവിക തേജസ്സ്)യാണ്. ബാബ് അവതരിച്ചത് എന്റെ ആഗമനം അറിയിക്കാനും എനിക്ക് വഴിയൊരുക്കാനുമാണ് എന്ന് മിർസാ ഹുസൈൻ അലി പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഭൂരിപക്ഷം ബാബികളും അതംഗീകരിച്ചെങ്കിലും പ്രമുഖ ബാബു മത നേതാവും ബഹാഉല്ലയുടെ സഹോദരനുമായ മിർസാ യഹ്‌യാ അലിയും അനുയായികളും അംഗീകരിച്ചില്ല. ഈ അഭിപ്രായ ഭിന്നത അദ്റനയിൽ വെച്ച് മൂർഛരിച്ചു. ബാബിസത്തിന്റെ ആചാര്യൻ അലി മുഹമ്മദ് രിള (1819-1850) ഇസ്നാ അശ്‌രി

യാക്കളിലേക്കു നിയോഗിക്കപ്പെട്ട പരിഷ്കർത്താവ് മാത്രമാണെന്നും അതിനപ്പുറമുള്ള പുത്തൻവാദങ്ങൾ അംഗീകരിക്കാനാവില്ലെന്നും ഇവർ ശഠിച്ചു. ഈ വിഭാഗം അസ്‌ലികൾ എന്ന പേരിൽ അറിയപ്പെടുന്നു. അവരുടെ നേതാവായ യഹ്‌യ 'സുബ്ഹേ അസൽ' (അനശ്വരതയുടെ പ്രഭാതം) എന്ന പേരുസ്വീകരിച്ചതു കൊണ്ടാണിത്. മറു വിഭാഗത്തിന്റെ നേതാവ് ബഹഉല്ല എന്ന പേര് സ്വീകരിച്ചപ്പോൾ അനുയായികൾ ബഹായികളെന്നും അറിയപ്പെട്ടു. അദ്നറയിൽ അസ്‌ലികളും ബഹായികളും തമ്മിലുള്ള തർക്കം രൂക്ഷമായപ്പോൾ സഹോദരൻ യഹ്‌യയെ വധിക്കാൻ ബഹാഉല്ല ശ്രമിച്ചു. ഇതറിഞ്ഞ ഗവൺമെന്റ് അയാളെ ഫലസ്തീനിലെ രാക്കയിലേക്കും യഹ്‌യയെ സൈപ്രസിലേക്കും നാട് കടത്തി.

ഫലസ്തീനിൽ വെച്ച് സിയോണിസ്റ്റുകളുടെ പിന്തുണ ബഹാഉല്ലക്ക് ലഭിച്ചു. തന്റെ പുത്തൻവാദങ്ങൾ അംഗീകരിക്കാത്ത അസ്‌ലികളെ ആസൂത്രിതമായി കൊലപ്പെടുത്തി. അവശേഷിച്ചവർ ഇസ്നാ അശ്‌രിയയുടെ ആശയത്തിലേക്ക് മടങ്ങി. അങ്ങനെ ബഹായിസം മാത്രമായി. ബാബിസത്തിന് ഇസ്‌ലാമുമായി ചെറിയ ബന്ധം ഉണ്ടായിരുന്നുവെങ്കിലും ബഹാഉല്ല ആ ബന്ധവും ഇല്ലാതാക്കി. ബഹായിസത്തെ സ്വതന്ത്രമായ ഒരു മതമായിട്ടാണ് അവതരിപ്പിച്ചത്. ആദ്യമാദ്യം ഞാൻ ബാബിന്റെ അനന്തരാവകാശിയാണെന്ന് വാദിച്ച ബഹാഉല്ല പിന്നീട് പ്രവാചകത്വം വരെ വാദിച്ചു. കുറച്ച് കൂടി മുമ്പോട്ടുപോയി ഞാൻ ദൈവമാണെന്ന് വരെ വാദിച്ചു.

## ബഹായി വിശ്വാസങ്ങൾ:

ഇവരുടെ വിശുദ്ധ ഗ്രന്ഥത്തിന്റെ പേര് ‘‘കിതാബെ അഖ്ദ സ്’’ എന്നാണ്. ഈ ഗ്രന്ഥത്തിലാണ് ബഹായിസത്തിന്റെ ആശയ ങ്ങൾ ഉള്ളത്.

1. ശരീരത്തെ പീഢിപ്പിക്കാൻ പാടില്ല. അതുകൊണ്ട് ചേ ലാകർമ്മം നിഷിദ്ധമാണ്.
2. ഒരു ഭക്ഷണവും നിഷിദ്ധമല്ല.
3. സ്ത്രീ-പുരുഷ സമത്വം നടപ്പാക്കുക.
4. മുഅ്ജിസത്ത്, നരകം, സ്വർഗ്ഗം, മലക്കുകൾ, ജിന്നുക ൾ ഇവരെല്ലാം മിഥ്യയാണ്.
5. അന്ത്യനാൾ എന്നാൽ ബഹാഉല്ലയുടെ അരങ്ങേറ്റമാ ണ്.
6. ബഹാഉല്ലയുടെ ആഗമനത്തെകുറിച്ച് മുൻകാല വേദ ങ്ങളിൽ പറഞ്ഞിട്ടുണ്ട്.
7. പ്രവാചകൻ(സ) അവസാനത്തെ പ്രവാചകനല്ല.
8. ഹിജാബ് നിർബന്ധമില്ല.
9. ‘‘മുത്അ’’ വിവാഹം അനുവദനിയമാണ്.

1892 മെയ് 10(ഹി.1309 ദുൽഖഅ്ദ് 2) ഫലസ്ഥീനിലെ അക്രാ ജയിലിൽ വെച്ച് ബഹാഉല്ല വധിക്കപ്പെട്ടു. 75 വർഷത്തെ ത ന്റെ ജീവിതത്തിൽ 40 വർഷവും പുതിയ മതത്തിന്റെ പ്രചാര പ്ര വർത്തനങ്ങളിലാണ് കഴിച്ച് കൂട്ടിയത്. മരണവേളയിൽ ജയിലി ൽ വെച്ച് സീമന്തപുത്രൻ അബ്ദുൽ ബഹാ (1844-1921) യെ ബ ഹായി മതത്തിന്റെ പുതിയ സാരഥിയും തന്റെ ലിഖിതങ്ങളുടെ

ഏക വ്യാഖ്യാതാവുമായി നിയമിച്ചു. ഇദ്ദേഹത്തിന്റെ യഥാർത്ഥ പേര് അബ്ബാസ് എന്നായിരുന്നു. പിതാവ് 'ഗുസ്നെ അഅ്ളം' (ഏറ്റവും മഹത്തായശാഖ) എന്ന സ്ഥാനപ്പേര് നൽകി. അബ്ദുൽ ബഹാ എന്ന പേര് സ്വയം സ്വീകരിച്ചതാണ്. എന്നാൽ അബ്ബാസിന്റെ അർദ്ധ സഹോദരൻ മുഹമ്മദലി ഈ സ്ഥാനാരോഹണം അംഗീകരിച്ചില്ല. ഗുസ്നെ അക്ബർ (ഏറ്റവും വലിയ ചില്ല) എന്നപേര് സ്വീകരിച്ചുകൊണ്ട് അയാളും രംഗത്തെത്തി. എന്നാൽ ഭൂരിപക്ഷവും അബ്ദുൽ ബഹയെയാണ് പിന്തുണച്ചത്.

മുവഹ്ഹിദുൻ എന്ന പേരിൽ അറിയപ്പെട്ട മുഹമ്മദലിയുടെ അനുയായികൾ കാലാന്തരത്തിൽ നാമാവശേഷമായി.

ബഹായിസത്തിന്റെ ഉയിർപ്പിനും മുന്നേറ്റത്തിനും ചുക്കാൻ പിടിച്ചത് അബ്ദുൽ ബഹയായിരുന്നു. അബ്ദുൽ ബഹ ഉണ്ടായിരുന്നില്ലെങ്കിൽ ബഹായിസം ബഹാഉല്ലയുടെ മരണത്തോടെ നാമാവശേഷമാകുമായിരുന്നു എന്ന് പല ചരിത്രകാരൻമാരും അഭിപ്രായപ്പെടുന്നുണ്ട്. ഫലസ്ഥീനിലെ ഹൈഫ ആസ്ഥാനമാക്കിയ അബ്ബാസ് സിയോണിസ്റ്റുകളുമായും ഫ്രീമെഴ്സൻ പ്രസ്ഥാനവുമായുമെല്ലാം ശക്തമായ ബന്ധം സ്ഥാപിച്ചു. ഇവരുടെ സഹായത്തോടെ കാനഡ, ബ്രിട്ടൺ മറ്റു യൂറോപ്യൻ രാഷ്ട്രങ്ങൾ എന്നിവിടങ്ങളിൽ പ്രചരിപ്പിച്ചു. 1912 ൽ അമേരിക്ക സന്ദർശിച്ച അബ്ദുൽ ബഹക്ക് ഭരണാധികാരികളുമായി നല്ല ബന്ധം ഉണ്ടായിരുന്നു. ബ്രിട്ടീഷ് സർക്കാർ ഇയാൾക്ക് 'സർ' പദവി നൽകിയിട്ടുണ്ട്. വിവിധ മതങ്ങളുടെ ആശയങ്ങൾ കടമെടുത്ത് ബഹായിസത്തെ ഒരു സങ്കര മതമായി പാകപ്പെടുത്തിയതിന്റെ ക്രഡിറ്റ് അബ്ദുൽ

ബഹക്കാണ്. 1921 നവംബർ 28ന് ഫലസ്തീനിലെ ഹൈ ഫയിൽ വെച്ച് അബ്ദുൽ ബഹാ മരണമടഞ്ഞു. ഹൈഫയിൽ തന്നെ യാണ് ഖബറടക്കിയത്. മുസ്ലിംകൾക്ക് മക്ക, മദീന എന്ന തുപാലെ പവിത്രമാണ് ബഹായികൾക്ക് ഹൈഫയും അക്കയും. അബ്ദുൽബഹക്ക് പെൺമക്കൾ മാത്രമാണുണ്ടായിരുന്നത്. അതു കൊണ്ട് തന്നെ ഓക്സ് ഫോർഡ് വിദ്യാർത്ഥിയായിരുന്ന പൗത്രൻ ശൗഖി അഫൻദിയാണ് പിൻഗാമിയായി വന്നത്. 24-ാം വയസ്സിൽ മതവേഷമണിഞ്ഞ അഫൻദി 46 വർഷം ബഹായിസ നു നേതൃത്വം നൽകി. 1957 ലാണ് അഫൻദി അന്തരിച്ചത്. അഫൻദിക്ക് വലിയൊരു സ്ഥാനമൊന്നും അവർക്കിടയിലില്ല.

സാമ്രാജ്യത്വശക്തികളുടെ പിന്തുണയോടെ പ്രവർത്തി ക്കുന്ന ഈ പ്രസ്ഥാനത്തിനും മുസ്ലിം സമുദായത്തിൽ വലിയ തോതിൽ സ്വാധീനം ചെലുത്തുവാൻ സാധിച്ചിട്ടില്ല. ഇവർക്ക് അന്താരാഷ്ട്ര തലത്തിൽ ഉയർന്ന സ്ഥാനമുണ്ട്. അവർ തന്നെ അവരെ പരിചയപ്പെടുത്തുന്നത് കാണുക. ''ദേശീയവും അന്തർദേ ശീയവുമായ ഒരു ഗവൺമെന്റിതര സംഘടന (N.G.O) എന്ന നിലക്ക് ബഹായി ധർമ്മത്തിന് 1948 മുതൽ തന്നെ ഐക്യരാഷ്ട്ര സംഘടനാ ആസ്ഥാനത്ത് അംഗീകൃത പ്രാതിനിധ്യം ഉണ്ട്. എക്കോസോക്ക്, യൂനിസെഫ് എന്നീ ഐക്യരാഷ്ട്ര സംഘടനക ളിൽ ധർമ്മത്തിനു കൂടിയാലോചന പദവിയുണ്ട്. ഇതിന് പുറമെ അനേകം ബഹായി ദേശീയ ആത്മീയ സഭകൾ ഐക്യരാഷ്ട്ര സംഘടനയുടെ ഇൻഫർമേഷൻ സെന്ററുകളിൽ ഓദ്യോഗിക

മായി പേര് രേഖപ്പെടുത്തിയിട്ടുണ്ട് (ബഹായി ധർമ്മം ഒരു ലഘു വിവരണം)

1820 വ്യത്യസ്ഥ വർഗക്കാർക്കിടയിലും 360 രാജ്യങ്ങളിലും പ്രദേശങ്ങളിലും ദ്വീപുകളിലും വിസ്തൃതമായി കിടക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പെടുത്തു എന്ന് ബഹായികൾ അവകാശപ്പെടുന്നു. 740 ഭാഷകളിലേക്ക് ബഹായി ലിഖിതങ്ങൾ തർജമ ചെയ്തിട്ടുണ്ടെന്നും ബഹായികൾ അവകാശപ്പെടുന്നു. എങ്കിൽപോലും ഇവർക്ക് വൻതോതിൽ സമൂഹത്തിൽ വേരൂന്നാൻ കഴിഞ്ഞിട്ടില്ല. ഇസ്രയേലിലെ ഹൈഫയാണ് ബഹായി മതത്തിന്റെ ആസ്ഥാനം. ഈ കേന്ദ്രത്തെ അവർ വിശ്വനീതി പീഠം എന്ന് പറയുന്നു. ഓരോ അഞ്ച് വർഷത്തിലും വിവിധ സഭകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർ 9 അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇതിന്റെ ഭരണ സമിതി. ലോകത്തെ പ്രമുഖനഗരങ്ങളിൽ നിർമ്മാണ വൈദഗ്ധ്യവും കരകൗശലമേന്മയും വിളിച്ചറിയിക്കുന്ന ആകർഷണിയമായ ബ ഹായി ക്ഷേത്രങ്ങൾ കാണാം. ന്യൂഡൽഹിയിൽ 'ബഹാപ്പൂർ- കാൽകാജി' യിലും ഇത്തരമൊന്നുമുണ്ട്.

## ഖാദിയാനിസം

മുസ്ലിംകളുടെ സാംസ്കാരിക തകർച്ച ലക്ഷ്യം വെച്ച് കൊണ്ട് ബ്രിട്ടീഷ് സഹായത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് ഖാദിയാനിസം. അഹ്മദിയ്യ പ്രസ്ഥാനം എന്നറിയപ്പെടുന്ന ഇതിന്റെ സ്ഥാപകൻ 1839ൽ ഗുരുദാസ്പൂറിൽപ്പെട്ട കാദിയാനിൽ ജനിച്ച മിർസാഗുലാം അഹ്മദാണ്. മുഗ്ള പരമ്പരയിൽ ജനിച്ച

ഇയാൾ ഫാത്വിമ(റ)യുടെ സന്താന പരമ്പരയിൽപ്പെട്ടവനാണെന്ന് വാദിച്ചിരുന്നു. പിതാവ് മിർസാഉൽ മുഹമ്മദ് മുഗളൻമാരുടെ കാലത്ത് 85-ഓളം ഗ്രാമങ്ങളുടെ ഭരണാധികാരിയായിരുന്നു. ഇന്ത്യയിലെ ജനങ്ങൾ മുഴുവനും ബ്രിട്ടീഷ്കാർക്കെതിരെ പോരാടിയപ്പോൾ അവർക്ക് ഓശാനപാടിയ ചരിത്രമാണ് മിർസാഗുലാം മുഹമ്മദിന്റെ കുടുംബത്തിനുള്ളത്.

മുസ്‌ലിം സമുദായത്തിനിടയിൽ വന്ന് പല വാദങ്ങളും ഉന്നയിച്ച മീർസയുടെ പ്രവർത്തനം ആസൂത്രിതമായിരുന്നു. അറിവും കഴിവും ഉപയോഗിച്ച് ഇസ്‌ലാമേതര പ്രസ്ഥാനങ്ങളെ കടന്നാക്രമിച്ച മീർസ ജനങ്ങൾക്കിടയിൽ സ്വാധീനം നേടി. തുടർന്ന് താൻ മുജദ്ദിദാണെന്നും, മസീഹാണെന്നും, പിന്നീട് പ്രവാചകത്വവാദവും പുറത്തെടുത്ത മിർസാ അവസാനം ദിവ്യത്വം വരെ അവകാശപ്പെട്ടു.

ഇസ്‌ലാമിക ലോകം മീർസയെ ഒറ്റക്കെട്ടായി പ്രതിരോധിച്ചു. അതുകൊണ്ട് തന്നെ ശാസ്ത്രീയമായ എല്ലാ സംവിധാനങ്ങളും ഉണ്ടായിട്ടുകൂടി അഹ്മദിയ്യ പ്രസ്ഥാനത്തിന് ലോകത്ത് വേണ്ടത്ര വേരോട്ടം ലഭിച്ചില്ല. 1908 ൽ ലാബാറിൽ വെച്ച് കോളറ ബാധിച്ച് മിർസ മരണപ്പെട്ടു. മിർസക്കു ശേഷം നൂറുദ്ദീൻ സുഹൈറവി (1841-1914) ഖലീഫയായി. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന അഹ്മദിയാക്കളുടെ ഇപ്പോഴത്തെ നേതാവ് നിർസാമസ്റൂൾ അഹമ്മദാണ്. പ്രഥമദൃഷ്ട്യാ വ്യാജമാണെന്ന് മനസ്സിലാക്കാവുന്ന ഈ പ്രസ്ഥാനത്തെ മുസ്‌ലിം സമാന്യജനം തള്ളിക്കളഞ്ഞു.

## ചില ജൽപനങ്ങൽ:

1. നിസ്കാരം, വ്രതാനുഷ്ഠാനം, ഉറക്കം, ലൈംഗികത, എന്നിവ അല്ലാഹുവിനുമുണ്ട്.
2. പ്രവാചകൻ വ്യാജം പറയുന്നവരായിരുന്നു.
3. നക്ഷത്രങ്ങൾക്കാണ് മലക്കുകൾ എന്ന് പറയുന്നത്.
4. അബൂബക്കർ, ഉമർ, എന്നീ സ്വഹാബികൾ മിർസയുടെ ചെരുപ്പ് വഹിക്കാൻ പോലും യോഗ്യരല്ല.
5. സ്വർഗ്ഗം, നരകം, എന്നിവ യഥാർത്ഥ്യമല്ല. ആത്മാ വിനുണ്ടാ കുന്ന ചില അവസ്ഥകളാണ്.

തീർത്തും അയുക്തമായ കുറെ ആശയങ്ങളാണ് മഹ്ദിയ്യ പ്രസ്ഥാനത്തിനുള്ളത്. എന്നാൽ ഈ വാദങ്ങൾക്കെല്ലാം അവർ ഖുർആനിനേയും ഹദീസിനേയും തെറ്റായി വ്യാഖ്യാനിച്ച് ദുർബ ല മുസ്ലിംകളെ ആശയക്കുഴപ്പത്തിലാക്കുവാൻ ഇവർക്ക് കഴി ഞ്ഞിട്ടുണ്ട്. ഇസ്ലാമിന് പുറത്താണ് ഈ പ്രസ്ഥാനം എന്ന് പ്രഖ്യാപിക്കപ്പെട്ടതിനാൽ മുസ്ലിംകൾ അതിനെ അടുപ്പിക്കാറില്ല.

## ഇഖ്വാനുൽ മുസ്ലിമീൻ

1906 ഒക്ടോബർ 14ന് കൈറോയുടെ വടക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന മഹ്മൂദിയ്യ ഗ്രാമത്തിൽ ജനിച്ച ഹസനുൽ ബന്ന യാണ് ഇതിന്റെ സ്ഥാപകൻ. ഇസ്മാഇലിയ ഗ്രാമത്തിൽ ഒരു ചെറിയ പ്രസ്ഥാനമായി പ്രവർത്തിച്ച ഇഖ്വാനുൽ മുസ്ലിമൂൻ പിന്നീട് ഈജിപ്തിന്റെ രാഷ്ട്രീയത്തെ നിർണയിക്കുന്ന പ്രധാന ശക്തിയായി മാറി. 1928ൽ ഇസ്മാഇലിലെ ചായക്കടയിലാണ് ഹസനുൽബന്ന തന്റെ പ്രവർത്തനം ആരംഭിക്കുന്നത്. തൊട്ടടുത്ത

വർഷം മഅ്ഹ ദുഹിറ എന്ന ഒരു സംഘടന രൂപീകരിച്ചു. 1933ൽ അൽ അഖവാത്തുൽ മുസ്‌ലിമീൻ എന്ന പേരിലുള്ള സ്ത്രീ ശാക്തീകരണ പ്രസ്ഥാനവും ആരംഭിച്ചു. 1933ൽ ആസ്ഥാനം കൈറോയിലേക്ക് മാറ്റിയ ഈ പ്രസ്ഥാനം 1938ൽ അന്നദീർ പത്രം ആരംഭിച്ചു. 1940ൽ ജിഹാദി ഗ്രൂപ്പിനും തുടക്കം കുറിച്ചു.

ഇസ്‌ലാമിക രാഷ്ട്രത്തിനുവേണ്ടി നിലകൊണ്ട് ഇവർ അന്ന് നിലവിലുള്ള ഈജിപ്ത് ഗവൺമെന്റിനെ നിശിതമായി വിമർശിച്ചു. സഅ്ദ് സഗ്‌ലൂലിനെ പോലുള്ളവരുടെ 'മതം അല്ലാഹുവിന്, രാഷ്ട്രം സർവ്വ ജനങ്ങൾക്കും' എന്ന വാദത്തെ ഇവർ എതിർത്തു. അതിലുപരി രണ്ടാം ലോക മഹായുദ്ധത്തിൽ ഈജിപ്ത് ബ്രിട്ടനെ സഹായിച്ചത് ഇവരെ കൂടുതൽ ചൊടിപ്പിച്ചു.

1946 ൽ നടന്ന ഇസ്രയേൽ രൂപീകരണത്തിൽ ആളിക്കത്തിയ മുസ്‌ലിം വികാരം ഇവർ ശരിയാവണ്ണം ഉപയോഗിക്കുകയും ലോകത്ത് അറിയപ്പെടുന്ന ഒരു ശക്തിയായി മാറുകയും ചെയ്തു. പാശ്ചാത്യ ലോബികൾക്കെതിരെ നടന്ന പോരാട്ടത്തിൽ അറബികളോടപ്പം ചേർന്ന ഇവർ ശക്തമായ മുന്നേറ്റം നടത്തി. ഇടക്ക് വെച്ച് വെടി നിർത്തൽ പ്രഖ്യാപിച്ചുവെങ്കിലും ഇഖ്‌വാനികൾ അത് അംഗീകരിച്ചില്ല. 1948 ഡിസംബർ 8ന് ഇഖ്‌വാനുൽ മുസ്‌ലിമീൻ നിരോധിക്കപ്പെട്ടു. അൽപ ദിവസത്തിനു ശേഷം പ്രധാനമന്ത്രി മഹ്മൂദ് ഫഹ്മി കൊല്ലപ്പെട്ടു. കൊലപാതകം ഇഖ് വാന്റെ മേൽ കെട്ടിവെക്കപ്പെട്ടു. പ്രതിഷേധം ആളിക്കത്തുന്നതിനിടെ ഹസനുൽ ബന്ന വെടിയേറ്റ് മരിച്ചു.

1950ൽ ഇഖ്‌വാനുൽ മുസ്‌ലിമീന് മേലുള്ള നിരോധനം കോടതി എടുത്ത് മാറ്റി. പിന്നീട് കമാൽ അബ്ദുൽ നാസറിന്റെ നേതൃത്വത്തിൽ നടന്ന പട്ടാള വിപ്ലവത്തിന് ഇവർ പിന്തുണയേകി. എന്നാൽ അബ്ദു നാസറിനെ വധിക്കാൻ പദ്ധതിയിട്ടു എന്ന കാരണത്താൽ ഇഖ്‌വാനുൽ മുസ്‌ലിമീൻ വീണ്ടും നിരോധിക്കപ്പെട്ടു.

1970 ൽ അബ്ദു നാസറിന്റെ മരണത്തിനുശേഷം അധികാരത്തിൽ വന്ന അൻവർ സാദത്ത് നിരോധനം എടുത്തുമാറ്റി.

ഹസനുൽ ബന്നക്ക് ശേഷം 1950 ൽ ബസനം ഹുദൈബി, അദ്ദേഹത്തിന്റെ മരണശേഷം 1973ൽ ഉമർ തൽമസാനി, അതിനു ശേഷം 1986 ൽ ഹാമിദ് അബൂനസ്യർ, 1996ൽ മുസ്ത്വഫാ മശ്ഹൂർ, 2003ൽ അദ്ദേഹത്തിന്റെ മരണശേഷം മുഅ്മിനുൽ ഹുദൈബി 2004ൽ അദ്ദേഹത്തിന്റെ മരണാനന്തരം മുഹമ്മദ് മഹ്ദി ആരിഫ് എന്നിവരാണ് ഇഖ്‌വാന്റെ മുർശിദുൽ ആം ആയി തിരഞ്ഞെടുക്കപ്പെട്ടത്.

സയ്യിദ് ഖുത്ബ്, മുഹമ്മദ് ഖുത്ബ്, മുഹമ്മദ് ഗസ്സാലി, മുസ്തഫാ സബഈ, അബ്ദുൽ ഖാദിർ ഔദ, ഫഹ്മി ഹുവൈദി തുടങ്ങിയവർ ഇഖ്‌വാനിലെ വലിയ ചിന്തകരും എഴുത്തുകാരുമായിരുന്നു.

ഇവരുടെ ആശയത്തിലും ചില സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ട്. അവയിൽ ചിലത്.

1. ഇസ്‌ലാമിന്റെ വിധിവിലക്കുകൾ മനസ്സിലാക്കാൻ ഓരോ മുസ്‌ലിമും അവലംബിക്കേണ്ടത് ഖുർആനിനെയും സുന്നത്തിനെയുമാണ്.

2. ഖബർ സന്ദർശനം സുന്നത്താണ്. എന്നാൽ ഖബ്റാളി കളോട് സഹായമഭ്യർത്ഥിക്കുന്നതും അവർക്ക് നേർച്ചനേ രുന്നതും തെറ്റാണ്.

## ജമാഅത്തെ ഇസ്ലാമി

അബുൽ അഅ്ലാ മൗദൂദിയാണ് ഇതിന്റെ സ്ഥാപകൻ. 1930 സെപ്തംബർ 25ന് ഹൈദരാബാദ് നൈസാമിന്റെ കീഴിലു ണ്ടായിരുന്ന മഹാരാഷ്ട്രയിലെ ഔറംഗാബാദിലാണ് മൗദൂദി ജനിച്ചത്. ചെറുപ്പത്തിലെ എഴുത്തിലും വായനയിലും താൽപര്യ മുണ്ടായിരുന്നു. ഗുരുദാസ് പൂരിലെ ചൗധരി നിയാസ് അലിഖാൻ വഖഫ് ചെയ്ത ദാറുൽ ഇസ്ലാം ആയിരുന്നു പ്രവർത്തന കേന്ദ്രം. 1941 ആഗസ്റ്റ് 26ന് ലാഹോറിലെ തർജുമാനുൽ ഖുർആൻ ഓഫീസിൽ വെച്ചാണ് ജമാഅത്തെ ഇസ്ലാമി രൂപീകരിച്ചത്. വിഭ ജനാനന്തരം മൗദൂദി പാകിസ്ഥാനിലേക്ക് ചേക്കേറി.

മഹാരാഷ്ട്ര വാദമാണ് ഇവരുടെ അടിസ്ഥാന ആശയം. ഇന്ത്യയെ ഒരു ഇസ്ലാമിക രാഷ്ട്രമാക്കാനുള്ള ലക്ഷ്യത്തോ ടെയാണ് ജമാഅത്തെ ഇസ്ലാമി പ്രവർത്തനം ആരംഭിച്ചത്. ലക്ഷ്യം നട ക്കില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അവർ പരസ്യമായി തങ്ങളുടെ ആ ശയപ്രചരണം ഒഴിവാക്കുകയും പല സാമൂഹിക പ്രവർത്തങ്ങളിൽ ഏർപ്പെടുകയും ചെയ്തു. കേരളത്തിലും ആ പ്രസ്ഥാനം പല പേരുകളിലായി പ്രവർത്തിക്കുന്നു. ഇസ്ലാമിൽ കണിശമായ ഒരു ആദർശമൊന്നും ഇല്ലാത്ത ഇവർ ഇസ്ലാമിന്റെ പേരിൽ അറിയപ്പെടുന്ന ഭൗതിക ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പാർട്ടിയാണ്.

## വഹാബിസം

വഹാബിസം എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രസ്ഥാനം ആഗോള തലത്തിൽ സലഫിസം എന്ന പേരിലും ഇന്ത്യയിൽ അഹ്‌ലെ ഹദീസ് എന്ന പേരിലും കേരളത്തിൽ മുജാഹിദ് എന്ന പേരിലും പ്രവർത്തിക്കുന്നു. നജ്ദിൽ ജനിച്ചു വളർന്ന അബ്ദുൽ വഹാബ് ആണ് ഇതിന്റെ സ്ഥാപകൻ. അന്നുവരെ മുസ്‌ലിംകൾ വിശ്വസിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതുമായ കാര്യങ്ങൾക്കെതിരെ പോരാടിയാണ് അബ്ദുൽ വഹാബ് തന്റെ പ്രവർത്തനം ആരംഭിച്ചത്. വിഷലിപ്തമായ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലമായി സ്വന്തംനാട്ടിൽ നിന്നും നാട് കടത്തപ്പെട്ട അബ്ദുൽ വഹാബ് മക്കയിലും മദീനയിലും പോയി തന്റെ ആശയം പ്രപരിപ്പിച്ചുവെങ്കിലും അവിടെയും ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നു. അതിനുശേഷം സ്വന്തം നാടായ ഉയൈനയിൽ വന്ന് അവിടുത്തെ നാട്‌വാഴിയായ ഉസ്മാനു ഇബ്നു മഅ്മറിന്റെ സഹായത്തോടെ തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ആരംഭിച്ചു. മഹാനായ സൈദ് ബ്നു മത്വാലിബിന്റെ ഖബർ നശിപ്പിച്ച് തന്റെ പ്രവർത്തിന് ശക്തികൂട്ടി. പിന്നീട് ദിർഇയ്യ എന്ന പേരിലുള്ള പ്രവിശ്യയുടെ ഭരണാധികാരിയായിരുന്ന മുഹമ്മദ് ഇബ്നു സഊദുമായി കരാറിൽ ഏർപ്പെടുകയും ആക്രമണത്തിലൂടെ ഒരു രാഷ്ട്രം സ്ഥാപിക്കുകയും ചെയ്തു.

ഇസ്തിഗാസ പോലുള്ള ആശയങ്ങൾക്ക് വിരുദ്ധമായ പല ആശയങ്ങളും പ്രചരിപ്പിച്ചു. സുന്നികളെ കാഫിറാക്കാൻ ഇവർ ഉത്സാഹം കാണിച്ചു.

കേരളക്കരയിൽ പ്രവർത്തിക്കുന്ന മുജാഹിദ് കുറച്ച് കൂടി കടുത്ത സമീപനമാണ് സ്വീകരിച്ചത്. ഇവർ മദ്ഹബിനെപ്പോലും നിഷേധിച്ച് പുതിയ ചിന്താഗതി കെട്ടിപ്പടുത്തുയർത്താൻ ശ്രമിക്കുന്നു.

ഇവർ ഇസ്‌ലാമിന്റെ മുഖ്യധാരയിൽ നിന്ന് വിഘടിച്ചവരാണെന്ന് ഉലമാക്കൾ പ്രഖ്യാപിച്ചിട്ടുണ്ട്.

# യഥാർത്ഥ വിജയികൾ

ഓരോ വിഭാഗവും തങ്ങളുടെ ആശയങ്ങൾ സമർത്ഥിക്കുകയും അത് മാത്രമാണ് സത്യമെന്ന് വാദിക്കുകയും ചെയ്യുമ്പോൾ സത്യം മനസ്സിലാക്കുവാൻ ഇസ്‌ലാമിന്റെ നിക്ഷ്പക്ഷ വായനയാണ് അഭികാമ്യം. ഇസ്‌ലാമും, ഈമാനും, ഇഹ്സാനും ഉൾക്കൊള്ളുന്നതാണ് സമ്പൂർണ്ണമായ മതം എന്ന കാര്യത്തിൽ അഭിപ്രായാന്തരമില്ല. ഈ വസ്തുത സ്വഹീഹായ ഹദീസ് കൊണ്ട് സ്ഥിരപ്പെട്ടതും ലോകമുസ്‌ലിംകൾ അംഗീകരിച്ചതുമാണ്. അത് കൊണ്ട് തന്നെ ഈ മൂന്ന് ഘടകങ്ങളും ഒരുമിച്ച് കൊണ്ട് പോകുന്ന പ്രസ്ഥാനമാണ് യഥാർത്ഥ ഇസ്‌ലാമിന്റെ വക്താക്കൾ. അവർ തന്നെയാണ് വിജയം സുനിശ്ചിതമാക്കിയവർ. വിജയികളെന്നും, എന്റെ വഴിയിലുള്ളവരെന്നും പ്രവാചകൻ പറഞ്ഞത് ഇവരെ കുറിച്ചാണ്. ഇവർ പ്രവാചകൻ(സ)യും സ്വഹാബത്തും സഞ്ചരിച്ച പാതയിലൂടെ സഞ്ചരിക്കുന്നവരാണ്. പ്രവാചകൻ(സ)യും അവിടുത്തെ അനുചരരും പ്രസ്തുത മൂന്ന് ഘടകങ്ങളെയും ചേർത്തുവച്ച വരായിരുന്നു. ആരെങ്കിലും ഇവയിൽ നിന്ന് ഏതെ

ങ്കിലും ഒന്നിനെ മാറ്റി നിർത്തിയാൽ അവർക്ക് വിജയം പ്രാപിക്കുവാൻ കഴിയില്ല.

പ്രവാചകൻ(സ)ക്ക് ശേഷം ഉടലെടുക്കുകയും പണ്ഡിതന്മാർ മുഴുക്കെ മാറ്റി നിർത്തപ്പെടേണ്ടവരായി പ്രഖ്യാപിക്കുകയും ചെയ്ത പ്രസ്ഥാനങ്ങളിൽ ഭൂരിഭാഗവും പ്രഥമ ഘടകമായ ഈമാനിൽ പിഴച്ചവരാണ്. അവരിൽ നിന്ന് ആദ്യകാലത്ത് ഉദയം ചെയ്തവർ ഇമാമത്തിന്റെയും ഖിലാഫത്തിന്റെയും കാര്യത്തിൽ സുന്നി വിരുദ്ധ ആശയങ്ങളിൽ വിശ്വസിച്ചെങ്കിൽ പിന്നീട് വന്നവർ അടിസ്ഥാന ഘടകമായ തൗഹീദ്, ശിർക്ക് എന്നിവയിലാണ് സുന്നി വിരുദ്ധ ആശയങ്ങൾ വെച്ചു പുലർത്തിയത്. ഇരു വിഭാഗവും വിജയ വഴിയിൽ നിന്നും വ്യതിചലിച്ചവരാണ്. കർമ്മത്തെ നിഷേധിക്കുകയും വിശ്വാസം മാത്രം മതിയെന്ന് വാദിക്കുകയും ചെയ്യുന്ന ചിലർ അക്കാലത്ത് ഉടലെടുത്തു. ഇവരും സൽപാന്ഥാവിൽ നിന്നും വ്യതിചലിച്ചവരാണ്.

വിശ്വാസത്തിലും കർമ്മത്തിലും സുന്നി ആശയങ്ങൾ വെച്ച് പുലർത്തുന്നു എന്ന് അവകാശപ്പെടുന്ന സുന്നികളാണ് മറ്റൊരു വിഭാഗം. ഇവർ പക്ഷെ മൂന്നാമത്തെ ഘടകമായ ഇഹ്സാനെ പാടെ അവഗണിക്കുകയോ, അല്ലെങ്കിൽ വേണ്ടത്ര പരിഗണന നൽ കാതിരിക്കുകയോ ചെയ്യുന്നു. ഇവരും യഥാർത്ഥ വിജയ മാർഗ്ഗത്തിൽ നിന്നും വഴുതിപ്പോയവരാണ്. കാരണം ഇവർ മൂന്നാമത്തെ ഘടകത്തെ മാറ്റി നിർത്തുക വഴി ഒന്നും രണ്ടും ഘടകങ്ങളായ ഈമാനിലും ഇസ്ലാമിലും കളങ്കം ചേർത്തവരായിരിക്കുന്നു. തത് ഫലമായി അവരുടെ കർമ്മങ്ങൾ കാട്ടികൂട്ടലു

കളും വിശ്വാസം നാക്കിൻ തുമ്പത്തുമായി മാറി. ഇവർക്ക് ബിദഇ കക്ഷികളെ വേണ്ട വിധം പ്രതിരോധിക്കുവാൻ സാധിക്കാതെ വന്നു. മറ്റൊരർത്ഥത്തിൽ ഇവർ അകമെ വഹാബികളും പുറമെ സുന്നികളുമായി മാറി. ഇത് ഒരു അത്യാരോപണമല്ല. ആദ്യ സമയത്ത് ചിലർ ഈ വസ്തുത തുറന്ന് പറഞ്ഞപ്പോൾ സുന്നികൾ എന്ന് അവകാശപ്പെടുന്നവർക്ക് ഹാലിളക്കം ഉണ്ടായി. പക്ഷെ, കുറച്ച് കഴിഞ്ഞപ്പോൾ അവരിൽ നിന്ന് ചിലർക്കു തന്നെ ഇത് വസ്തുതയാണെന്ന് ബോധ്യപ്പെട്ടു. അവർ പരസ്യമായി അത് എഴുതി വിടുകയും ചെയ്തു. സുന്നത്ത്ജമാഅത്തിന്റെ മൂടുപടം അണിഞ്ഞ അവർക്ക് സുന്നി ആശയങ്ങളിൽ വിശ്വാസം ബലഹീനമാണ്. ഒരുകാലത്ത് സുന്നികളുടെ സാന്നിധ്യം ബിദഇകൾക്ക് ഭീഷണിയായിരുന്നെങ്കിൽ ഇന്ന് പലരുടെയും (അവർ സുന്നികളാണെന്ന് അവകാശപ്പെടുകയും സുന്നത്ത് ജമാഅത്തിന്റെ പടയാളികളായി അറിയപ്പെടുകയും ചെയ്യുന്നു). സാന്നിധ്യം ബിദഇ കക്ഷികളുടെ വളർച്ചക്ക് സഹായകമാകുന്ന കാഴ്ചയാണ് കാണുന്നത്. ഇത് പരിഹരിക്കുവാനുള്ള മാർഗ്ഗം മൂന്നാമത്തെ ഘടകമായ ഇഹ്സാൻ ആണ്. അതിനെ വേണ്ടെന്ന് വെക്കുന്നവർ ഇസ്ലാമിന്റെ സമ്പൂർണ്ണതയെയാണ് വേണ്ടന്ന് വെക്കുന്നത്.

ചുരുക്കത്തിൽ മൂന്നാമത്തെ ഘടകം പണ്ഡിത-പാമര വ്യത്യാസമില്ലാതെ എല്ലാവർക്കും നിർബന്ധമാണെന്നത് ഏത് ദുർബല ബുദ്ധിക്കും മനസ്സിലാകും. അതിനുപുറമെ എല്ലാ സുന്നി വിഭാഗങ്ങളും അംഗീകരിക്കുന്ന അടിസ്ഥാന വചനമാണ് നിർബന്ധമായതിനെ നേടിയെടുക്കാനുള്ള മാർഗ്ഗവും നിർബന്ധമാണ്

എന്നത്. ആരാധനകളിൽ മനസാന്നിധ്യം നിർബന്ധമാണ് എന്ന കാര്യം ഏവരും സമ്മതിക്കുന്ന കാര്യമാണ്. അതിനുള്ള മാർഗ്ഗം ത്വരീഖത്താണ് എന്ന കാര്യവും പണ്ഡിതന്മാർ ഉറപ്പിച്ച് പറഞ്ഞ താണ്. ആരാധനകളിലെ മനസ്സാന്നിധ്യത്തിന് മറ്റു മാർഗ്ഗങ്ങളു ണ്ടെന്ന് പറഞ്ഞ് ഈ വിശുദ്ധമാർഗ്ഗത്തിൽ നിന്നും മാറി നിൽക്കു ന്നത് ശരിയല്ല.

മഹാന്മാർ ത്വരീഖത്തിന്റെ മാർഗ്ഗം എല്ലാവർക്കും നിർബ ന്ധമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അംബിയാക്കളൊഴികെയുള്ള ഒരാളും പോരായ്മകളിൽ നിന്നും മുക്തരല്ലെന്നും അവർക്കെല്ലാം സൂഫികളുടെ മാർഗ്ഗം അനിവാര്യമാണെന്നും അവർ പറയുന്നു.

فقال الغزالي أنه فرض عين إذ لا يخلوا أحد من عيب أو مرض إلاّ الأنبياء عليهم السلام وقال أبو الحسن الشاذلي من لم يتغلغل في علمنا هذا مات مصراً علي الكبائر وهو لا يشعر وحيث كان فرض عين يجب السفر الى من يأخذه عنه إذا عرف بالتربية واشتهر الدواء على يده وإن خالف والديه حسبما نص غير واحد كالبلالى والسنوسى

സൂഫികളുടെ മാർഗ്ഗം സ്വീകരിക്കൽ ഫർള് ഐൻ ആണ്. കാരണം അമ്പിയാക്കൾ ഒഴികെയുള്ള ഒരാളും രോഗത്തിൽ നി ന്നും പോരായ്മകളിൽ നിന്നും മുക്തരല്ല. ശാദുലി(റ) പറയുന്നു: ‘ആരെങ്കിലും നമ്മുടെ ഈ വഴിയിൽ പ്രവേശിച്ചില്ലെങ്കിൽ അവൻ അറിയാത്ത രീതിയിൽ അവൻ വൻദോശങ്ങളിലായി മരിക്കും. തസവ്വുഫിന്റെ മാർഗ്ഗം സ്വീകരിക്കൽ നിർബന്ധമായിരിക്കെ ആ വഴി തേടി യാത്ര ചെയ്യലും അത് കരസ്ഥമാക്കലും നിർബന്ധമാ

ണ്; അവന്റെ മാതാപിക്കൾ എതിർത്താൽപോലും. ഇപ്രകാരം സനൂസി(റ) പോലെയുള്ള ഒന്നിലധികം പണ്ഡിതന്മാർ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ മൂന്ന് ഘടകങ്ങളെയും ഒന്നിച്ച് കൊണ്ട് പോകുന്ന മാർഗ്ഗമാണ് യഥാർത്ഥ വഴി. 'ത്വരീഖത്ത്' എന്ന പേരിൽ പ്രസിദ്ധമായ ഈ വഴിയാണ് യഥാർത്ഥ വിജയവീഥി. ആ പാതയിൽ പ്രവേശിച്ചവർക്ക് മാത്രമേ കളങ്ക രഹിതമായ വിശ്വാസവും കർമ്മവും ചെയ്യാനാകൂ. അവർക്ക് മാത്രമേ ബിദഈ ചിന്താഗതിക്കെതിരെ പോരാടാനും കഴിയൂ. ആ മാർഗ്ഗമാണ് വിജയം വരിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വീകരിക്കേണ്ടത്.

# ത്വരീഖത്ത് ഇസ്‌ലാം തന്നെ

ത്വരീഖത്ത് എന്നാൽ അല്ലാഹുവിലേക്കുള്ള വഴി എന്നർത്ഥം. മനുഷ്യാത്മാക്കളെ മാലിന്യങ്ങളിൽ നിന്ന് മോചിപ്പിച്ച് അല്ലാഹുവിലേക്കെത്തിക്കാൻ പടച്ചതമ്പുരാൻ നിശ്ചയിച്ച മാർഗമാണത്. അഥവാ, ഇസ്‌ലാമിന്റെ സമ്പൂർണ പാതയാണ് ത്വരീഖത്ത്. ഔലിയാക്കൾക്ക് മുഴുക്കെ നേതാവായ ശൈഖ് മുഹ്‌യിദ്ധീൻ അബ്ദുൽ ഖാദിർ ജീലാനി(റ) പറയുന്നു:

ത്വരീഖത്തിന്റെ ശൈഖുമാർ, അവരാണ് അല്ലാഹുവിലേക്കുള്ള വഴിയും അടയാളവും, അവനിലേക്കുള്ള വാതിലും അവർ തന്നെ.

അള്ളാഹുവിലേക്കടുക്കാനും അവനിലെത്തിച്ചേരാനും കേവല മുസ്‌ലിമായത് കൊണ്ട് മാത്രം കഴിയില്ല, നിസ്കാരം നോമ്പ്, ഹജ്ജ്, സകാത്ത് എന്നീ കർമങ്ങളെല്ലാം മുറതെറ്റാതെ നിർവഹിച്ചത് കൊണ്ടോ ഒരു ഇസ്‌ലാമിക സംഘടനയിൽ അംഗത്വം നേടിയത് കൊണ്ടോ, മുദ്രാവാക്യങ്ങൾ വിളിച്ച് ജാഥകളിൽ

പങ്കെടുക്കുന്നത് കൊണ്ടോ, പോസ്റ്ററൊട്ടിച്ച് സമ്മേളനമാമാങ്കങ്ങളിൽ സംബന്ധിച്ചത് കൊണ്ടോ അള്ളാഹുവിലേക്കെത്താനാവില്ല. ദിക്ർ ദുആ വാർഷികങ്ങളിലും ഹൽഖകളിലും സമ്മേളിച്ചത് കൊണ്ടും അത് ലഭ്യമാകില്ല. നന്നാകാനും അല്ലാഹുവിലേക്കടുക്കാനും അവൻ നിശ്ചയിച്ച മാർഗം മഹാന്മാരായ ത്വരീഖത്തിന്റെ ശൈഖുമാരാണെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നതാണ് ശൈഖ് ജീലാനി(റ)വിന്റെ വാക്കുകൾ. പടച്ചതമ്പുരാൻ നിശ്ചയിച്ച വാതിലിലിലൂടെയല്ലാതെ അവനിലേക്കെത്താം എന്ന് കൊതിക്കുന്നവർ പമ്പരവിഡ്ഢികളാണെന്നാണ് മഹാനവർകളുടെ ഭാഷ്യം.

ലോകത്ത് മനുഷ്യചരിത്രത്തിന്റെ പ്രാരംഭം മുതൽ അന്ത്യനാൾ വരെ അല്ലാഹു സ്വീകരിച്ച് പോരുന്ന ഒരു ചര്യയാണിതെന്നും ശൈഖ് ജീലാനി(റ) വ്യക്തമാക്കുന്നുണ്ട്. തന്റെ ഗുൻയ എന്ന ഗ്രന്ഥത്തിൽ മഹാനവർകൾ പറയുന്നു:

ആദം നബി(അ) മുതൽ അന്ത്യനാൾ വരെ ശൈഖ്-മുരീദ്, താബിഅ്-മത്ബൂഅ്, സ്വാഹിബ്-മസ്ഹൂബ് എന്ന രീതി അല്ലാഹു തന്റെ പതിവായി സ്വീകരിച്ചിരിക്കുന്നു എന്ന കാര്യം നീ ഉറപ്പി ക്കുക.

ത്വരീഖത്തും ശൈഖും എന്ന് തുടങ്ങി, എത്രകാലം നിലനിൽക്കും എന്നൊക്കെയുള്ള സംശയങ്ങൾക്ക് മറുപടിനൽകുകയാണ് മഹാനവർകൾ. ത്വരീഖത്ത് സമ്പ്രദായം ദീനിൽ പുതിയതാണെന്ന് പറയുന്ന പുത്തൻവാദികളും ഹിജ്റ 800കൾക്ക് ശേഷം ശൈഖുമാരുടെ കാലം അവസാനിച്ചു എന്ന് പ്രചരിപ്പിക്കുന്ന

വ്യാജ സുന്നികളും യഥാർത്ഥ ഇസ്‌ലാമിന്റെ പാതയിലല്ലെന്നും പ്രസ്തുത വചനം നമ്മെ ബോധ്യപ്പെടുത്തുന്നു.

അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങൾ അനുധാവനം ചെയ്യുന്നവർക്കാർക്കും ശൈഖ് ജീലാനി(റ) വിന്റെ വാക്കുകളിൽ സംശയമുണ്ടാവാനിടയില്ല.

## ത്വരീഖത്തും പുണ്യനബി(സ)യും

ജനഹൃദയങ്ങൾ സംസ്കരിക്കാനും അവരെ അല്ലാഹുവിലേക്കെത്തിക്കാനും പടച്ചവൻ നിശ്ചയിച്ച സംവിധാനമാണ് ത്വരീഖത്ത് എന്ന് നാം പറഞ്ഞു. പ്രസ്തുത ദൗത്യം നിർവ്വഹിക്കാൻ അല്ലാഹു നിശ്ചയിച്ച പ്രതിനിധികളാണ് മഹാന്മാരായ പ്രവാചകന്മാർ. അവർ തന്നെയാണ് ത്വരീഖത്തിൽ പ്രഥമസ്ഥാനീയരും ഉന്നതരുമായ ഗുരുശ്രേഷ്ഠർ. എന്നാൽ അന്ത്യപ്രവാചകൻ മുഹമ്മദ് (സ)യിലൂടെ പ്രവാചകപരമ്പര സമാപ്തികുറിച്ചതിന് ശേഷം അവിടത്തെ പ്രതിനിധികളായ ശൈഖുമാരാണ് ഈ ദൗത്യം നിർവഹിച്ച് പോരുന്നത്. ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്ന ഒരു ഹദീസിലൂടെ തിരുമേനി(സ) ഇക്കാര്യം നമ്മെ പഠിപ്പിക്കുന്നു;

ബനൂ ഇസ്‌റാഈൽ സമൂഹത്തിൽ ഒരു നബി കഴിഞ്ഞാൽ മറ്റൊരു നബി വരുമായിരുന്നു. എന്നാൽ എനിക്ക് ശേഷം ഇനിയൊരു നബി വരാനില്ല. പക്ഷേ, എനിക്ക് ശേഷം എന്റെ ഖലീഫമാർ(പ്രതിനിധികൾ)ഉണ്ടാവും, അവർ ധാരാളമാവുകയും ചെയ്യും.

ബനൂ ഇസ്‌റാഈൽ സമുദായത്തെ സംസ്കരിക്കാനും അല്ലാഹുവിലേക്കടുപ്പിക്കാനുമായി ഒരു നബിയുടെ കാലം കഴി

ഞ്ഞാൽ മറ്റൊരു നബി വരുമായിരുന്നു. നമ്മുടെ നബി(സ)ക്ക് ശേഷം ഇനിയൊരു നബി വരാനില്ല. എന്നാൽ അമ്പിയാക്കൾ നിർവഹിച്ച ദൗത്യം നിലച്ചു പോകുകയുമില്ല. എന്റെ ശേഷം ജന ങ്ങളെ സംസ്കരിക്കാനും അള്ളാഹുവിലേക്കടുപ്പിക്കാനും പ്രവാ ചകൻമാർ നിർവഹിച്ച ദൗത്യങ്ങളൊക്കെ നിർവഹിക്കാനുമായി എന്റെ പ്രതിനിധികൾ അവസാന കാലം വരെ ഉണ്ടാവുമെന്നാണ് ഈ ഹദീസിലൂടെ തിരുമേനി നമ്മെ അറിയിച്ചത്. ഇങ്ങനെ പ്രവാ ചകപ്രതിനിധികളായ മശാഇഖുമാരെ ബൈഅത്ത് ചെയ്ത് അല്ലാഹുവിലേ ക്കടുക്കുന്ന ഈ പാതക്ക് തന്നെയാണ് ത്വരീ ഖത്ത് എന്ന് പറയുന്നത്.

ഒരു സമുദായത്തിന്റെ ശൈഖ് സമുദായത്തിലെ നബിയെ പ്പോലെയാണ് എന്ന വിശുദ്ധ വചനത്തിന്റെ അർത്ഥവും ഇത് തന്നെയാണ്.

ഇമാം ബൈഹഖി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ നബി( സ) പറയുന്നു: ‘‘എന്റെ ശേഷം ജീവിക്കുന്നവർ ഒരുപാട് അഭിപ്രാ യവ്യത്യാസങ്ങൾക്ക് സാക്ഷികളാകേണ്ടിവരും, അന്നേരം നിങ്ങൾ എന്റെയും സച്ചരിതരും സന്മാർഗദർശികളുമായ എന്റെ പ്രതിനി ധികളുടെയും ചര്യ പിൻപറ്റുക. അത് അണപ്പല്ല് കൊണ്ട് കടിച്ച് പിടിക്കുകയും ചെയ്യുക.’’

എന്റെ സമുദായത്തിൽ അഭിപ്രായവ്യത്യാസങ്ങൾ വർധി ക്കുമെന്നും സത്യവും അസത്യവും വേർതിരിച്ചറിയാനാകാതെ ജനങ്ങൾ പ്രയാസത്തിലാകുമെന്നും മനസ്സിലാക്കിയ കാരു ണ്യത്തി ന്റെ പ്രവാചകൻ അതിൽ നിന്ന് രക്ഷനേടാനുള്ള സൂത്ര

വാക്യവും അറിയിച്ച് തരികയാണ്. എന്റെ ചര്യ പിന്തുടരുന്നതോടൊപ്പം അവസാനകാലം വരെ വരാനിരിക്കുന്ന സച്ചരിതരും സന്മാർഗദർശികളുമായ എന്റെ ഖലീഫമാരുടെയും ചര്യ നിങ്ങൾ മുറുകെപിടിച്ചാൽ സകല ഫിത്നകളിൽ നിന്നും രക്ഷപ്പെട്ട് സുരക്ഷിതരായി പടച്ച റബ്ബിലേക്കെത്താൻ നിങ്ങൾക്ക് സാധിക്കും.

പ്രവാചകൻമാർ നിർവഹിച്ച ദൗത്യം നിർവഹിക്കുന്ന ആത്മീയോന്നതി നേടിയ ഖലീഫമാരാണ് ഇവിടെ ഉദ്ധേശിക്കപ്പെടുന്നതെന്ന കാര്യത്തിൽ സംശയമേയില്ല.

ചുരുക്കത്തിൽ തന്റെ പ്രതിനിധികളായ ത്വരീഖത്തിന്റെ മശാഇഖുമാരെ ബൈഅത്ത് ചെയ്യാനും അവരുടെ കൽപനകളും ചര്യകളും മുറുകെപ്പിടിക്കാനും ഈ ഉമ്മത്തിനോട് ആജ്ഞാപിച്ചത് പരിശുദ്ധ പ്രവാചകർ(സ) തന്നെയാണെന്ന് നാം മനസ്സിലാക്കുക. അവിടത്തെ വചനങ്ങളുടെ വിശദീകരണം മാത്രമാണ് ശൈഖ് ജീലാനി(റ)വിനെപ്പോലുള്ള മഹത്തുക്കൾ നിർവഹിച്ചത്.

## ത്വരീഖത്ത് വിശുദ്ധ ഖുർആനിൽ

സൂറത്ത് നിസാഇലെ 59ാം സൂക്തത്തിൽ അല്ലാഹു പറയുന്നു;

നിങ്ങൾ അല്ലാഹുവിനെയും പ്രവാചകരെയും (ഉലുൽ അംറ്)കൈകാര്യകർത്താക്കളെയും അനുസരിക്കുക.

ഉലുൽ അംറ് എന്നാൽ യഥാർത്ഥത്തിൽ ജനങ്ങളെ തർബിയത്ത് ചെയ്യുന്ന മശാഇഖുമാരാണെന്ന് (റൂഹുൽ ബയാൻ) മഹാ ന്മാരായ മുഫസ്സിറുകൾ വ്യക്തമാക്കിയകാര്യമാണ്.

ശൈഖിന് കീഴ്പെടൽ അല്ലാഹുവിനും റസൂലിനുമുള്ള കീഴ്പെടലാണെന്നും മഹാനായ ഇസ്മാഈലുൽ ഹഖി അൽ ബറൂസവി(റ) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഖുർആനും സുന്നത്തും പോരേ, പിന്നെ എന്തിനാണൊരു ശൈഖ് എന്ന് ചോദിക്കുന്നവരുടെ നാവടക്കുന്നതാണ് വിശുദ്ധ ഖുർആന്റെ ഈ പ്രഖ്യാപനം. ജനങ്ങളേ, നിങ്ങൾ അള്ളാഹുവിനും റസൂലിനും വഴിപ്പെടുന്നതോടൊപ്പം എന്റെ പ്രതിനിധികളായ ത്വരീഖത്തിന്റെ മശാഇഖുമാർക്കും വഴിപ്പെടണമെന്ന് അല്ലാഹു മനുഷ്യകുലത്തോട് കൽപിക്കുന്നു.

സുറതുൽ മാഇദ 35-ാം സൂക്തത്തിലും ഇക്കാര്യം അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്:

സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനിലേക്ക് ഒരു ഇടയാളനെ തേടുകയും ചെയ്യുക... നിങ്ങൾ വിജയികളാകാൻ വേണ്ടി.

ആത്യന്തിക വിജയം ആഗ്രഹിക്കുന്നവരോട് തങ്ങളെ സംസ്കരിക്കാനും അള്ളാഹുവിലേക്കടുപ്പിക്കാനും യോഗ്യനായ ഒരു ഇടയാളനെ സ്വീകരിക്കാൻ അള്ളാഹു നിഷ്കർഷിക്കുന്നു. ഇടയാളൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ത്വരീഖത്തിന്റെ മശാഇഖുമാരാണെന്ന് മഹാന്മാരായ ഇസ്‌ലാമിക പണ്ഡിതർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ അള്ളാഹു നിശ്ചയിച്ച ഒരു ഇടനിലക്കാരന്റെ സഹവാസത്തിലായി അള്ളാഹുവിലേക്ക് യാത്ര ചെയ്യുന്ന മാർഗമാണ് ത്വരീഖത്ത്.

സൂറതുതൗബ 119-ാം സൂക്തത്തിലൂടെ ഇക്കാര്യം അല്ലാഹു വ്യക്തമാക്കുന്നു:

സത്യവിശ്വാസികളെ, നിങ്ങൾ സത്യവാൻമാരോട് കൂടെയ കണം. ത്വരീഖത്തിന്റെ മശാഇഖുമാർക്കൊപ്പം ചേർന്ന് വിജയം വരിക്കാനുള്ള ആഹ്വാനമാണ് ഈ സൂക്തത്തിലൂടെ നിർവഹി ക്കപ്പെട്ടതെന്ന് സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാ ക്കിയിട്ടുണ്ട്.

സുറത് ലുഖ്മാൻ 15-ാം സൂക്തത്തിൽ അല്ലാഹു പറയു ന്നു:

എന്നിലേക്ക് മടങ്ങിയവരുടെ പാത നീ പിൻപറ്റണം. ഇവി ടെയും അർത്ഥമാക്കുന്നത് ത്വരീഖത്തിന്റെ മശാഇഖുമാരെ അനു ധാവനം ചെയ്ത് വിജയം വരിക്കാനാണെന്ന് പണ്ഡിതർ വിശദീക രിച്ചിട്ടുണ്ട്.

മാത്രമല്ല, ആത്മസംസ്കരണം നിർവഹിക്കാനും അല്ലാ ഹുവിലേക്കെത്തിക്കാനും യോഗ്യനായ ഒരു ശൈഖിനെ ലഭിക്കാ തിരിക്കൽ അല്ലാഹു പരാചയം നിശ്ചയിച്ചവരുടെ അടയാളമായും വിശുദ്ധ ഖുർആൻ നമുക്ക് പറഞ്ഞ് തരുന്നു.

സൂറതുൽ കഹ്ഫ് 17ാം സൂക്തത്തിൽ ഇങ്ങനെ കാണാം: അല്ലാഹു പരാചയം നിശ്ചയിച്ചവർക്ക് ഒരു മുർശിദായ വലിയ്യിനെ എത്തിക്കാൻ നബിയെ നിങ്ങൾക്ക് കഴിയില്ല.

ആത്യന്തിക വിജയം ആഗ്രഹിക്കുന്നവർക്ക് ഒരു മുറബ്ബി യായ ശൈഖിനെ സ്വീകരിക്കൽ അനിവാര്യമാണെന്നും അല്ലാത്ത

പക്ഷം പരാജയമായിരിക്കും ഫലമെന്നും ഒന്നിലധികം ആയത്തുകളിലൂടെ പടച്ചതമ്പുരാൻ വ്യക്തമാക്കിയത് നാം മനസ്സിലാക്കി.

ഇത്തരം സൂക്തങ്ങളുടെയും തിരുഹദീസുകളുടെയും അടിസ്ഥാനത്തിലാണ് മഹാനായ ശൈഖ് ജീലാനി(റ) പ്രഖ്യാപിച്ചത്:

ഖുർആനും സുന്നതും അത് പിൻപറ്റുന്ന ആരിഫായ ശൈ ഖിനെയും പിൻതുടരുന്നില്ലെങ്കിൽ നീ ഒരിക്കലും വിജയം വരിക്കുകയില്ല. (അൽ ഫത്ഹുറബ്ബാനി) അല്ലാഹു കാത്തുരക്ഷിക്കട്ടെ.

## മദ്ഹബിന്റെ ഇമാമുമാരുടെ ത്വരീഖത്ത്

ഖുർആനും സുന്നത്തും വളരെ വ്യക്തമായി വിശദീകരിച്ചത് കൊണ്ട് തന്നെയാണ് പരിശുദ്ധ ദീനിന്റെ നായകരായ മദ്ഹബിന്റെ ഇമാമുമാരും ത്വരീഖത്തിന്റെ മാർഗത്തെ സ്വീകരിക്കാനും അതിൽ അടിയുറച്ചു നിൽക്കാനും തങ്ങളുടെ അനുയായികളെ പ്രസ്തുത മാർഗങ്ങളിലേക്ക് പ്രേരിപ്പിക്കാനും തയ്യാറായത്.

**ഇമാം മാലിക്(റ)**

തസ്വവ്വുഫിനെ സ്വീകരിക്കുകയും ശരീഅത്തിനെ ഉപേക്ഷിക്കുകയും ചെയ്തവൻ നിരീശ്വരവാദിയാണ്, ശരീഅത്തിനെ സ്വീകരിക്കുകയും തസവ്വുഫിന്റെ മാർഗത്തെ ഉപേക്ഷിക്കുകയും ചെയ്തവൻ തെമ്മാടിയുമാണ്. രണ്ടും ഒരുമിച്ചുകൂട്ടിയവൻ യാഥാർത്ഥ്യം എത്തിച്ചവനാണ്.

ഇമാം മാലിക്(റ)വിന്റെ വാക്കുകളാണിത്.

ആത്മസംസ്കരണത്തിന്റെ പ്രായോഗിക മാർഗമായ തസ്വവ്വുഫിനെ ഉപേക്ഷിക്കുന്ന വെറും ശരീഅത്തുകാരെയും തസ്വവ്വുഫിന്റെ പേര് പറഞ്ഞ് ശരീഅത്തിനെ തള്ളിപ്പറയുന്ന വ്യാജന്മാരെയും ഒരു പോലെ തള്ളിക്കളയുകയാണ് മഹാനായ ഇമാം മാലിക്(റ)ചെയ്യുന്നത്. ത്വരീഖത്തില്ലാത്ത ശരീഅത്തും ശരീഅത്തില്ലാത്ത ത്വരീഖത്തും രണ്ടും അപൂർണമാണെന്നാണ് മഹാനവർകൾ വ്യക്തമാക്കിയത്.

**ഇമാം അബൂ ഹനീഫ(റ)**

തന്റെ ശൈഖിനോടൊപ്പം ചിലവഴിച്ച രണ്ട് വർഷങ്ങളാണ് ആത്യന്തിക പരാജയത്തിൽ നിന്ന് തന്നെ രക്ഷിച്ചതെന്ന് പറഞ്ഞ് ത്വരീഖതിന്റെ ആവശ്യകത ആഴത്തിൽ ബോധ്യപ്പെടുത്തിയ മഹാനാണ് ഇമാം അബൂ ഹനീഫ(റ), അവിടന്ന് പറഞ്ഞു: ആ രണ്ട് വർഷങ്ങളില്ലായിരുന്നെങ്കിൽ ഈ നുഅ്മാൻ (അബൂ ഹനീഫ) നശിക്കുമായിരുന്നു.

നോക്കൂ, കർമശാസ്ത്രത്തിന്റെ മസ്അലകൾ മുടിനാരിഴ കീറി ചർച്ചചെയ്ത് ഹനഫിയ്യ മദ്ഹബിന്റെ ഇമാമായിത്തീർന്ന അ ത്യുന്നതനായ കർമ്മശാസ്ത്രപണ്ഡിതന് പോലും തന്റെ ശൈഖി നോടൊത്തുള്ള രണ്ട് വർഷമില്ലായിരുന്നെങ്കിൽ താൻ നശിക്കുമായിരുന്നു എന്ന് തോന്നിയെങ്കിൽ ത്വരീഖത്തൊന്നും വേണ്ട ശരീഅത്ത് മാത്രം മതി എന്ന് പറഞ്ഞ് സാധാരണക്കാരെ വഞ്ചിക്കുന്ന വ്യാജപണ്ഡിതരുടെ അവസ്ഥയെന്തായിരിക്കും?

**ഇമാം അഹ്മദ്(റ)**

ഇമാം അഹ്മദ്(റ)വും, ശാഫിഈ(റ)വുമൊക്കെ സൂഫിയാക്കൾക്കൊപ്പം ചേർന്നുവെന്നറിഞ്ഞപ്പോൾ ആളുകൾ ചോദിച്ചത്രെ, നിങ്ങളെപ്പോലുള്ള പണ്ഡിതരെന്തിന് ഈ ജാഹിലീങ്ങൾക്കൊപ്പം ഇരിക്കുന്നു. ഈ സംസാരത്തിന് അവർ നൽകിയ മറുപടി ഇങ്ങനെയായിരുന്നു;

'മൂലധനം അവരുടെ കയ്യിലാണ്.'

ഇസ്‌ലാമിന്റെ മൂലധനം മഹാന്മാരായ സൂഫിയാക്കളുടെയും ത്വരീഖത്തിന്റെ മശാഇഖുമാരുടെയും കൈകളിലാണെന്ന് പണ്ഡിത ലോകത്തെ രണ്ട് സൂര്യഗോളങ്ങൾ സാക്ഷ്യപ്പെടുത്തുമ്പോൾ ഈ പാതയുടെ മഹത്വം മനസ്സിലാക്കാൻ ഇതിലപ്പുറം എന്ത് വേണം?

മാത്രമല്ല ആദ്യകാലത്ത് സൂഫികളോടൊപ്പം കൂടുന്നതിനെ നിഷിധമായി വിമർഷിച്ചിരുന്ന അഹ്മദ്(റ) അബൂഹംസത്തുൽ ബഗ്ദാദി എന്ന ശൈഖിനോടൊപ്പം ചേർന്ന ശേഷം തന്റെ മകനോട് ഉപദേശിച്ചത് ഇപ്രകാരമായിരുന്നു:

മകനേ, അവരോട് (സൂഫികൾ) കൂടെയിരിക്കൽ നിനക്ക് നിർബന്ധമാണ്. അറിവും ദൈവഭയവും പരിത്യാഗവും ഉന്നതമനക്കരുത്തും മുറാഖബയുമെല്ലാം നമ്മെക്കാൾ കൂടുതലുള്ളവരാണവർ.

**ഇമാം ശാഫിഈ(റ)**

നമ്മുടെ മദ്ഹബിന്റെ ഇമാമായ ശാഫിഈ (റ)പറയുന്നത് കാണുക.

നിങ്ങളുടെ ദുൻയാവിൽ നിന്ന് മൂന്ന് കാര്യങ്ങൾ എനിക്ക് വളരെ ഇഷ്ടമാണ്. 1 കരുണയോടെ ജനങ്ങളോട് പെരുമാറുക, 2 കൃതിമത്വത്തിലേക്കെത്തുന്ന പ്രവർത്തനങ്ങൾ സൂക്ഷിക്കുക. 3 തസവ്വുഫിന്റെ മാർഗം പിന്തുടരുക.

ഇമാം ശാഫിഈ(റ)വിന് പോലും ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്ന് സൂഫികളുടെ മാർഗം പിന്തുടരലാണ് എങ്കിൽ മഹാനവർകളുടെ നൂറയലത്ത് പോലുമെത്താത്ത അൽപജ്ഞാനികളായ ചിലർ തങ്ങൾ വലിയ പണ്ഡിതരാണ്, അതിനാൽ തങ്ങൾക്ക് ത്വരീഖത്തും ശൈഖുമൊന്നും വേണ്ടതില്ല എന്ന് പറയുമ്പോൾ വിശുദ്ധ ഇസ്‌ലാമിന്റെ മൂലധനവും ആകെത്തുകയുമായ ത്വരീഖത്തിന്റെ മാർഗത്തെക്കുറിച്ച് അറിവില്ലാത്തവരുമാണ് അവരെന്ന് നിസ്സംശയം നമുക്ക് പറയാനാകും.

ത്വരീഖത്തിന്റെ പാത പിന്തുടരുകയും ശൈഖുമാരെ അനുധാവനം ചെയ്യുകയും ചെയ്ത പണ്ഡിതർ ഇനിയും ധാരാളമുണ്ട്.

**ത്വരീഖത്തിലേക്കെത്തിക്കാൻ നിരന്തര പ്രാർത്ഥന**

ത്വരീഖത്തിന്റെ മഹത്തായ പാതയിലെത്തിക്കാൻ ദിനേന 17 തവണ നിർബന്ധമായും ഉരുവിടാനുള്ള ഒരു പ്രാർത്ഥന അല്ലാഹു നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സൂറതുൽ ഫാതിഹയിലെ 6ാം സൂക്തമാണത്.

اهدنا الصراط المستقيم അല്ലാഹുവേ, ഞങ്ങളെ നീ നേർമാർഗത്തിലേക്കെത്തിക്കണെ.

മഹാന്മാർ വിശദീകരിക്കുന്നു:

സ്വിറാതുൽ മുസ്തഖീം എന്നത് കൊണ്ട് ഉദ്ധേശിക്കപ്പെടുന്നത് അല്ലാഹുവിലേക്കെത്തിക്കുന്ന വഴിയാണ്. ഈ വഴിയിൽ അല്ലാഹുവിനെ അറിയുന്ന ഒരു ശൈഖിന്റെ തർബിയത്തിൽ പ്രവേശിക്കൽ അത്യാവശ്യമാണ്. (അൽ ബഹ്റുൽ മദീദ്)

സ്വിറാതുൽ മുസ്തഖീം എന്നാൽ അല്ലാഹുവിലേക്കെത്തുന്ന ത്വരീഖത്തിന്റെ മാർഗമാണെന്ന് പണ്ഡിതർ വ്യക്തമാക്കുമ്പോൾ ആ മാർഗത്തിലേക്കെത്തിക്കാൻ നിരന്തരം പ്രാർത്ഥന നടത്താൻ ആവശ്യപ്പെടുക വഴി ത്വരീഖത്തിന്റെ പ്രാധാന്യവും അനിവാര്യതയുമാണ് അല്ലാഹു ലോകത്തെ അറിയിക്കുന്നത്.

**ത്വരീഖത്ത് സ്വീകരിക്കൽ നിർബന്ധമാണോ? ശൈഖ് സാലികിന് മാത്രമോ?**

മഹാനായ ഇമാം ഗസ്സാലി(റ) പറയുന്നു:

സൂഫികളൊടൊപ്പം ചേരൽ ഓരോ വ്യക്തിക്കും നിർബന്ധബാധ്യതയാണ്. കാരണം, ആന്തരികരോഗങ്ങളിൽ നിന്നും ന്യൂ നതകളിൽ നിന്നും അമ്പിയാക്കളല്ലാതെ മറ്റാരും സുരക്ഷിതരല്ല.

ത്വരീഖത്തിലും ശരീഅത്തിലും ഒരു പോലെ പാണ്ഡിത്യം നേടിയ ഇമാം ഗസ്സാലി(റ) പറയുന്നത് ത്വരീഖത്ത് സ്വീകരിക്കൽ എല്ലാവർക്കും ഫർള് ഐൻ ആണെന്നാണ്.

അഹ്മദ് ളിയാഉദ്ധീൻ(റ) പറയുന്നു: ത്വരീഖത്തിൽ പ്രവേശിക്കലും(സുലൂക്) രിയാളകളും മുജാഹദകളും നിർവഹിക്കലും ആന്തരികജ്ഞാനം കൈവരിക്കലും ഫർള് ഐനാകുന്നു.

ശൈഖില്ലാത്തവന്റെ ശൈഖ് ശൈത്വാനാണ് എന്ന ശൈഖ് ജീലാനി(റ)വിന്റെയും മറ്റു മശാഇഖുമാരുടെയും വാക്യങ്ങൾ ഉദ്ധരിക്കുമ്പോൾ അത് സാലികിനെ കുറിച്ചാണ്. സാലികിന് മാത്രമേ ശൈഖിനെ സ്വീകരിക്കൽ നിർബന്ധമുള്ളൂ എന്നും പ്രചരിപ്പിക്കുന്നവർക്ക് ശക്തമായ മറുപടിയാണ് ഇമാം ഗസ്സാലി(റ)വിന്റെയും അഹ്മദ് ളിയാഉദ്ധീൻ(റ)വിന്റെയും വാക്കുകൾ. സൂഫികളുടെ പാതയിൽ പ്രവേശിക്കൽ (സുലൂക്, സാലിക്കാകൽ) തന്നെ നിർബ സ്ധമാണെന്നാണ് ഈ മഹാന്മാർ സംശയങ്ങൾകിട നൽകാത്തവിധം വ്യക്തമാക്കിയത്

ഇമാം ശഅ്റാനി(റ)വും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മഹാനവർകൾ പറഞ്ഞു: ഹൃദയം കൊണ്ട് അല്ലാഹുവിലേക്കടുക്കുന്നതിൽനിന്ന് തടയുന്ന സ്വഭാവങ്ങളിൽനിന്ന് രക്ഷപ്പെടാൻ വഴികാട്ടുന്ന ശൈഖിനെ സ്വീകരിക്കൽ മനുഷ്യന് നിർബന്ധമാണെന്ന് ത്വരീഖത്തിന്റ പണ്ഡിതർ മുഴുക്കെ ഏകോപിച്ചിരിക്കുന്നു. നിസ്കാരം ശരിയാവുന്നതിന് വേണ്ടിയാണിത്.

ശരീരം കൊണ്ട് ചെയ്യുന്ന കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ടമായ നിസ്കാരം പോലും ശരിയാം വിധം നിർവഹിക്കാനും ആന്തരിക ന്യൂനതകളിൽ നിന്ന് രക്ഷപ്രാപിക്കാനും ഒരു ശൈഖിനെ സ്വീകരിക്കൽ നിർബന്ധബാധ്യതയാണെന്ന് മഹാനവർകൾ വ്യക്തമാക്കുമ്പോൾ ത്വരീഖത് ആണിന് വേണോ പെണ്ണിന് വേണോ, പണ്ഡിതന് വേണോ പാമരന് വേണോ, സാധാരക്കാരന് വേണോ അസാധാരണക്കാരന് വേണോ എന്നൊക്കെ സംശയങ്ങളുന്നയിച്ച് ത്വരീഖത്തിന്റെ സുന്ദരമാർഗത്തിൽ നിന്ന്

കുതറിമാറാൻ ശ്രമിക്കുന്ന സകല വ്യാജപണ്ഡരുടെയും വായടപ്പി ക്കുന്ന തരത്തിലുള്ളതാണ് ഈ പ്രഖ്യാപനം.

മഹാനവർകൾ തന്നെ വീണ്ടും പറയുന്നു; അനിയന്ത്രിത മായ ശരീരത്തിൽ നിന്നും ആന്തരിക മാലിന്യങ്ങളിൽ നിന്നും മോചിതനാകാൻ ഒരു ശൈഖിനെ പിന്തുടർന്ന് മുജാഹദകൾ അനുഷ്ടിക്കൽ നിർബന്ധമാണെന്ന് ത്വരീഖത്തിന്റെയും ശരീഅ ത്തിന്റെയും പണ്ഡിതർ ഏകകണ്ഠമായി പറഞ്ഞിരിക്കുന്നു.

ത്വരീഖത്ത് സ്വീകരിക്കലും ശൈഖിനെ പിൻപറ്റലും നിർബന്ധമാണെന്ന കാര്യത്തിൽ ത്വരീഖത്തിന്റെ പണ്ഡിതരും ശരീഅത്തിന്റെ പണ്ഡിതരും ഏകാഭിപ്രായക്കാരാണ്.

ത്വരീഖത്ത് സ്വീകരിക്കൽ നിർബന്ധമുള്ള കാര്യമല്ലെന്നും നിർബന്ധമാണെങ്കിൽ തന്നെ അത് ത്വരീഖത്തിന്റെയാളുകളുടെ മാത്രം അഭിപ്രായമാണെന്നും പറഞ്ഞ് ജനങ്ങളെ ഈ വിശുദ്ധ മാർഗത്തിൽ നിന്നകറ്റാൻ ഇനിയൊരാൾക്കും സാധിക്കില്ലെന്ന് പ്രസ്തുത വചനം നമ്മെ ബോധ്യപ്പെടുത്തുന്നു.

## ആത്മസംസ്കരണത്തിന് ത്വരീഖത്തല്ലാതെ മറ്റുമാർഗമില്ല

അല്ലാഹു പറയുന്നു: ആത്മസംസ്കരണം നിർവഹിച്ചവർ വിജയം വരിച്ചു. അല്ലാത്തവർ പരാജയപ്പെടുകയും ചെയ്തു.

മറ്റൊരു സൂക്തത്തിൽ, സംശുദ്ധമായ ആത്മാവുമായി വരു ന്നവർക്കല്ലാതെ പരലോകത്ത് ഒന്നും ഉപകാരപ്പെടില്ലെന്നും അവ ൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരിക്കെ, ആത്മാവിനെ അതിന്റെ മാ ലിന്യങ്ങളിൽ നിന്ന് മോചിപ്പിക്കാതെ പരലോകവിജയം നേടാനാ

വുമെന്ന് നാം വ്യാമോഹിക്കേണ്ട. അതിനാൽ തന്നെയാണ് ആത്മ സംസ്കരണം നിർവഹിക്കലും അതിനുള്ള വഴി തേടലും ഏതൊ രാൾകും നിർബന്ധ വ്യക്തിബാധ്യതയാണെന്ന് മഹാൻമാരായ ശരീഅത്തിന്റെ പണ്ഡിതർ വ്യക്തമാക്കിയത്.

ശാഫിഈ പണ്ഡിതനായ ഖതീബുശിർബീനി(റ) പറയു ന്നു. ശുദ്ധീകരണം (ത്വഹാറത്) നിർബന്ധമായതും സുന്നത്തായ തുമുണ്ട്. നിർബന്ധമായത് തന്നെ ശാരീരികമായതും ആത്മീയമാ യതുമുണ്ട്. അസൂയ അഹങ്കാരം ലോകമാന്യം തുടങ്ങിയവയിൽ നിന്ന് ശുദ്ധിയാവലാണ് ആത്മീയമായ ശുദ്ധീകരണം.

ആത്മാവിനെ ബാധിക്കുന്ന രോഗങ്ങളിൽ നിന്ന് ശുദ്ധി നേടൽ ഫർള് ഐൻ (നിർബന്ധ വ്യക്തി ബാധ്യത) ആണെന്ന് ഇമാം ഗസ്സാലി(റ)വും മുതവല്ലി(റ)വും ബഗ്‌വി(റ)വും ഖാളി ഹുസൈ ൻ(റ)വും വ്യക്തമാക്കിയിട്ടുണ്ട്.

**ആത്മാവിന്റെ ദുശ്ശീലങ്ങളിൽനിന്ന് രക്ഷനേടാൻ എന്താ ണ് മാർഗം?**

ത്വരീഖത്തിൽ പ്രവേശിക്കാതെ ദുശ്ശീലങ്ങളിൽ നിന്ന് രക്ഷ നേടൽ അസംഭവ്യമാണ് (സൈറു വ സുലൂക്) എന്ന് പണ്ഡിതർ വ്യക്തമാക്കിയിട്ടുണ്ട്.

ആത്മസംസ്കരണം നിർബന്ധമാണെങ്കിലും അതിന് ത്വരീ ഖത്ത് സ്വീകരിക്കണമെന്നില്ല എന്ന് പറഞ്ഞ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ഇനിയും ശ്രമിക്കണോ എന്ന് വ്യാജപണ്ഡിതർ ആലോചിക്കുന്നത് നന്ന്.

## യഥാർത്ഥ പ്രബോധകർ ആര്?

ഇമാം സ്വാവി(റ) പറയുന്നു:

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ഏറ്റവും ഉന്നതരായ പ്രബോധകർ ത്വരീഖത്തിലേക്ക് പ്രവേശിപ്പിക്കുന്ന ഔലിയാക്കളാണ്. അവർ എല്ലാ കാലത്തുമുണ്ടാകും.

## ത്വരീഖത്തുള്ളവനാണ് സുന്നി

ശൈഖ് ജീലാനി(റ) തന്റെ സിർറുൽ അസ്റാറിൽ പറയുന്നു: വാക്കുകളും പ്രവർത്തനങ്ങളും ശരീഅത്തിനോടും ത്വരീഖത്തിനോടും യോജിച്ച ആളുകളാണ് സുന്നികൾ, അവരാണ് സുന്നത്ത് ജമാഅത്തിന്റെ ആളുകൾ, അവരിൽ ചിലർ ഹിസാബില്ലാതെ സ്വർഗത്തിൽ കടക്കുന്നവരും മറ്റു ചിലർ ശിക്ഷക്ക് ശേഷം സ്വർഗത്തിൽ കടക്കുന്നവരുമാണ്.

കിതാബുൽ ഇബ്രീസിൽ പറയുന്നത് കാണുക:

ഞാൻ പറഞ്ഞ വിശേഷണങ്ങളൊത്ത ശൈഖുമാർ എല്ലാ നാടുകളിലും ജനങ്ങൾക്കിടയിലും ധാരാളമുണ്ടാകും. അവരെ അന്വേഷിച്ചാൽ നിനക്ക് കണ്ടെത്താനാകും.അല്ലാതെ നീ അഹ്ലുസ്സുന്നതി വൽ ജമാഅത്തിൽ നിന്ന് പുറത്ത് പോകരുത്.
ശൈഖിനെ അന്വേഷിക്കാനോ ത്വരീഖത്ത് സ്വീകരിക്കാനോ ശ്രമിക്കാത്തവർ സുന്നികളല്ലെന്ന സന്ദേശമാണ് മഹാന്മാർ നമുക്ക് നൽകുന്നത്.

## ശൈഖിനെ ലഭിക്കാത്തവർ എന്ത് ചെയ്യണം

ബഹുമാനപ്പെട്ട യുസുഫുന്നബ്ഹാനി(റ) പറയുന്നു: ഒരു ശൈഖിനെ ലഭിക്കാനും അറിയാനും ആരെങ്കിലും ആഗ്രഹിക്കു

കയും അതിന് യാതൊരു മാർഗവുമില്ലാതിരിക്കജശ യും ചെയ്താൽ (ശൈഖിനെ തേടാതിരിക്കുകയല്ല വേണ്ടത് മറിച്ച്) അല്ലാഹുവിലേക്ക് മുന്നിട്ട് സത്യസന്ധനായ ഒരു പ്രണയിയുടെ മനസ്സുമായി തന്നെ ഈ പ്രയാസത്തിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയുന്ന ഒരു ശൈഖിനെ അറിയിച്ചു തരാനും അദ്ദേഹത്തിന്റെ കൽപനകൾ സ്വീകരിക്കാൻ തൗഫീഖുണ്ടാകാനും നിരന്തരം പ്രാർത്ഥിക്കുകയും കേണപേക്ഷിക്കുകയും വേണം.(സആദതുദ്ദാ റൈൻ)

## ശൈഖിന് പകരം സ്വലാത്ത് മതിയോ?

ഇന്നത്തെക്കാലത്ത് ശൈഖുമാരുണ്ടാവില്ലെന്നും അത് കൊണ്ടുതന്നെ ശൈഖുമാരെ അന്വേഷിക്കേണ്ടതില്ലെന്നും നബി (സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലിയാൽ തന്നെ മതിയെന്നും പറഞ്ഞ് യഥാർത്ഥ ശൈഖുമാരിൽ നിന്ന് ജനങ്ങളെ അകറ്റാൻ ചില വ്യാജപണ്ഡിതന്മാർ കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. ജനങ്ങളുടെ അറിവില്ലായ്മ മുതലെടുത്ത് അവരെ അപകടത്തിൽ ചാടിക്കാനുള്ള പൈശാചിക തന്ത്രമായിട്ടു മാത്രമേ ഇതിനെ മനസ്സിലാക്കേണ്ടതു ള്ളൂ. കാരണം ത്വരീഖത്തിന്റെ ശൈഖുമാർ അവസാന കാലം വരെ നിലനിൽക്കുക തന്നെ ചെയ്യുമെന്നാണ് ഔലിയാക്കളുടെ നേതാ വായ ശൈഖ് ജീലാനി(റ)അടക്കമുള്ള മഹത്തുക്കൾ വ്യക്തമാക്കിയത്. അതുകൊണ്ട് തന്നെ ശൈഖിനെ അന്വേഷിക്കണമെന്നും സ്വന്തം നാട്ടിലില്ലെങ്കിൽ ഉള്ള സ്ഥലത്തേക്ക് യാത്രപോവണമെന്നും പ്രസ്തുത ഉദ്യമത്തിൽ നിന്ന് പിന്മാററുതെന്നും മഹാൻമാർ വ്യക്തമാക്കിയതുമാണ്.

എന്നിട്ടും ശൈഖുമാരുടെ കാലം കഴിഞ്ഞു, ഇനി അന്വേഷിക്കണ്ടതില്ല സ്വലാത്ത് ചൊല്ലിയാൽ തന്നെ മതി എന്ന് പറയുന്നവർ സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കയും ചെയ്യുന്ന വ്യാജന്മാരല്ലേ?

സ്വലാത്ത് ശൈഖിന്റെ സ്ഥാനത്ത് നിൽക്കുമെന്ന് ചില മഹാന്മാർ വ്യക്തമാക്കിയത് ശൈഖുമാരെ തീരെ അന്വേഷിക്കാൻ പോലും തയ്യാറാകാത്ത ആളുകൾക്കല്ല. മറിച്ച്, സത്യസന്ധമായി അന്വേഷിച്ചിട്ടും കണ്ടെത്താൻ കഴിയാത്തവർക്കുള്ള ഒരു പരിഹാരമായിട്ടാണ്. ശൈഖിനെ ലഭിക്കാനും അല്ലാഹുവിലേക്കടുക്കാനും ആത്മാർത്ഥമായി ആഗ്രഹിക്കുന്ന അക്കൂട്ടർ ആ പരിശുദ്ധമായ നിയ്യത്തിലായി സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു ശൈഖുമാരെ അറിയിച്ചുകൊടുക്കുമെന്നാണ് അവർ പറഞ്ഞത്. ശൈഖും ത്വരീഖത്തും ആവശ്യമില്ലെന്ന് പറയുന്നവർ മഹാന്മാരുടെ പ്രസ്തുത വാക്യങ്ങൾ ഉദ്ധരിച്ച് സ്വലാത്ത് മതിയെന്ന് പറയുന്നത് കടുത്ത വഞ്ചനയാണെന്നതിൽ സംശയമില്ല.

ആത്മാർത്ഥമായി ശൈഖിനെ അന്വേഷിച്ചിട്ടും കിട്ടിയിട്ടില്ലെങ്കിൽ അവൻ നിരന്തരം പടച്ച തമ്പുരാനോട് ശൈഖിനെ കാണിച്ചു തരാൻ കേണപേക്ഷിക്കുകയാണ് വേണ്ടത് എന്ന പറഞ്ഞ ശേഷം യൂസുഫുന്നബ്ഹാനി(റ) തുടർന്ന് പറയുന്നത് കാണുക.

ശൈഖിനെ ലഭിക്കാത്തവന് മേൽ പറഞ്ഞതിനേക്കാൾ ഉപകാരപ്രദവും ഉന്നതവുമായ മാർഗം വളരെ ആദരവോടും മനസ്സാന്നിധ്യത്തോടും കൂടെ, പുണ്യനബി(സ)യുടെ മുന്നിലാണിരിക്കുന്നതെന്ന വിചാരത്തോടെ തന്റെ പരമാവധി സമയം റസൂ

ലിന്റെ മേൽ സ്വലാത്ത് അധികരിപ്പിക്കുന്നതിൽ മുഴുകലാണ്. ഇങ്ങനെ അവൻ നിത്യവും ചെയ്യണം.

(സആദതുദ്ദാറൈൻ)

ശൈഖിനെ അന്വേഷിച്ചിട്ട് ലഭിക്കാത്തവൻ എന്ത് ചെയ്യണമെന്നാണ് മഹാനവർകൾ വ്യക്തമാക്കിയത്. പത്തോ, മുപ്പതോ, നൂറോ ആയിരമോ പതിനായിരമോ സ്വലാത്ത് ചൊല്ലിയാൽ തന്നെ മതിയാകുമെന്നല്ല, ആത്മാർത്ഥമായി ദിവസവും കഴിവിന്റെ പരമാവധി സമയം സ്വലാത്തിൽ മുഴുകാനാണ്.

ആഴ്ചയിലോ മാസത്തിലോ നടക്കുന്ന സ്വലാത്ത് മജ്ലിസുകളിൽ പങ്കെടുക്കുന്നവരും, നിസ്കാര ശേഷവും ക്ലാസുകൾ അവസാനിക്കുമ്പോഴും അഞ്ചോ പത്തോ ചൊല്ലുന്നവരും വന്ന് ഞങ്ങൾ സ്വലാത്ത് ചൊല്ലുന്നവരാണ് അതു കൊണ്ട് ശൈഖിന്റെ ആവശ്യമൊന്നും ഞങ്ങൾക്കില്ലെന്നും പറഞ്ഞ് നടക്കുന്ന നുണയൻമാരുടെ നാവടക്കുകയാണ് മഹാനായ നബ്ഹാനി(റ).

മഹാനവർകൾ വീണ്ടും പറയുന്നു:

(ശൈഖിനെ അന്വേഷിച്ച് കണ്ടെത്താൻ കഴിയാത്തവൻ ദിവസവും പരമാവധി സമയം ആത്മാർത്ഥമായി സ്വലാത്തിൽ മുഴുകിയാൽ) ദാഹിച്ച് വലഞ്ഞവൻ വെള്ളം കുടിക്കാൻ കൊതിക്കുന്നത് പോലെ അല്ലാഹുവിലെത്തണമെന്ന് അവന് ആഗ്രഹവുമുണ്ടെങ്കിൽ അല്ലാഹു അവന്റെ കൈപിടിച്ച് അവനിലേക്ക് എത്തിക്കുന്നതാണ്. അത് തന്നെ ഒന്നുകിൽ പരിപൂർണ്ണനായ ഒരു ശൈഖിലേക്കെത്തിക്കൽ കൊണ്ടോ, അവന്റെ തർബിയത്തിന് നബി (സ) തങ്ങളെ തന്നെ ഏൽപിക്കൽ കൊണ്ടോ ആയിരിക്കും. അ

തുമല്ലെങ്കിൽ നിരന്തരം സ്വലാത്തിൽ മുഴുകിയത് കാരണം അവന് വുസൂലിന്റെ വാതിലുകൾ തുറന്നുകൊടുക്കൽ കൊണ്ടും ആവാം. (സആദതുദ്ദാറൈൻ)

ശൈഖിനെക്കണ്ടെത്താനുള്ള ഒരു മാർഗമാണ് മഹാനവർ കൾ ഇവിടെ വ്യക്തമാക്കിയത്.

ശൈഖിന് പകരം സ്വലാത്ത് മതിയെന്ന പ്രസ്താവനയെ ക്കുറിച്ച് മഹാനായ ഇബ്നു അജീബ(റ) പറയുന്നത് നോക്കുക:

ആത്മാർത്ഥമായി അന്വേഷിക്കുന്നവനാണെങ്കിൽ നബി (സ)യുടെ മേൽ അധികരിപ്പിക്കപ്പെടുന്ന സ്വലാത്തുകൾ അവന്റെ കരം പിടിക്കാൻ യോഗ്യനായ ശൈഖിനെ അറിയിച്ച് കൊടുക്കു കയും നബി(സ)യുടെ പ്രതിനിധിയായ തർബിയത്തിന്റെ ശൈഖി ലേക്ക് അവനെ എത്തിക്കുകയും ചെയ്യും.

എന്നാൽ ശരീഅത്തും ഹഖീഖത്തും ശരിയാവുന്ന വിധ ത്തിൽ ഫനാഇന്റെയും ബഖാഇന്റെയും സ്ഥാനങ്ങളിൽ പ്രവേശി ക്കുന്ന കാര്യത്തിൽ സ്വലാത്ത് തർബിയത്തിന്റെ ശൈഖിന്റെ സ്ഥാനത്ത് നിൽകുന്നതല്ല. കാരണം ആത്മാവിന്റെ മാലിന്യങ്ങ ളിൽ നിന്ന് പൂർണമായും അകറ്റാൻ അവനല്ലാത്ത ഒരു കൽപി ക്കുന്നവൻ ആവശ്യമാണ്... ഇതാണ് നാം അനുഭവിച്ചറിഞ്ഞതും ബോധ്യപ്പെട്ടതും ശൈഖുമാരിൽ നിന്ന് കേട്ട് മനസ്സിലാക്കിയതും. (അൽ ബഹ്റുൽ മദീദ്)

ഇമാം ബുജൈരിമി പറയുന്നു:ശൈഖിന് പകരം സ്വലാത്ത് മതിയെന്ന വാദത്തിന് മറുപടിയായി മഹാനായ ശൈഖ് അബുൽ അബ്ബാസ് അഹ്മദ് ബ്നു മൂസൽ യമനി(റ) പറഞ്ഞു:

പ്രകാശിപ്പിക്കുന്ന വിശയത്തിൽ മാത്രമേ സ്വലാത്ത് ശൈഖിന്റെ സ്ഥാനത്ത് നിൽകുകയുള്ളൂ. എന്നാൽ വിലായത്തിന്റെ സ്ഥാനത്തെത്താൻ ഒരു ശൈഖ് കൂടാതെ കഴിയില്ല. തസ്വവ്വുഫിന്റെ ആളുകളുടെ അടുത്ത് അറിയപ്പെട്ടകാര്യമാണിത്.

## മാതാപിതാക്കൾ എതിരാണെങ്കിലും നിർബന്ധം തന്നെ

മഹാനായ ഇമാം ശഅ്റാനി(റ) പറയുന്നു;

ത്വരീഖത്തിന്റെ ശൈഖിനെ പിന്തുടരൽ നിർബന്ധബാധ്യതയാണെന്ന് ബോധ്യപ്പെട്ട സ്ഥിതിക്ക് മാതാപിതാക്കൾ എതിരായാൽ പോലും തർബിയത്ത് നടത്താനും ആന്തരികമാലിന്യങ്ങൾ ചികിത്സിച്ചുമാറ്റാനും യോഗ്യനായ ശൈഖിനെ കണ്ടെത്തിയാൽ അദ്ദേഹത്തിലേക്ക് യാത്രപോവലും നിർബന്ധ ബാധ്യത തന്നെ.

മഹാനായ ഇബ്നു അജീബ(റ) പറയുന്നു:

മാതാപിതാക്കളെ അനുസരിക്കൽ നിർബന്ധമാണ്. തർബിയത്തിന്റെ ശൈഖിനെ സഹവസിക്കുന്നതിൽ നിന്ന് തടയുമ്പോഴല്ലാതെ എല്ലാകാര്യങ്ങളിലും അവർക്ക് കീഴ്പെടണം. ആന്തരികമായ ശിർക്കിൽ നിന്നും ശുദ്ധീകരിക്കുന്നവർ ശൈഖുമാരാണ്, അവരെ സമീപിക്കുന്നതിന് തടസ്സം നിൽകുമ്പോൾ മാതാപിതാക്കളെ അനുസരിക്കേണ്ടതില്ല. ഖുർആനിക സൂക്തം അതാണ് സൂചിപ്പിക്കുന്നത്.

ഇമാം ജുനൈദ് (റ) പറഞ്ഞിരിക്കുന്നു: ‘ഒരിക്കൽ എന്നോട് പിതാവ് ഒരു കാര്യം കൽപിക്കുകയും എന്റെ ശൈഖ് സിരിയ്യു സഖ്തി(റ) മറ്റൊരു കാര്യം കൽപിക്കുകയും ചെയ്തു. ശൈഖ്

പറഞ്ഞ കാര്യത്തിനാണ് ഞാൻ മുൻഗണന നൽകിയത് അതിൽ വലിയ രഹസ്യങ്ങളുണ്ട്.'

നമ്മുടെ ശൈഖുമാരുടെ ശൈഖായിരുന്ന യൂസുഫുൽ ഫാസി(റ)വിന്റെയരികിൽ ഫാസിലെ ഒരു പ്രധാനിയുടെ മകനായ യുവാവ് വരാറുണ്ടായിരുന്നു. ശൈഖിനെ സമീപിക്കുന്നത് കാരണം പിതാവ് അദ്ദേഹത്തെ തടയുകയും പ്രയാസപ്പെടുത്തുകയും ചെയ്യുമായിരുന്നു.

ശൈഖ് യുവാവിനോട് പറഞ്ഞു: 'എല്ലാ കാര്യത്തിലും നീ പിതാവിനെ അനുസരിക്കുക. എന്റെയരികിൽ വരുന്ന കാര്യത്തിലൊഴികെ.'

ചില ശൈഖുമാർ പറയാറുണ്ടായിരുന്നു:

മാതാപിതാക്കൾക്ക് ഇഷ്ടമില്ലെങ്കിലും നമ്മുടെയടുത്ത് വരിക. നന്നാവാൻ ഉദ്ധേശിച്ചാണ് നീ വരുന്നതെങ്കിൽ അവരെ തിർത്താലും നിനക്കൊരു പ്രയാസവുമുണ്ടാവില്ല.

## വിദ്യാർത്ഥികൾക്കും വേണം

ആത്മാവിന്റെ ന്യൂനതകളിൽ നിന്ന് രക്ഷനേടാൻ ഏതെങ്കിലുമൊരു ശൈഖിനെ സ്വീകരിക്കാതെ വിദ്യാർത്ഥി പ്രശംസിക്കപ്പെടുകയില്ല. ശൈഖിനോടൊപ്പം ചേർന്നില്ലെങ്കിൽ പിശാചിന്റെ കെ ണിവലകളിൽ മിക്കവാറും അവൻ പെട്ട് പോകും. (ദുററുൽ മർളിയ്യ).

ആധുനിക കേരളത്തിലെ മത സ്ഥാപനങ്ങളിലും പള്ളിദർസുകളിലും നടമാടിക്കൊണ്ടിരിക്കുന്ന ലൈഗിക അരാചകത്വ

ത്തിന്റെ കാരണത്തിലേക്കും പരിഹാരത്തിലേക്കുമാണ് മഹാനാന്മാരായ പണ്ഡിതർ വിരൽ ചൂണ്ടുന്നത്.

അല്ലാഹുവും റസൂൽ തിരുമേനിയും ഏറ്റവും വെറുക്കുന്ന സ്വവർഗരതിയെന്ന മഹാവിപത്തിന്റെ പ്രചാരകരും പ്രബോധകരുമായിത്തീരുന്ന മതവിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കണ്ണ് തുറപ്പിക്കാൻ ഈ ഉദ്ധരണി ധാരാളമാണ്. ആത്മസംസ്കരണത്തിന് ഒരു ശൈഖിനെ സമീപിക്കാത്തകാലത്തോളം പിശാചിന്റെ കെണിവലകളിൽ നിന്ന് രക്ഷനേടാൻ വിദ്യാർത്ഥികൾക്ക് കഴിയില്ലെന്ന സത്യം തിരിച്ചറിഞ്ഞ് മാറ്റത്തിന് തയ്യാറായില്ലെങ്കിൽ ലൂത് നബി(അ)മിന്റെ സമൂഹം ശിക്ഷിക്കപ്പെട്ടത് പോലെ കേരളത്തിലെ മതസ്ഥാപനങ്ങൾ കീഴ്മേൽ മറിച്ച് നശിപ്പിക്കപ്പെടുമോയെന്ന് നാമെല്ലാം പേടിക്കേണ്ടിയിരിക്കുന്നു.

ഇമാം ശഅറാനി(റ) തന്റെ ലവാഖിഹിൽ പറയുന്നു:

വിദ്യാർത്ഥി ഇഖ്ലാസിന്റെ സ്ഥാനത്തേക്കെത്തിയിട്ടില്ലെങ്കിൽ അവനെ ഇഖ്ലാസിലേക്കെത്തിക്കുന്ന ഒരു ശൈഖിനെ സ്വീകരിക്കൽ എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാണ്. ഹഖീഖത്തിന്റെ അവസ്ഥയിലേക്കെത്തുമ്പോഴാണ് ഒരാൾ യഥാർത്ഥ മുഖ്ലിസായിത്തീരുക എന്നാണ് ശൈഖ് ജീലാനി(റ) വ്യക്തമാക്കിയത്.

എന്നിരിക്കെ, വിദ്യാർത്ഥികൾക്ക് ത്വരീഖത്തും ശൈഖുമൊന്നും വേണ്ട എന്നു പറയുന്ന ഉസ്താദുമാർ തന്റെ ശിഷ്യൻമാരെ വഞ്ചിക്കുകയാണ് ചെയ്യുന്നത്.

## പണ്ഡിതർക്കും അത്യാവശ്യം

ഇമാം ത്വീബി(റ) പറയുന്നു;

സാഗരസമാന വിജ്ഞാനം നേടി തന്റെ കാലത്തെ അതുല്യപണ്ഡിതനായി മാറിയാലും പഠിച്ചതുകൊണ്ട് തൃപ്തിപ്പെടാൻ അവന് പാടില്ല. യഥാർത്ഥ വഴികാട്ടാൻ ത്വരീഖത്തിന്റെ അഹ്ലുകാരോടൊപ്പം ചേരലാണ് അവന് നിർബന്ധം.

## ശൈഖില്ലാത്തവൻ കുറ്റക്കാരൻ

ഇമാം ശഅ്റാനി(റ) തന്റെ ലവാഖിഉൽ അൻവാരിൽ ഖുദ്സിയ എന്ന ഗ്രന്ധത്തിൽ പറയുന്നു:

ആത്മീയ രോഗങ്ങളിൽ നിന്ന് രക്ഷ നേടാൻ ഒരു ശൈഖിനെ സ്വീകരിക്കാത്തവരെല്ലാം അല്ലാഹുവിനെയും റസൂൽ(സ)യെയും ധിക്കരിച്ചവരാണ്. കാരണം ആയിരം കിതാബുകൾ മനഃപ്പാഠമാക്കിയാലും ശൈഖില്ലാതെ ആന്തരികരോഗങ്ങളിൽ നിന്ന് രക്ഷ നേടാനാകില്ല.

## എല്ലാവർക്കും ത്വരീഖത്ത്

മുൻഗാമികളായ മഹത്തുക്കൾ സാധാരണക്കാർക്കും അസാധാരണക്കാർകുമെല്ലാം ത്വരീഖത്ത് നൽകാൻ അതിയായി താൽപര്യപ്പെട്ടിരുന്നു. (ഖിലാദതുൽ ജവാഹിർ)

## വരുന്നവർക്കെല്ലാം ത്വരീഖത്ത്

ശൈഖ് സ്വാവി(റ) തന്റെ തഫ്സീറിൽ പറയുന്നു: മഹാനായ ഇമാം ജുനൈദ്(റ)വിന്റെയരികിൽ പാപികൾ തൗബചെയ്യാനായിവരുമ്പോൾ അവർക്ക് ദിക്ർ ചൊല്ലിക്കൊടുക്കുകയും

അതേറ്റ് ചൊല്ലി അധികരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു.

മഹാനായ ശൈഖ് ജീലാനി(റ)വിന്റെ ചരിത്രം രേഖപ്പെടുത്തിയ പണ്ഡിതർ വ്യകത്മാക്കുന്നു:

നിസ്കാരം ഒഴിവാക്കുന്നവരും അതിൽ അശ്രദ്ധകാണിക്കുന്നവരുമായ ആളുകൾ മഹാനവർകളുടെ അരികിൽ വന്ന് പരാതി പറയും. അവരോട് ലാഇലാഹ ഇല്ലല്ലാ എന്ന വിശുദ്ധ വാക്യം അധികരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. വ്യഭിചാരികളും കള്ളുകുടിയൻമാരും മറ്റ് തെറ്റ് കുറ്റങ്ങളിൽ ഏർപെടുന്നവരും തങ്ങളുടെ ദുഷ്ചെയ്തികളെകുറിച്ച് പരാതി പറയുമ്പോൾ അവരോടും ഈ പരിശുദ്ധ ദിക്ർ വർദ്ധിപ്പിക്കാൻ മഹാനവർകൾ ആവശ്യപ്പെടുമായിരുന്നു.

നന്നാവാൻ കൊതിച്ചെത്തുന്ന ഏതൊരാൾക്കും ത്വരീഖത്തിന്റെ ദിക്റും തൽഖീനും നൽകാൻ മഹാനവർകൾ തയ്യാറായിരുന്നുവെന്നാണ് അവിടത്തെ മഹദ് വചനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. ശൈഖ് ജീലാനി(റ) പറഞ്ഞു: 'എന്റെ ഈ കയ്യ് (ത്വരീഖത്ത്) ഖിയാമത്ത് നാൾവരെ നിലനിൽകുക തന്നെ ചെയ്യും. നന്നാവാൻ ആഗ്രഹിക്കുന്നവർക്കൊക്കെ ആ വഴിയിലൂടെ വിജ യം വരിക്കാനും സാധിക്കും.' (ഖുത്ബിയ്യത്)

തന്റെ ത്വരീഖത്തിൽ തുടർന്ന് വിജയം വരിക്കാനുള്ള മാനദണ്ഡമായി ശൈഖ് ജീലാനി(റ) വ്യക്തമാക്കിയത് ഒരു കാര്യം മാത്രമാണ്. നന്നാവണമെന്ന ആഗ്രഹമുള്ളവനായിരിക്കണം. നന്നാവ ണമെന്ന് ആഗ്രഹമുള്ള ആർക്കും മഹാനവർകൾ

ത്വരീഖത്ത് നൽകുകയും വിജയപാതയിലേക്ക് അവരെ ആന യിക്കുകയും ചെയ്തിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹി ക്കുന്നു.

ശൈഖ് സർഖുസ്തി(റ) പറയുന്നു:

ഒരു പാപി വന്ന് എനിക്ക് ത്വരീഖത്ത് വേണം എന്ന് ശൈ ഖിനോടപേക്ഷിച്ചാൽ, അവൻ സത്യസന്ധനോ അല്ലാത്തവനോ എന്ന് പരിഗണിക്കാതെ അവന്റെ അപേക്ഷ സ്വീകരിക്കൽ ശൈഖു മാരുടെ കടമയായതിനാൽ അവനെ സ്വീകരിക്കേണ്ടതാണ്.

## മുരീദ് യോഗ്യനല്ലെങ്കിലും ഉപകാരം തന്നെ

അബ്ദുൽ അസീസ് ദബ്ബാഗ്(റ) പറയുന്നു:

യോഗ്യതയില്ലാത്തൊരാൾ ശൈഖിന്റെയരികിൽ വന്ന് എ നിക്ക് ത്വരീഖത്ത് നൽകണമെന്നാവശ്യപ്പെട്ടാൽ അവൻ തടയപ്പെ ടരുത് കാരണം ശൈഖുമാർ തടയുന്നവരല്ല. ഇക്കാരണത്താലാണ് ശൈഖുമാർ യോഗ്യരായവർക്കും അല്ലാത്തവർകും ത്വരീഖത്ത് നൽകുന്നത്.

മുരീദ് യോഗ്യനല്ലെങ്കിലും തന്റെ ശൈഖിനെക്കൊണ്ട് ആ ഖിറത്തിൽ അവന് ഉപകാരം ലഭിക്കുന്നതാണ്.

## ശൈഖിനൊപ്പം കൂടിയാൽ

മഹാനായ ശൈഖ് രിഫാഈ(റ)പറയുന്നു;

ഒരു യഥാർത്ഥ ശൈഖ് എന്നാൽ നാല് അവസ്ഥകളിൽ മുരീദിന്റെയരികിൽ പ്രത്യക്ഷപ്പെടുന്നവനാണ്. ഒന്ന്: മരണസമ യത്ത് റൂഹ് പിരിയുന്ന അവസരത്തിൽ.

രണ്ട്: മുൻകറും നകീറും ഖബറിൽ ചോദ്യം ചെയ്യുന്ന അവസരത്തിൽ

മൂന്ന്: സ്വിറാത് പാലത്തിലൂടെ തന്റെ മുരീദ് കടന്ന് പോകുമ്പോൾ

നാല്: മീസാനിൽ മുരീദിന്റെ നന്മ തിന്മകൾ തൂക്കപ്പെടുന്ന അവസരത്തിൽ

ഒരു മുരീദിന്ന് ഏറ്റവും അധികമായി ശൈഖിന്റെ സഹാ യം ആവശ്യമാകുന്ന ഈ നാല് ഘട്ടങ്ങളിലും ഒരു യഥാർത്ഥ ശൈഖ് തന്റെ മുരീദിന്റെ കൂടെയുണ്ടാവുമെന്നാണ് ശൈഖ് രി ഫാഇൗ(റ) വ്യക്തമാക്കുന്നത്.

മരണസമയത്ത് സ്വന്തം പിതാവിന്റെയോ മാതാവിന്റെയോ രൂപത്തിൽ വന്ന് സത്യവിശ്വാസിയുടെ ഈമാൻ കവർന്നെടു ക്കാൻ പിശാച് വന്നെത്തുമ്പോൾ തന്റെ ശൈഖ് അവിടെ പ്രത്യ ക്ഷപ്പെട്ട് ഇബ്‌ലീസിനെ ആട്ടിയോടിച്ച് അവന്റെ ഈമാൻ സുര ക്ഷിതമാക്കുമെന്നാണ് മഹാന്മാരായ പണ്ഡിതർ വ്യക്തമാക്കുന്ന ത്.

## ഈമാനിലായി മരിക്കാൻ ശൈഖ്

ശൈഖ് ജീലാനി(റ) പറയുന്നു:

ഒരു മനുഷ്യൻ, നബി(സ) വരെ ശൃംഖലയെത്തുന്ന ഒരു മു റബ്ബിയായ ശൈഖിൽ നിന്ന് പരിശുദ്ധ കലിമതുത്തൗഹീദ് സ്വീക രിക്കാത്ത കാലത്തോളം ആ കലിമ ഏറ്റവും ആവശ്യമായ മരണ വേളയിൽ അതോർത്തെടുക്കാൻ വളരെ പ്രയാസകരമായിരിക്കും.

## ശരീഅത്ത് പൂർത്തിയായിട്ടോ ത്വരീഖത്ത്?

തൻവീറുസ്വദ്ർ എന്ന ഗ്രന്ഥത്തിൽ ഉമർ ശബ്റാവി(റ) പറയുന്നു: ശരിയായ രീതിയിൽ ഇഖ്ലാസോട് കൂടെ ശരീഅത്തിൽ സഞ്ചരിക്കൽ അല്ലാഹുവിനെ അറിയുന്ന ഒരു ശൈഖിന്റെ സഹവാസത്തിലൂടെയല്ലാതെ സാധ്യമല്ല.

യഥാവിധി ശരീഅത്തനുസരിച്ച് ജീവിക്കാനും ഇഖ്ലാസോടെ ആരാധനാകർമ്മങ്ങൾ നിർവഹിക്കാനും ഒരു ശൈഖിനെ അനുധാവനം ചെയ്യാതെ സാധ്യമല്ലെന്ന് പണ്ഡിതർ വ്യക്തമാക്കുമ്പോൾ ശരീഅത്ത് പൂർത്തിയായതിന് ശേഷമേ ത്വരീഖത്ത് സ്വീകരിക്കാവൂ എന്ന വാദത്തിന്റെ പൊള്ളത്തരമാണിവിടെ വ്യക്തമാകുന്നത്.

## എന്റെ ശൈഖ് പൂർവ്വികരാണ്

ജീവിച്ചിരിക്കുന്ന ഒരു ശൈഖിനെയും അംഗീകരിക്കാ തിരിക്കുകയും കാലങ്ങൾക്ക് മുമ്പ് വഫാത്തായിപ്പോയ മഹത്തുക്കളാണ് തന്റെ ഗുരുക്കൾ എന്ന് പറയുകയും ചെയ്യുന്നവരെകുറിച്ച് അബ്ദുൽ അസീസ് അദ്ദീരീനി(റ) പറയുന്നത് ഇപ്രകാരമാണ്:

എന്റെ ശൈഖ് മുൻഗാമികളിൽപെട്ട ഇന്നയാളാണ് എന്ന് ഒരാൾ പറഞ്ഞാൽ അവൻ കള്ളനാണ്. കാരണം അവനും അവർക്കുമിടയിൽ യാതൊരു ബന്ധവുമില്ല. ഒരാളുടെ ശൈഖ് അവൻ സഹവസിച്ചവനാണ്.

ശൈഖ് ജീലാനി(റ) തന്റെ സിറുൽ അസ്റാറിൽ പറയുന്നു: തർബിയത്ത് ലഭിക്കാൻ ശൈഖും മുരീദും ഒരേ കാലക്കാരാവൽ അത്യാവശ്യമാണ്.

ശൈഖുമാർ സമകാലീനരായിരിക്കണമെന്നും അവരോട് സഹവാസം വേണമെന്നുമാണ് പ്രസ്തുത ഉദ്ധരണിയിലൂടെ മഹാൻമാർ വ്യക്തമാക്കിയത്.

## ശൈഖുമാർ ഒളിച്ചിരിക്കാൻ പാടില്ല.

യഥാർത്ഥ ശൈഖുമാർ സമൂഹത്തിനിടയിൽ ഇറങ്ങി പ്രവർത്തിക്കാനോ പരസ്യമായി ത്വരീഖത്ത് പ്രചരണപ്രവർത്തനങ്ങളിൽ ഏർപെടാനോ പാടില്ലെന്നാണ് ചില അഭിനവ മുഫ്തിമാർ പ്രചരിപ്പിക്കുന്നത്. സത്യത്തിൽ യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്തൊരു പ്രചരണമാണിത്.

മഹാനായ ഇമാം ശഅ്റാനി(റ) തന്റെ അൽ ഉഹൂദുൽ മുഹമ്മദിയ്യയിൽ പറയുന്നു: പൂർണരായ ശൈഖുമാർ ഒരിക്കലും ജനങ്ങൾക്കിടയിൽനിന്ന് ഓടിയൊളിക്കാൻ പാടില്ലെന്ന് ത്വരീഖത്തിന്റെ പണ്ഡിതർ ഏകോപിച്ചിരിക്കുന്നു.

അൽ ഹദീഖതുന്നദിയ്യ എന്ന ഗ്രന്ഥത്തിൽ ശൈഖ് മുഹമ്മദ്ബ്നു സുലൈമാൻ അൽ ബഗ്ദാദി(റ) പറയുന്നു:

തർബിയത്ത് നടത്താൻ യോഗ്യത നേടിയ ഒരു ശൈഖ് മറഞ്ഞിരിക്കലും തനിക്ക് കിട്ടിയത് മറച്ച് വെക്കലും നിഷിദ്ധമാണ്.

പൂർണരായ ശൈഖുമാർ മറഞ്ഞിരിക്കലും പൊത്തിലും മാളത്തിലും ഒളിച്ചിരിക്കലും ഹറാമാണെന്ന് പണ്ഡിതശ്രേഷ്ടർ വ്യക്തമാക്കിയ സാഹചര്യത്തിൽ വ്യാജപണ്ഡിതൻമാർ നടത്തുന്ന ദുഷ്പ്രചരണങ്ങളെ നാം കരുതിയിരിക്കണം. ത്വരീഖത്തിനെയും ശൈഖിനെയും ഏതെങ്കിലും വിധത്തിൽ ഇസ്ലാമിക വിരുദ്ധരാ

ക്കാൻ ആർത്തിപൂണ്ട് നടക്കുന്നവർ യഥാർത്ഥ ശൈഖുമാർ സമൂഹത്തിൽ നിന്ന് മാറിനിൽക്കേണ്ടവരാണ് എന്ന് പ്രചരണം നടത്തുമ്പോൾ അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ പ്രസ്തുത മഹദ്വചനങ്ങൾ നമുക്ക് ഉപകാരപ്രദമാവുമെന്ന കാര്യത്തിൽ സംശയമില്ല.

## ശ്രേഷ്ഠമായ പ്രവർത്തനം

മഹാനായ ഇമാം ശഅ്റാനി തന്റെ ലത്വാഇഫുൽ മിനൻ എന്ന ഗ്രന്ഥത്തിൽ പറയുന്നു:

അൻപത് വർഷം ഒറ്റക്ക് ആരാധനകളിൽ മുഴുകുന്നതിനേക്കാൾ ഒരു മുരീദിന് ഏറ്റവും ഉത്തമം ആദരവോടെ അൽപസമയം ശൈഖിന്റെ മുഖത്തേക്ക് നോക്കി നിൽക്കലാണ്.

## ശൈഖില്ലാതെ ദിക്ർ ചൊല്ലുന്നവർ

ശർഹു താഇയതുസുലൂക് എന്ന ഗ്രന്ഥത്തിൽ പറയുന്നു:

ദിക്ർ ഉപകാരപ്രദമാവാനുള്ള നിബന്ധന സ്വഹാബികൾ നബി(സ)യിൽ നിന്ന് സ്വീകരിച്ച പ്രകാരം ശൈഖുമാരിൽ നിന്ന് തൽഖീൻ വഴി സ്വീകരിക്കലാണ്.

ഉമർ ബിൻ സഈദിൽ ഫൂതി(റ)പറയുന്നു:

അല്ലാഹുവിന്റ ആളുകളുടെ അരികിൽ പരിഗണനീയമായ ദിക്ർ നബി(സ)വരെ ശൃഖലയെത്തുന്ന പ്രവാചക പ്രതിനിധിയായ മുർശിദായ ഒരു ശൈഖിൽ നിന്ന് തൽഖീൻ വഴി സമ്മതത്തോടെ ലഭിക്കുന്ന ദിക്ർ ആണ്. ജനങ്ങൾ സ്വയം തെരെഞ്ഞെടുത്ത ദിക്റുകൾ അല്ല.

ശൈഖ് ജീലാനി(റ) പറഞ്ഞുവച്ച കാര്യം തന്നെയാണ് മഹാനവർകളും വ്യക്തമാക്കിയത്.ശൈഖ് ജീലാനി(റ) പറയുക യുണ്ടായി:

ശൈഖില്ലാതെ ദിക്ർ ചൊല്ലുന്നവന് അല്ലാഹുവിനെയോ റസൂലിനെയോ ശൈഖിനെയോ ലഭിക്കില്ല.

ശൈഖ് സ്വാവി(റ) തന്റെ തഫ്സീറിൽ പറയുന്നു:

ദിക്ർ ചൊല്ലാൻ ഒരു ആരിഫായ ശൈഖ് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം, പിശാച് കയറിക്കൂടുകയും ചെയ്യും.

സ്വന്തം ഇഷ്ടപ്രകാരം ഏടുകളിലും കിതാബുകളിലും നോക്കി, ഒരു മുറബ്ബിയായ ശൈഖിന്റെ സമ്മതമില്ലാതെ ദിക്ർ ചൊല്ലുന്നത് ഉപകാരപ്രദമല്ലെന്നും ആ ദിക്ർ കൊണ്ട് അള്ളാഹുവിനെയോ റസൂലിനെയോ കിട്ടുകയില്ലെന്ന് മാത്രമല്ല പിശാച് കയറിക്കൂടി പിഴപ്പിക്കുകയും ചെയ്യുമെന്ന് മഹാന്മാരായ പണ്ഡിതർ നമ്മെ പഠിപ്പിക്കുന്നു.

## ശൈഖില്ലാതെ അസ്മാഉൽ ഹുസ്ന

ശൈഖും ത്വരീഖതുമൊന്നും ഇല്ലാത്ത ആളുകൾ അസ്മാഉൽഹുസ്ന പോലുള്ള ദിക്റുകൾ ധാരാളമായി ചൊല്ലുന്നത് നമുക്ക് കാണാൻ സാധിക്കും. അത്തരക്കാരെക്കുറിച്ചുള്ള പണ്ഡിത വീക്ഷണമെന്താണെന്ന് നമുക്ക് പരിശോധിക്കാം.

ഉമർ ബിൻ സഈദിൽ ഫൂതി(റ)പറയുന്നു:

അല്ലാഹുവിന്റെ ആരിഫായ ഒരു ശൈഖിൽ നിന്നല്ലാതെ ലഭിക്കുന്ന ദിക്ർ കൊണ്ട് ദിക്ർ ചൊല്ലുന്നവൻ രക്ഷപ്പെടുന്നതി

നേക്കാൾ നശിക്കാനാണ് സാധ്യത. പ്രത്യേകിച്ച് അസ്മാഉൽ ഹുസ്ന ചൊല്ലുമ്പോൾ.

അല്ലാഹുവിന്റെ പേരുകൾ സാധാരണ ദിക്റായി കൊ ണ്ട് നടക്കുന്നതിനെ കുറിച്ച് മഹാനായ അബ്ദുൽ അസീസ് ദബ്ബാഗ് (റ)പറയുന്നു:

അല്ലാഹുവിന്റെ ആരിഫായ ഒരു ശൈഖിൽ നിന്ന് സ്വീക രിച്ച് ചൊല്ലുകയാണെങ്കിൽ യാതൊരു കുഴപ്പവുമില്ല. ആരിഫായ ശൈഖിൽ നിന്നല്ലാതെ സ്വീകരിച്ചാൽ അതവനെ പ്രയാസപ്പെടു ത്തും.

ജാമിഉൽ ഉസൂലിന്റെ കർത്താവായ അഹ്മദ് ളിയാഉദ്ധീൻ (റ) പറയുന്നു: അല്ലാഹുവിന്റെ നാമങ്ങൾ ഉരുവിടൽ കൊണ്ട് മന സ് ശുദ്ധീകരിക്കപ്പെടാനും ആത്മ സംസ്കരണം നിർവഹിക്കപ്പെ ടാനും പൂർണനായ ഒരു ശൈഖിൽ നിന്ന് അവ സ്വീകരിച്ചാലല്ലാ തെ സാധ്യമാവുകയില്ല.

ത്വരീഖത്തിന്റെ ശൈഖുമാരുടെ സമ്മതമില്ലാതെ ചൊല്ലു ന്ന ദിക്റുകൾ അസ്മാഉൽ ഹുസ്നയാണെങ്കിൽ പോലും അത് ഉപകാരത്തിലേറെ ഉപദ്രവകരമാവുമെന്നും ആത്മസംസ്കരണ ത്തിനോ ഹൃദയശുദ്ധീകരണത്തിനോ അതു വഴി അല്ലാഹുവിലേ ക്കുള്ള യാത്ര എളുപ്പമാക്കുന്നതിനോ സഹായിക്കില്ലെന്നുമുള്ള സത്യമാണ് മഹാന്മാരായ പണ്ഡിതർ വ്യക്തമാക്കിയത്.

ചുരുക്കത്തിൽ, നിസ്കാരം പോലുള്ള ആരാധനാകർമ്മ ങ്ങൾ സ്വീകരിക്കപ്പെടാൻ, ഇഖ്ലാസോട് കൂടെ കർമ്മങ്ങളനുഷ്ടി ക്കാനും ആന്തരികവും ബാഹ്യവുമായ സകല ന്യൂനതകളിൽ നി

ന്ന് രക്ഷ നേടുവാനും അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്ന രീതിയിൽ ദിക്റുകൾ ചൊല്ലാനും മരണ സമയത്ത് മഹാന്മാരുടെ സാന്നിധ്യത്തിൽ തൗഹീദ് ചൊല്ലി പുഞ്ചിരിച്ച് യാത്രയാകാനും ആഖിറത്തിലെ സകല പ്രയാസങ്ങളിൽനിന്നും രക്ഷനേടാനും തന്റെ കാലഘട്ടത്തിലെ മുറബ്ബിയായ ഒരു ശൈഖിനെ സ്വീകരിക്കൽ എല്ലാവർക്കും നിർബന്ധ ബാധ്യതഃ യാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെ ടുത്തുന്നത്.

കാലഘട്ടത്തിന്റെ വഴികാട്ടിയും ഖുത്ബുസ്സമാനുമായ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി മഹാനവർ കളും ഈ ഉമ്മത്തിനോടുണർത്തിക്കൊണ്ടിരിക്കുന്നത് വിശുദ്ധ ഖുർആനും സുന്നത്തും പണ്ഡിത മഹത്തുക്കളും വ്യക്തമാക്കിയ ഈ സത്യങ്ങൾ തന്നെയാണ്.

# ഖുതുബുൽ അഖ്താബും ഖുതുബുസ്സമാനും

## വിശുദ്ധ രഥ്യയിലെ പ്രകാശ സാന്നിദ്ധ്യങ്ങൾ

സർവ്വ സൃഷ്ടി സംരക്ഷകനായ അല്ലാഹു മാനവരാശിയെ ആകമാനം സംമ്പൂർണ്ണ വിജയികളാക്കാൻ സംവിധാനിച്ച പരിശുദ്ധ ദീൻ... ലക്ഷത്തിൽപരം പ്രവാചകർക്കൊടുവിൽ തിരുദൂതരായി കട ന്നുവന്ന സയ്യിദുനാ മുഹമ്മദ് നബി(സ)യിലൂടെ ആദർശനത്തിന് അല്ലാഹു പരിപൂർണ്ണത നൽകി.

ഒരു അറഫാ ദിനത്തിൽ അല്ലാഹു തആല തിരുനബി(സ) യിലൂടെ ദീനിന്റെ സമ്പൂർണ്ണത വിളംബരം ചെയ്തു. ( اليوم اكملت لكم دينكم وأتممت عليكم نعمتي ورضيت لكم الاسلام دينا ) ഇന്ന് നിങ്ങളുടെ ദീൻ നിങ്ങൾക്ക് ഞാൻ പൂർത്തീകരിക്കുകയും, ഇസ്ലാമിനെ മതമായി നിങ്ങൾക്ക് ഞാൻ തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു.

ജനലക്ഷങ്ങളുടെ കാതുകളിൽ മുഴങ്ങിക്കേട്ട ആ പ്രഖ്യാ പനം പുഴകളും സമുദ്രങ്ങളും താണ്ടി, മലനിരകൾ വിട്ടുകടന്ന്, രാജ്യങ്ങളും ഭൂഖണ്ഡങ്ങളും പിന്നിലാക്കി പ്രപഞ്ചത്തിന്റെ അഷ്ടദി ക്കിലുമെത്തി... ഒരമൂല്യ സന്ദേശമായി, ജീവിത വിജയത്തിന്റെ

വിശുദ്ധ വിളംബരമായി... ഒരു മഹാ പ്രവാഹം കണക്കെ ഒഴുകി വന്ന ആ പ്രഖ്യാപനത്തിന്റെ പ്രതിധ്വനിയിൽ ലോകത്തിന്റെ അധീശാധിപത്യം അവകാശപ്പെടുന്നവരുടെ സിംഹാസനങ്ങൾ തകിടം മറിഞ്ഞുകൊണ്ടിരിക്കുന്നു. കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ; അധർമ്മത്തി ന്റെ മരണച്ചുഴിയിൽ അകപ്പെട്ട ജനമനസ്സുകൾ രക്ഷപ്പെടാനുള്ള പിടിവള്ളി കിട്ടിയ ആവേശത്തോടെ സന്ദേശവാഹകരുടെ കൈപിടിച്ചു... ലോകം പ്രകാശപൂരിതമായി...

പ്രവാചകരും, അവരുടെ ശിക്ഷ്യഗണങ്ങളും ദൗത്യ നിർവ്വഹണ ശേഷം വിശ്രമ സങ്കേതത്തിലേക്ക് നീങ്ങി; തങ്ങളെ നിയോഗിച്ച നാഥന്റെ സമീപത്തേക്ക്.

ശേഷം സച്ചരിതരായ പണ്ഡിതരിലൂടെ ദീനിന്റെ വിളമ്പരം നിർവ്വഹക്കപ്പെട്ടുകൊണ്ടിരുന്നു.

പക്ഷെ ദൗർഭാഗ്യവശാൽ കാലപ്രവാഹത്തിൽ ദീനിന്റെ മൂല്യങ്ങൾ ജനങ്ങൾ മറക്കുവാൻ തുടങ്ങി.....

ദൈവകൽപ്പനകൾ ധിക്കരിക്കപ്പെടുകയും, സന്ദേശവാഹകർ അതിക്ഷേപിക്കപ്പെടുകയും ചെയ്തു.

വിശ്വാസി എന്ന് ഊറ്റം കൊണ്ടവർ, ഉത്തമ സമൂഹമെന്ന് വിളംബരം നടത്തിയവർ, ലോകത്തെ പ്രഭാപൂരിതമാക്കുന്ന പ്രകാശ ഗോപുരത്തിന്റെ ഉടമകളെന്ന് അഭിമാനിച്ചവർ കേവലം നാമത്തിൽ മാത്രമൊതുങ്ങി. ഇസ്‌ലാമിക ലോകം നേടിയ പ്രതാപങ്ങളുടെ അസ്തമയമായിരുന്നു അതിന്റെ ഫലം.

പ്രവാചക ദൗത്യത്തിന്റെ അനന്തരഗാമികളെന്ന് പുണ്യപൂമേനി നബി (സ) വിശേഷിപ്പിച്ച പണ്ഡിതർ രാജ സിംഹാസനത്തിന് മുമ്പിൽ ആദർശം പണയം വെക്കാൻ തുടങ്ങി. ഭരണാധികാരിയുടെ

അധർമ്മങ്ങളെ മതമേലങ്കികൊണ്ട് സംരക്ഷിക്കാൻ പണ്ഡിതരിലെ ഭൂരിഭാഗവും ശ്രമിച്ചു. ഭരണാധികാരിക്ക് മുമ്പിൽ ആദർശം വിളിച്ചു പറഞ്ഞ വിശുദ്ധ പണ്ഡിതർ ക്രൂരപീഠനങ്ങളാൽ ഇഞ്ചിഞ്ചായി വധിക്കപ്പെട്ടു. ഗത്യന്തരമില്ലാതെ ഒരു വിഭാഗം ആത്മജ്ഞാനികൾ മലമുകളിൽ അഭയം തേടി. അവിടെ ദൈവ സ്മരണയിൽ കഴിഞ്ഞ് കൂടി.

ഹിജ്റ 5-ാം നൂറ്റാണ്ട് ആകുമ്പോഴേക്ക് ഇസ്ലാമിക ലോകത്ത് ഇത്തരം നിരവധി പരിവർത്തനങ്ങൾ അരങ്ങേറി. ഇരുണ്ട യുഗത്തിലെ കാട്ടറബികളുടെ ഹൃദയങ്ങൾക്ക് ജീവൻ നൽകിയ ദീൻ. പ്രവാചകരിലൂടെ, സ്വഹാബത്തിലൂടെ ജന ലക്ഷങ്ങൾക്ക് ആത്മീയ ജീവൻ പകർന്ന് നൽകിയ ജീവസ്സുറ്റ ഇസ്ലാം അപ്പോഴേക്ക് ജീവഛവമായി മാറിയിരുന്നു. സ്ഥാനങ്ങൾ നിരവധി, അറേബ്യ അടങ്ങുന്ന ഒട്ടനവധി മുസ്ലിം രാഷ്ട്രങ്ങൾ, അവിടങ്ങളിൽ മുസ്ലിം ഭരണാധികാരികൾ... മാനം മുട്ടെ ഉയർന്ന് നിൽക്കുന്ന പള്ളി മിനാരങ്ങൾ. പക്ഷെ ഇവയൊന്നും അഭിമാനത്തിന് വക നൽകിയില്ല. ദീനില്ലാത്ത ഭരണാധികാരികൾ സർവ്വം മറന്ന് ആർഭാട ജീവിതം നയിച്ചു. സ്ഥാപനങ്ങൾ അധികാരിവർഗ്ഗത്തിന്റെ അപഥ സഞ്ചാരങ്ങൾക്ക് ഓശാന പാടുന്ന പണ്ഡിത വേഷധാരികളെ സൃഷ്ടിച്ചു. പള്ളിമിനാരങ്ങൾ അമീറിന്റെ പ്രൗഢിയുടെ, അഹങ്കാരത്തിന്റെ പ്രതീകങ്ങളായി. ദീൻ തികച്ചും നിശ്ചലമാക്കികൊണ്ടിരിക്കുകയായിരുന്നു. മൃതപ്രായനായ ഒരു ജീവിയെപോലെ ഒരു നവോത്ഥാന നായകനെ കാലം അന്വേഷിച്ചു. ജീവാമൃതുമായി ഒരു രക്ഷകനെ.

അല്ലാഹു അവന്റെ തിരുചര്യ നടപ്പിൽ വരുത്തി... തന്റെ സന്ദേശങ്ങൾ വിസ്മരിക്കപ്പെടുമ്പോൾ അവൻ ദൂതന്മാരെ നിയോഗിക്കും... കാലാ കാലാങ്ങളിൽ അവൻ ഈ ചര്യ നടപ്പാക്കിയിട്ടുണ്ട്.

അവർ ദീനിന് ജീവൻ നൽകും. മനുഷ്യ ഹൃദയങ്ങളെ സംസ്കരിക്കും. ഹൃദയ ഭൂമിയിൽ ദീനിന്റെ വാടാമലരുകൾ വിരിയിപ്പിക്കും ചരിത്രം ആവർത്തിച്ചു.

ക്രിസ്താബ്ദം 12-ാം നൂറ്റാണ്ടിൽ, ഹിജ്റ 5-ാം നൂറ്റാണ്ടിൽ ആ ഉത്ഥാന നായകൻ കർമ്മ നിരതനായി. ഭൂമിയിൽ ഇസ്ലാമിന്റെ ജീവസ്സുറ്റ പ്രഖ്യാപനങ്ങൾ വീണ്ടും മുഴങ്ങി. ബാഗ്ദാദിൽ നിന്ന് ബഹിർഗമിച്ച വിളംബരം ലോകം മുഴുവൻ അലയടിച്ചു. മൃതുപ്രായമായ ദീൻ ജീവസ്പർശമേറ്റു പുളകിതനായി. ആ പരിഷ്കർത്താവ് ദീനിനെ കൈപിടിച്ച് ഉയർത്തി. ദീൻ ആ ഉത്ഥാന നായകനെ 'മുഹ്യുദ്ധീൻ' 'ദീനിനെ ജീവിപ്പിച്ചവൻ' എന്ന് വിളിച്ചു...

തിരുമേനി (സ) തങ്ങളുടെ പുണ്യ കുടുംബത്തിൽ വിശുദ്ധമായ മാതാപിതാക്കളുടെ മകനായി ജനിച്ച അബ്ദുൽ ഖാദിർ എന്ന കുട്ടി പഠിച്ച് വളർന്ന് അധർമ്മത്തിൽ എരിഞ്ഞമരുന്ന ജനമനസ്സുകൾക്ക് ദൈവസ്മരണയുടെ പ്രകാശ ദീപം പകർന്നു നൽകി. ആ പ്രകാശം ലോകത്തെ പ്രഭാപൂരിതമാക്കി.

അണഞ്ഞ് കൊണ്ടിരിക്കുന്ന 'ഈമാൻ' പ്രഭപരത്തുന്ന പ്രകാശ ഗോപുരമായി... അന്ധകാരത്തിൽ തപ്പിത്തടഞ്ഞവർ ആ വെളിച്ചത്തിലേക്ക് വന്നണഞ്ഞു. ഇരുളടഞ്ഞ വീഥികളിൽ വെളിച്ചം പകർന്ന് ജീലാനി(റ) ലോകത്ത് വിളങ്ങി നിന്നു. ബഗ്ദാദ് ഇസ്ലാമിക നാഗരികതയുടെ പുനർജന്മം നിർവ്വഹിച്ചു.

പള്ളി മിനാരങ്ങളിൽ ഈമാനിന്റെ വിളംബരം മുഴങ്ങി. സുൽത്താന്മാരായ നാട്ടു പ്രമാണികളും പണ്ഡിത പാമര ജനങ്ങളുമടങ്ങുന്ന പതിനായിരങ്ങൾ ജീലാനി(റ)വിന്റെ വചനങ്ങൾ ശ്രവിക്കാൻ പള്ളികളിൽ ഒത്തുകൂടി. അവിടുത്തെ വചനങ്ങൾ സദസ്സിനെ

ഇളക്കി മറിച്ചു. ഹൃദയ ഭിത്തികളിൽ തിരുവചനങ്ങൾ ഇരച്ചു കയറി. ഭരണാധികാരികൾ തങ്ങളുടെ പ്രയാണത്തിന്റെ ആപത്ത് മനസ്സിലാക്കി. ജന ലക്ഷങ്ങൾ ഈമാനിന്റെ മാധുര്യം തേടി ശൈഖവർകളുടെ ഉമ്മറപ്പടിയിൽ പ്രതീക്ഷയോടെ കാത്തിരുന്നു.

കള്ളിലും പെണ്ണിലും ആർഭാടത്തിലും കഴിഞ്ഞിരുന്ന പതിനായിരങ്ങൾ ആ തിരുകരങ്ങളിലൂടെ പശ്ചാത്താപത്തിന്റെ വാതിലുകളിൽ പ്രതീക്ഷാ നിർഭരരായി ഒത്തുകൂടി.

തൗഹീദിന്റെ ദിവ്യ പ്രഭയിൽ അവരുടെ ഹൃദയാന്തരങ്ങൾ ശൈഖവർകൾ കഴുകി ശുദ്ധിയാക്കി. മനുഷ്യ ഹൃദയങ്ങളെ ഈമാനിന്റെ വിളക്കുമാടങ്ങളാക്കി ആ മഹാനിലൂടെ അല്ലാഹു രൂപാന്തരപ്പെടുത്തി. മറ്റൊരു ചരിത്രം കൂടി ആവർത്തിച്ചു. ചില തൽപ്പരകക്ഷികൾ ഈ ദൗത്യത്തെ എതിർത്തു. മഹാനവർകളെ തള്ളിപ്പറഞ്ഞു. പാണ്ഡിത്യത്തിന്റെ മുഖം മൂടിയണഞ്ഞ പിശാചിന്റെ പാദസേവകർ, അവർ ഖുതുബുൽ അഖ്താബിനെതിരിൽ തിരിഞ്ഞു. പരിശുദ്ധ തൗഹീദിനെതിരിലുള്ള പടപ്പുറപ്പാട്. പക്ഷെ, അല്ലാഹു തന്റെ ദീനിന് അന്തിമ വിജയം നൽകി. സന്ദേശ വാഹകർക്ക് സർവ്വ സഹായങ്ങളും കനിഞ്ഞേകി.

ജീലാനി(റ)തന്റെ ദൗത്യം പരസഹസ്രം പ്രതിനിധികളിലൂടെ (ഖലീഫമാർ) ലോകത്ത് വ്യാപിപ്പിച്ചു. ആ സത്യസരണിയെ ലോകം ജീലാനി(റ) വിലേക്ക് ചേർത്ത് ' ഖാദിരിയ്യ ത്വരീഖത്ത് ' എന്ന് വിളിച്ചു. ഖാദിരികൾ ഈമാനിന്റെ പ്രകാശ ഗോപുരങ്ങളായി. തന്റെ ഖലീഫമാർ ലോകത്തിന്റെ അഷ്ടദിക്കിലും ഇമാനിക സേവനം നിർവ്വഹിച്ചു.

ജീവച്ഛവമായ ഹൃദയങ്ങൾക്ക് തൗഹീദിലൂടെ ജീവാമൃത് പകർന്ന് നൽകി.

ഇന്ത്യാ മഹാരാജ്യവും ഈ സന്ദേശ വാഹകർക്ക് സ്വാഗത മരളി, ദശലക്ഷക്കണക്കിന് മനുഷ്യമക്കൾ ദൈവ സാമീപ്യത്തിലേക്ക് കുതിക്കാൻ തുടങ്ങി. മശാഇഖന്മാർ അവർക്ക് വഴികാട്ടികളായി. കേരളത്തിലും ആത്മീയ ഗുരുക്കൾ ജനങ്ങൾക്ക് ഈമാനിക ജ്ഞാനം പകർന്നു നൽകി. ഹൃദയം പ്രകാശപൂരിതമായ ജനങ്ങൾ മനുഷ്യത്വത്തിന്റെ നിദർശനങ്ങളായി.

കാലം പ്രയാണം തുടർന്നു. ചരിത്രാവർത്തനങ്ങൾക്ക് ലോകം പലതവണ സാക്ഷികളായി. മുസ്‌ലിം ലോകം നിരവധി പരിവർത്തനത്തിന് വിധേയമായി. ചേരി തിരിവുകളും പ്രസ്ഥാനങ്ങളും, വ്യക്തിസ്വാധീനങ്ങളുമായി മുസ്‌ലിംകൾ അരാജകത്വത്തിലമർന്നു.

നാം നിവസിക്കുന്ന കേരളത്തിലും ഇസ്‌ലാമിന് പുതിയ മാനങ്ങൾ കൈവരാൻ തുടങ്ങി. ഇസ്‌ലാമിക സംഘശക്തിയെന്ന പേരിൽ സംഘടനകൾ രൂപം കൊണ്ടു. ജനങ്ങളെ ഓരോ സംഘടനയിലും അംഗത്വമെടുപ്പിക്കാനുള്ള നെട്ടോട്ടമായി പിന്നെ. കാലക്രമത്തിൽ സംഘടനകളുടെ എണ്ണം വർദ്ധിച്ചു. സംഘടന വളർന്ന് ഓരോ പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും കോൺക്രീറ്റ് ബിൽഡിംഗുകളും നാടുനീളെ സ്ഥാപിച്ചു. പള്ളി നിർമ്മാണത്തിന് പോലും സംഘടനാ വൈരം പ്രചോദനമേകി. ഒരേ മഹല്ലിൽ തന്നെ നിരവധി പള്ളികൾ.

തങ്ങൾ ഇസ്‌ലാമിന്റെ ധ്വജവാഹകരാണെന്ന് ഓരോരുത്തരും അവകാശപ്പെടാൻ തുടങ്ങി. മഹത്തായ ലക്ഷ്യങ്ങൾ അവകാശപ്പെട്ടവർ പ്രഖ്യാപനങ്ങൾ കാറ്റിൽ പറത്തി പരസ്പരം കടിച്ചുകീ

റാൻ അവസരം പാർത്തിരുന്നു. ഉയർന്ന് നിൽക്കുന്ന സ്ഥാപനങ്ങളി ലും, ദീനിന്റെ നിത്യസ്തംഭങ്ങളായ മസ്ജിദുകളിലും ദീനിനേക്കാളു പരി സംഘടനാ ചർച്ചകൾ സജീവമായി. ജനം ഈമാനിന്റെ വിശുദ്ധ രഥ്യയിൽ നിന്ന് തെന്നിമാറി. അധർമ്മത്തിൽ ദൃശ്യമാധ്യമ ങ്ങളഖിലവും മുസ്‌ലിം നാമങ്ങളാൽ നിറഞ്ഞു. പെൺവാണിഭ ത്തിന്റെ മൊത്തം വിതരണക്കാർ മുസ്‌ലിംകൾ കളവിന്റെ, പിടിച്ചു പറിയുടെ, കള്ളക്കടത്തിന്റെ സൂത്രധാരകരും അവരായി. മദ്യ-മയ ക്കുമരുന്ന് വ്യാപാരത്തിന്റെ പേരിൽ പിടിക്കപ്പെടുന്നവർ, സർക്കാരിന്റെ ബീവറേജ് മദ്യശാലകൾക്ക് മുമ്പിൽ ക്യൂ നിൽക്കുന്ന വർ, വാഹന മോഷ ണത്തിൽ, സ്പിരിറ്റ് വേട്ടയിൽ പിടിക്കപ്പെടുന്ന വരും മുസ്‌ലിംകൾ. അറ്റമില്ലാത്ത അധർമ്മത്തിന്റെ ലിസ്റ്റിൽ മുസ്‌ലിം നാമങ്ങൾ. മഹല്ലുകൾ തോറും മദ്രസകളും, പഞ്ചായത്തുകൾ തോറും അറബിക് കോളേജുകളും, ഉന്നത മത പഠനത്തിനായി അക്കാദമികളും, ഒരേ മഹല്ലിൽ തന്നെ ഗ്രൂപ്പടിസ്ഥാനത്തിൽ നേതാ വിന്റെ അഭിമാനം വിളിച്ച് പറഞ്ഞ് തല ഉയർത്തി നിൽക്കുന്ന പള്ളി മിനാരങ്ങളും മുസ്‌ലിമിന് വിജയമാർഗ്ഗം കാണിക്കാൻ പരിശ്രമിക്കു ന്നതിന് പകരം മുസ്‌ലിമിന് നൽകിയത് എന്ത് ?

സംഘടനകൾ പരസ്പരം നടുറോഡിൽ ഏറ്റുമുട്ടി. പൊതു ജനം ചേരിതിരിഞ്ഞ് ഗ്രൂപ്പുകൾക്കായി രക്തം ചിന്തി, ലക്ഷങ്ങൾ പൊടി പൊടിച്ച് നടത്തുന്ന സമ്മേളനങ്ങൾ ഗ്രൂപ്പു ശക്തിയുടെ വിളംബരം എന്നതിൽ കവിഞ്ഞ് ഇസ്‌ലാമിന് യാതൊരു സംഭാവ നയും നൽകിയില്ല. സമ്മേളന മഹാമഹങ്ങളിൽ പരിശുദ്ധ ദീൻ പറ യേണ്ട പണ്ഡിത നാവുകൾ തെറിയഭിഷേകം നടത്തി. എതിർ ഗ്രൂപ്പ് നേതാവിന്റെ അടിവസ്ത്രം ഉരിഞ്ഞുള്ള പോസ്റ്റ് മോർട്ടങ്ങൾ സ്റ്റേജു

കളിൽ നിർവ്വഹിക്കപ്പെട്ടു. ദീൻ സംഘടനയായി, പണ്ഡിതർ ദീനി പ്രബോധകരെന്നതിൽ നിന്ന് സംഘടനാ നേതാക്കളായി. പൊതു ജനം കബളിപ്പിക്കപ്പെട്ടു. അവർ തങ്ങൾ കേൾക്കുന്നതൊക്കെ സത്യ മെന്ന് കരുതി വിശ്വസിച്ചു. ഗ്രൂപ്പ് വൈര്യത്തിൽ കുടുംബങ്ങൾ ഭിന്നി ച്ചു. മഹല്ലുകൾ ഛിന്നഭിന്നമായി, മതശാലകൾ നിയമപാലകരുടെ താഴുകളാൽ പൂട്ടിയിടപ്പെട്ടു.

സത്യാ സത്യ വിവേചനങ്ങൾക്ക് യാതൊരു വിലയും ഇല്ലാ തായി. ഈമാനിന്റെ ദിവ്യപ്രഭ വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്ന് അണഞ്ഞുകൊണ്ടിരുന്നു. ദീൻ നിർജ്ജീവമായി. ജീവഛവ മായി മാറിയ ദീൻ ഒരു ഉത്ഥാന നായകനെ കാത്ത് കഴിഞ്ഞു, ബാഗ്ദാദിൽ ഉയർന്നു വന്ന മുഹ്‌യദ്ദീനായി..

പരിശുദ്ധ ദീനിന്റെ വിജയരഥ്യയെ അവഗണിച്ച് പിശാചിന്റെ പിണിയാളുകളായി മാറിയ സംഘടനകളുടെ ഗ്രൂപ്പ് വൈര്യങ്ങളിൽ മനം മടുത്ത ബുദ്ധിയുള്ളവർ സംഘടന പറയുന്നതിലുപരി ദീൻ ഉത്തമമാണെന്ന് തിരിച്ചറിഞ്ഞു. ആത്മീയ ദാഹത്താൽ ജനഹൃദയ ങ്ങൾ എരിയാൻ തുടങ്ങി, തങ്ങൾ നേതാക്കളായി അവരോധിച്ചവ രുടെ മുന്നിൽ ദാഹപരവശരായി ഹൃദയമുള്ളവർ ഒത്തുകൂടി, ഫലം നിരാശയായിരുന്നു. ഹൃദയ ശുദ്ധിക്ക് കിതാബോതി പഠിക്കാനാണ് അവർക്ക് നിർദ്ദേശം ലഭിച്ചത്. വർഷങ്ങൾ കിതാബോതിയിട്ടും തങ്ങ ൾക്കൊന്നും ലഭിച്ചിട്ടില്ലെന്ന് ഹൃദയശുദ്ധിക്കുള്ള മരുന്ന് നിർദ്ധേശിച്ച പണ്ഡിതരുടെ മനോതലങ്ങൾ മന്ത്രിച്ചുകൊണ്ടിരുന്നു. പലപ്പോഴും ആ നഗ്നസത്യം ലോകത്തോടവർ വെളിപ്പെടുത്തി.

സത്യം തേടി അലഞ്ഞ ആത്മജ്ഞാനികൾ ഒരു മരുപ്പച്ച ക്കായി കൊതിച്ചു. ചരിത്രം ആവർത്തിച്ചു. നൂറ്റാണ്ടുകളിൽ സർവ്വശ

ക്തൻ നില നിർത്തിപോന്ന തിരുചര്യകൾ 21-ാംനൂറ്റാണ്ടിലും നട പ്പിൽ വരുത്തി...

ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ മരിച്ച് കൊണ്ടിരിക്കുന്ന ദീനിനെ കൈപിടിച്ചുയർത്താൻ അവൻ ഒരു മുഹ്യുദ്ധീനെ ലോ കത്ത് അവതരിപ്പിച്ചു നൽകി.

ഹിജ്റ ആറാം നൂറ്റാണ്ടിനെ പ്രഭാപൂരിതമാക്കിയ ജീലാനി(റ)വിന്റെ സന്ദേശം ആവാഹിച്ചെടുത്ത് ശൈഖ് ജീലാനി(റ)വിന്റെ അതുല്യ പ്രതിനിധിയായി ആ ഉത്ഥാനനായകൻ ആലുവയിൽ ഉദയം കൊണ്ടു. പതിറ്റാണ്ടുകൾ നീണ്ട ആത്മീയ ശിക്ഷണത്തിലൂ ടെ... ആത്മീയ ഗുരുവര്യന്മാർ പകർന്ന് നൽകിയ ഈമാനിക പ്രഭ യുമായി അന്ധകാരത്തിൽ തപ്പിത്തടയുന്ന ജനഹൃദയങ്ങൾക്ക് ഈമാനിന്റെ കൈത്തിരിയുമായി...

ലോകം ആ നായകനെ സുൽത്താൻ എന്ന് ആദരപൂർവ്വം വിളിച്ചു. ഖുതുബുസ്സമാൻ യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി പിശ്തി (മു:അ) 21-ാം നൂറ്റാണ്ട് കാത്ത് കഴിഞ്ഞ മുഹ്യുദ്ധീനായി ദീനിനെ ജീവിപ്പിക്കുന്നവരായി, ഖുതുബുസ്സമാൻ പ്രയാണം തുട ങ്ങി. ആത്മശാന്തി തേടി അലഞ്ഞ വിശ്വാസികളുടെ ഹൃദയങ്ങൾ സുൽ ത്താന്റെ തിരു ഗൃഹവാതിൽക്കൽ ആശ്രയം കണ്ടെത്തി. അധികാരി വർഗ്ഗത്തിന്റെ രാജ സിംഹാസനങ്ങൾ ആടിയുലയാൻ തുടങ്ങി. സംഘടനാ ബന്ധങ്ങൾ തകർത്തെറിഞ്ഞ്, ജന ലക്ഷങ്ങൾ തൗഹീദിന്റെ മധുനുകരാൻ ഖുതുബുസ്സമാനെ ലക്ഷ്യമാക്കി പ്രയാണം തുടങ്ങി, നിലക്കാത്ത പ്രവാഹം.

അധർമ്മത്തിൽ മുങ്ങിത്താണ് കൊണ്ടിരിക്കുന്ന മനുഷ്യ ഹൃദയങ്ങൾ തൗഹീദിനാൽ പ്രഭാപൂരിതമായി. കള്ളിലും പെണ്ണിലു

മായി കഴിഞ്ഞ് കൂടിയവർ ആ തിരുകരങ്ങളിലൂടെ പശ്ചാത്താപ ത്തിന്റെ വാതിൽക്കൽ പ്രതീക്ഷയോടെ നിലകൊണ്ടു. അവരുടെ പ്രതീക്ഷകൾ പൂവണിഞ്ഞു. തൗഹീദിന്റെ ദിവ്യാമൃത് നുണഞ്ഞ് ഒ രു നിമിഷം മുറിയാതെ ഹൃദയാന്തരങ്ങളിൽ തൗഹീദുമായി കഴി ച്ചുകൂടി. ഈമാൻ സ്ഫുരിക്കുന്ന ഹൃദയങ്ങൾ പരിഷ്കൃത ലോക ത്ത് പ്രഭ പരത്താൻ തുടങ്ങി. ഖുതുബുസ്സമാൻ ജനഹൃദയങ്ങൾ കീഴ ടക്കി പ്രയാണം തുടർന്നു. കയ്യിൽ പരിശുദ്ധ ഈമാനിന്റെ പ്രകാശ വുമായി...

ഖുതുബുസ്സമാൻ ശൈഖ് യൂസഫ് സുൽത്താൻ ശാഹ് ഖാ ദിരി ചിശ്തി, ആ ദിവ്യ പ്രകാശത്തെ ഊതിക്കെടുത്താൻ ശത്രുപ ക്ഷം കുതന്ത്രങ്ങൾ മെനഞ്ഞു. പാണ്ഡിത്യത്തിന്റെ ലേബലൊട്ടിച്ച പലരും ജന ഹൃദയങ്ങളിൽ ജ്വലിച്ച് നിൽക്കുന്ന പ്രഭ കണ്ട് അന്ധാ ളിച്ചു. ഇങ്ങനെ പോയാൽ സുൽത്താൻ ലോകം കീഴടക്കും, തങ്ങ ളുടെ സ്ഥാനമാനങ്ങളും സംഘടനാ പൈതൃകങ്ങളും തകർന്ന് വീഴും, പക്ഷെ എങ്ങനെ കഴിയും. ആരതിന് ധൈര്യപ്പെടും.

വിജയ വിഭാഗത്തിന്റെ 21-ാം നൂറ്റാണ്ടിലെ നായകൻ ഖുതു ബുസ്സമാനെ പഠനങ്ങൾക്ക് വിധേയമാക്കി. വർഷങ്ങളോളം തെറ്റന്വേ ഷിച്ച് നടന്നു. ഫലം നിരാശമാത്രം! എതിർക്കാൻ പഴുതുകളില്ല.

എങ്കിലും ചരിത്രം ഇവിടെയും ആവർത്തിക്കപ്പെടുകയായിരു ന്നു. ഈമാനിന്റെ സന്ദേശവാഹകരഖിലം വ്യാജ പണ്ഡിതന്മാരാൽ എതിർക്കപ്പെട്ട ചരിത്രം. ഖുതുബുസ്സമാൻ ശത്രു പക്ഷത്തിന്റെ എതി ർപ്പുകൾക്ക് വിധേയരായി, ഈമാനിന്റെ ധ്വജവാഹകൻ എതിർക്കപ്പെ ടുന്നു. ഖുതുബുൽ അഖ്താബ് ശൈഖ് ജീലാനി(റ) എതിർക്കപ്പെ ട്ടതുപോലെ, അവിടുത്തെ ഖലീഫമാർ എതിർക്കപ്പെട്ടതുപോലെ.

കള്ള പ്രചരണവുമായി മുശാവറക്കാർ നാടുചുറ്റി. അവരുടെ വേഷ ഭൂഷാദികളിൽ മയങ്ങി ഒരു വിഭാഗം സാധുജനങ്ങൾ ചതിയിൽ കുടുങ്ങി. കുപ്രചരണങ്ങളിൽ അവർ സ്വയം അന്ധരായി . കണ്ണടച്ച് ഇരുട്ടാക്കുന്ന പ്രതീതി.

പാണ്ഡിത്യത്തിന്റെ നിറകുടങ്ങളായ ഖുതുബുസ്സമാന്റെ ശിഷ്യഗണം കപട പണ്ഡിതരുടെ വാദഗതികൾ വേരോടെ പിഴുതെറിഞ്ഞു. ആധികാരിക രേഖകളുടെ കുത്തൊഴിക്കിൽ പണ്ഡിത മേധാവിത്വം അവകാശപ്പെടുന്നവരുടെ അധീശത്വം ഒലിച്ച്പോയി. ജന ഹൃദയങ്ങൾ സത്യംഗ്രഹിച്ചു. കേവലം വർഷങ്ങളുടെ പൈതൃകം അവകാശപ്പെടാൻ അർഹതയുള്ള, ഇസ്ലാമിന്റെ പേരിൽ നിലകൊള്ളുന്ന സമസ്ത പോലുള്ള സംഘടനകളുടെ ദുഷ്പ്രചരണങ്ങൾ പ്രാമാണിക വിരുദ്ധമാണെന്നതും കേരളീയ മുസ്ലിം സമൂഹം തിരിച്ചറിഞ്ഞു. സമസ്ത പറഞ്ഞാൽ പിഴക്കില്ലെന്ന് പറഞ്ഞവർ തങ്ങൾക്ക് പിഴവുപറ്റിയെന്ന് സമ്മതിച്ചു. തൗഹീദിന്റെ ദിവ്യാമൃതിനായി ഖുതുസ്സമാന്റെ ആത്മീയ ശിക്ഷണത്തിലേക്ക് ഒഴുകി..

വിജയ രഥ്യയുടെ നായകൻ ഖുതുബുസ്സമാനിലൂടെ മാത്രമേ യഥാർത്ഥ വിജയം വരിക്കാൻ സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ മാനവ സമൂഹം ഖുതുസ്സമാനിലേക്കണഞ്ഞു, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലൂടെ, കടലുകളും മലനിരകളും താണ്ടി ലോകമാകെ മഹാനുഭാവന്റെ സന്ദേശങ്ങൾ അലയടിച്ചു.. കാലം തേടിയ ഉത്ഥാനനായകനെ കിട്ടിയലോകം തൗഹീദിന്റെ ആത്മരസം ഇന്നും നുകർന്ന് കൊണ്ടിരിക്കുന്നു. സംഘടനാ ബാന്ധ

വങ്ങളിൽ കുടുങ്ങി കണ്ണടിച്ചിരുട്ടാക്കുന്നവർ ആ ദിവ്യ പ്രകാശത്തെ അടുത്തറിഞ്ഞു.

ഖുതുബുസ്സമാന്റെ പ്രഖ്യപനത്തിന് ലോകം ആവേശത്തോടെ ചെവിയോർത്തു.

'ഈമാൻ ആഗ്രഹിക്കുന്നവർ വരിക. സ്ഥാനമാനങ്ങൾക്കോ, കസേരകൾക്കോ വേണ്ടി ഞാൻ ആരെയും ക്ഷണിക്കുന്നില്ല. പൂർണ്ണ കലിമ ചൊല്ലി ചിരിച്ച് സന്തോഷവാനായി മരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഞാൻ വഴികാണിക്കും. എന്റെ ഖലീഫമാരുടെ കരങ്ങളിലൂടെയും പരിശുദ്ധമായ ഈ ദൗത്യം നിർവ്വഹിക്കപ്പെടും.'

12-ാം നൂറ്റാണ്ടിൽ ഗൗസുൽ അഅ്ളം അബ്ദുൽ ഖാദിർ ജീലാനി(റ) മുഴക്കിയ പ്രഖ്യാപനത്തിന്റെ തനിയാവർത്തനം. വിജയരഥ്യ പുൽകാൻ ആത്മാർത്ഥമായി അന്വേഷിക്കുന്നവർ, ആഗ്രഹിക്കുന്നവർ; സത്യ സന്ധമായ ഹൃദയമുള്ളവർ, സർവ്വോപരി ഏക ഇലാഹിന്റെ തൗഫീഖ് ഔദാര്യമായി ലഭിച്ചവർ ഈ സന്ദേശത്തെ ഉൾക്കൊള്ളുക തന്നെ ചെയ്യും. അതിന് സ്വന്തം ബുദ്ധി മറ്റുള്ളവരുടെ കാൽച്ചുവട്ടിൽ പണയം വെക്കാതിരിക്കുക. സത്യം മനസ്സിലാക്കാൻ ശ്രമിക്കുക. തീർച്ചയായും ഖുതുബുസ്സമാന്റെ കരങ്ങൾ നിങ്ങളെ വിജയത്തിലെത്തിക്കുക തന്നെ ചെയ്യും.